032:3M95:12 GO DEVIDASAN ACHYUTA MENON

032:3M95:12
GO

032:3M95:12 GO
ACHYUTHA MENON (C.)
Devidasan.

MUL
066582

Madras University Library.

DOCTRINA VIM PROMOVET INSITAM

Call Number 032:3M95:12 GO

Accession Number 66582

Available for loan from

This book should be returned on or before the date last marked below.

14 APR 1943

23 DEC.

12 OCT 1951

23 AUG 1957

O. 61

# ദേവീദാസൻ

Devi Dasan

ചേലനാട്ട് അച്യുതമേനോൻ ബി. എ.

പ്രസാധകൻ

C. Achyuta me

*University Reader in Malayalam*

*Member, Board of Studies in Malayalam, Academic Council &c.*

*University of Madras.*

UNIVERSITY LIBRARY
4 FEB. 1932
MADRAS

മദിരാശി

സി. കുമാരസ്വാമിനായഡു & സൺസ്

1930

രജിസ്റ്റർ ചെയ്തതു്] [വില 12 ണ

Printed at
The 'Caxton Press,'
Madras.

66582

032:3M95:12
G0

# അവതാരിക.

“എന്റെ കഥ„ എന്ന പേരിൽ എന്റെ ഒരാത്മസ്നേഹിതൻ എഴുതിവെച്ച കഥയാണ് “ദേവീദാസൻ„ എന്ന നാമധേയത്തോടു കൂടി ഞാൻ ബഹുജന സമക്ഷം അവതരിപ്പിക്കുന്നത്. കഥയെ സംബന്ധിച്ചേടത്തോളം ഉചിതമെന്നു തോന്നുന്ന മാററങ്ങൾ ചെയ്യാനുള്ള സ്വാതന്ത്ര്യവും അദ്ദേഹം എന്നിൽ സമർപ്പിച്ചിട്ടുണ്ട്. അത് അവലംബിച്ചിട്ടാണ് നായകന്റെ പേര് തന്നെ ഗ്രന്ഥത്തിന്നും കൊടുത്തത്. തന്റെ കഥ വായിക്കുന്നതുകൊണ്ട് ജനസാമാന്യത്തിന്ന് വല്ല പ്രയോജനവും ഉണ്ടാവുമെങ്കിൽ അങ്ങിനെ ആയിക്കൊള്ളട്ടെ എന്നുള്ളതുകൊണ്ട് മാത്രമാണ് അദ്ദേഹം ഈ ഗ്രന്ഥപ്രസിദ്ധീകരണകാര്യം എന്നെ ഏല്പിച്ചിട്ടുള്ളത്. തന്റെ പേരുകൂടി പുറത്തു വരരുതെന്ന് അദ്ദേഹത്തിന്നു ശാഠ്യവുമുണ്ട്, ദേവീദാസൻ എന്നുള്ളതു ഒരു കൃത്രിമ നാമധേയമാണ്.

ഇത് “ആത്മചരിത്ര” (Autobiograpby) രീതിയിലാണ് എഴുതീട്ടുള്ളതെന്നു ഞാൻ എടുത്തുപറയേണ്ടതില്ല. ഇത്തരത്തിലുള്ള ഗ്രന്ഥങ്ങൾ മലയാളത്തിൽ ദുർല്ലഭമായിരിക്കുന്നസ്ഥിതിക്ക് ഈ പ്രസ്ഥാനം മലയാളികൾക്ക് എത്രത്തോളം രുചിക്കുമെന്ന് അറിയേണ്ടതും ആവശ്യമാണല്ലൊ. അതുതന്നെയാണ് ഈ പ്രസാധനംകൊണ്ടു ഞാൻകാര്യമായി ഉദ്ദേശിക്കുന്നതും.

താമസിയാതെ ഈ ഗ്രന്ഥത്തിന്റെ മററുഭാഗങ്ങളും പുറത്താക്കണമെന്നാണ് വിചാരിക്കുന്നത്. വായനക്കാരിൽനിന്നു തക്കതായ പ്രോത്സാഹനമുണ്ടാകുന്നപക്ഷം അതിൽ ഒട്ടും അമാന്തം കാണിക്കുന്നതുമല്ല. സഹൃദയന്മാരുടെ അഭിപ്രായത്തെ സാദരം പ്രതീക്ഷിച്ചുകൊണ്ടു ഈ ഗ്രന്ഥത്തെ അവരുടെ മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

എന്ന്,

പ്രസാധകൻ

UNIVERSITY LIBRARY
4 FEB. 1932
MADRAS

# ദേവീദാസൻ

## 1-ാം അദ്ധ്യായം

### (കുട്ടിക്കാലം)

അന്ന് എന്റെ വീട്ടിൽ ഒരു കുട്ടിയുടെ ആട്ടപ്പിറന്നാൾ ആയിരുന്നു. എന്റെ ചെറിയമ്മക്ക് സാരമായുണ്ടായ ആൺകുട്ടിയുടെ ആണ്ടു തികയുന്ന പിറന്നാളായിരുന്നതുകൊണ്ട് പതിവിലധികം ആഘോഷമാക്കാൻ എല്ലാവരും ശ്രമിച്ചു. ബന്ധുക്കളേയും അടുത്തുള്ളവരേയുംസദ്യക്ക് ക്ഷണിച്ചിട്ടുണ്ടായിരുന്നു.

കോടതി പൂട്ടിയ കാലമായിരുന്നതുകൊണ്ട് അമ്മാമനും അമ്മായിയും മക്കളും പിറന്നാളിന്നു തക്കവണ്ണം എത്തിയിരുന്നു. അമ്മാമന്റെ മൂത്തമകൻ കുഞ്ഞിശ്ശങ്കരനും ഞാനും എല്ലായ്പ്പോഴും ഒന്നിച്ച് എല്ലാടത്തും നടന്ന് ഓരോ വിനോദങ്ങളിൽ ഏപ്പെട്ടുകൊണ്ടിരുന്നു. ഞങ്ങൾ തമ്മിലുള്ള പെരുമാററം ഓരോ സമയത്ത് ഓരോ തരത്തിലാണ്. ചിലപ്പോൾ സ്നേഹിതന്മാരാണ്. ചിലപ്പോൾ കണ്ടാൽമിണ്ടുകപോലുമില്ല. ഈ വ്യവസ്ഥയില്ലായ്മക്ക കാരണം വേറെയൊന്നുമായിരുന്നില്ല. ഞങ്ങൾ

തമ്മിൽ കുറഞ്ഞൊരു കിടമത്സരം ഉണ്ടായിരുന്നു. നാട്ടിൽ പഴകിയ എനിക്ക് എന്റെ കിടക്കാരുടെ ഇടയിൽ ഒരു മേൽക്കോയ്മ സ്ഥാനം ഉണ്ടായിരുന്നത് കുഞ്ഞിശ്ശങ്കരൻ വന്നാൽ അവൻ വകവെക്കാറില്ല—പട്ടണത്തിൽ പരിചയിച്ചവനും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ ഒന്നുരണ്ടടി മുന്നോട്ടുവച്ചവനും ആയ കുഞ്ഞിശ്ശങ്കരന്ന് നാട്ടിലും തന്റെ വയസ്യന്മാരുടെ ഇടയിൽ പ്രാധാന്യം വേണമെന്നായി. പട്ടണത്തിൽ അവന്റെ പദവിയെപ്പററി ഞാൻ ക്ലേശിക്കാറില്ലാത്തതുപോലെ നാട്ടിൽ എനിക്കുള്ള നിലക്ക് അവൻ നിമിത്തം ഹാനി തട്ടാതിരിക്കേണമെന്നായിരുന്നു എന്റെ ശാഠ്യം. ഇങ്ങിനെ ഞങ്ങളുടെ പ്രാധാന്യത്തെപ്പററി മത്സരമില്ലാത്തപ്പോഴെല്ലാം ഞങ്ങൾ നല്ല ചങ്ങാതിമാരാണ്. അല്ലാത്തപ്പോഴെല്ലാം കഴിയുന്നവിധത്തിൽ ശണ്ഠയുമാണ് പതിവ്. വക്കീലായിരുന്ന അമ്മാമന്ന് ഒരു ന്യായാധിപന്റെ നിലയിൽ ഞങ്ങളുടെ കേസ്സ് പലപ്പോഴുമായി വിചാരണ ചെയ്യേണ്ടിവന്നിട്ടുണ്ട്. ഇതുവരെ വിധിപറഞ്ഞതെല്ലാം എനിക്കു വിപരീതമായിട്ടുതന്നെയാണ്. അതിന്നു കാരണം അമ്മാമന് മകനിലുള്ള പക്ഷപാതമോ മരുമകന്റെ സ്വഭാവത്തിലുള്ള അതിരററ ദോഷമോ എന്നു തീർച്ചപ്പെടുത്തുവാൻ എനിക്ക് ഇതുവരെ സാധിട്ടിച്ചില്ല.

അന്നും ഞങ്ങൾതമ്മിൽ ഒരു പിണക്കം വേണ്ടിവന്നു. പിറന്നാളിന്നു ക്ഷണിച്ചുവന്നവരായി അന്ന് അവിടെ പത്തിരുപത്തു് കുട്ടികളുണ്ടായിരുന്നു. കുഞ്ഞിശ്ശങ്കരൻ ഇവ

രുടെ ഇടയിൽ താൻ തന്നെയാണ് പ്രമാണിയെന്നു തെളിയിക്കാനായി പല വിദ്യകളും തുടങ്ങി. ക്ലാസ്സ് മാസ്റ്ററെ ഒരിക്കൽ ശതകം ചൊല്ലിച്ചതും, ഫുട്ടബാൾ കളിക്കുമ്പോൾ രണ്ടുമൂന്നാളെ വീഴ്ത്തിയതും, ഒരിക്കൽ തീവണ്ടിയിൽവെച്ച് ഒരു ശണ്ഠ നടത്തിയതും, ചായഷാപ്പുകാരനോട് ദേഷ്യപ്പെട്ട് കോപ്പ മുതലായവ പുറത്തെറിഞ്ഞതും, എന്നുവേണ്ട ഇങ്ങിനെ പലതും ഈ വകുപ്പിൽ ഉൾപ്പെടുത്തിയിരുന്നു. അവസാനത്തിൽ അവരെല്ലാവരും (കുട്ടികൾ) അവൻ പറയുന്നതുപോലെ കേൾക്കുന്നതായാൽ എല്ലാം ഇഷ്ടംപോലെ സാധിപ്പിച്ചുകൊടുക്കാമെന്നു ഒരു വാഗ്ദത്തവും ഉണ്ടായി. ഈ പ്രസംഗത്തിൻെറ ഉദ്ദേശം മനസ്സിലാക്കിയ എനിക്ക് ഒടുവിൽ പറഞ്ഞത് വെറും പിരട്ടാണെന്നും മനസ്സിലായി. എങ്കിലും ഞാൻ കുറച്ചുനേരം മിണ്ടാതിരുന്നു. സഹിക്കാതായപ്പോൾ ഇങ്ങിനെ ചോദിച്ചു. "കുഞ്ഞിശ്ശങ്കരൻ ഇങ്ങിനെയൊക്കെയാണ് അവിടെ കഴിഞ്ഞുകൂട്ടുന്നതെങ്കിൽ, അമ്മാമൻ വെറുതെ വിട്ടിരിക്കാൻ ഇടയില്ല.

കുഞ്ഞിശ്ശങ്കരൻ—അച്ഛൻ ഇതൊന്നും അറിയില്ല. മാസ്റ്ററോട് ശണ്ഠകൂടിയതിന്നുമാത്രം അച്ഛൻ എന്നെ വിളിച്ച് ശകാരിച്ചു. അല്ലാതെകണ്ട് അടിക്കയൊന്നും ഉണ്ടായില്ല.

ഞാൻ—അത് മററുള്ളതൊക്കെകേട്ടാൽ ഉടനെ ഉണ്ടാവും.

കുഞ്ഞിശ്ശ—എന്താ കേൾപ്പിക്കാൻ ഭാവമുണ്ടോ?

ഞാൻ—എനിക്കുതന്നെ വിശ്വാസമായിട്ടില്ല. എന്നിട്ടു വേണ്ടേ വേറൊരാളോടു പറയാൻ.

കുഞ്ഞിശ്ശ—എന്താ ഞാൻ പറയുന്നതൊക്കെ നൊണയാണെന്നാണോ പറയുന്നത്?

ഞാൻ— അതു ഞാൻ പറയുന്നില്ല. ചിലതൊക്കെ കേട്ടാൽ അങ്ങിനെ തോന്നും.

കുഞ്ഞിശ്ശ —ആഹാ!!

കുഞ്ഞിശ്ശങ്കരനു ദേഷ്യം വന്നു. എന്നെ ഒന്നടിക്കണമെന്നുകൂടി വിചാരിച്ചിരിക്കാം. എന്നാൽ ഒന്നുരണ്ടു തവണ എന്റെ ശക്തി ആ യാറാംക്ക് അനുഭവപ്പെട്ടിട്ടുള്ളതുകൊണ്ട് എഴുന്നില്ക്കാൻ മാത്രമെ ധൈര്യമുണ്ടായുള്ളൂ.

ഞാൻ:—കുഞ്ഞിശ്ശങ്കരൻ ശുണ്ഠിയെടുക്കേണ്ട. നാട്ടിലുള്ളവരായ ഈ കുട്ടികളെല്ലാം വിഡ്ഢിവിഡ്ഢികളാണെന്നു വിചാരിക്കേണ്ട. ഞങ്ങാംക്കും ചില വിദ്യകളൊക്കെയുണ്ട്. പുഴയിലിറങ്ങിയാലും, ആട്ടക്കളും പിടിക്കാൻ വന്നാലും ചിലതൊക്കെ ഞാനും കാണിച്ചുതരാം.

കുഞ്ഞിശ്ശ—ഓ അങ്ങിനെതന്നെ. നമുക്ക് ഊൺകഴിഞ്ഞിട്ട് ഒരാട്ടക്കളം നില്ക്കണം,

അപ്പോഴേക്ക് ഞങ്ങളെ ഉണ്ണാൻ വിളിച്ചു. കുട്ടികറാക്കെല്ലാം വടക്കിനിയിലായിരുന്നു, ഇല വെച്ചിരുന്നത്. ഞങ്ങറാ എല്ലാവരും അവിടെ പോയിരുന്നു. കുഞ്ഞിശ്ശങ്കരൻ ഒരു തലയ്ക്കലും ഞാൻ മറെറാരു തലക്കലു

മായിരുന്നു ഇരുന്നത്. പപ്പടം ഉപ്പേരി മുതലായതെല്ലാം ആദ്ദ്യം വിളമ്പി. ഉടനെ,

കുഞ്ഞിശ്ശങ്ക —എല്ലാവരും എനിക്ക് ഓരോ പപ്പടം തരണം. അല്ലെങ്കിൽ ആട്ടക്കളം നില്ക്കുമ്പോൾ ചിലക്കെല്ലാം തല്ല് ജാസ്തി കിട്ടും.

ഇത് തല്ലിന്ന് പേടിയുള്ളവരെല്ലാം കുഞ്ഞിശ്ശങ്കരൻെറ ഭാഗത്ത് ചേരുവാൻ അവൻ എടുത്തവിദ്ദ്യയായിരുന്നു. അങ്ങിനെ അവൻെറ കൂട്ടത്തിൽ ആളുകൾ ജാസ്തിയുണ്ടായാൽ ആട്ടക്കളം നില്ക്കാൻ കഴികയില്ലെന്നുവിചാരിച്ച് ഞാൻ പിൻമാറും എന്നായിരിക്കണം അവൻ ഓത്തത്.

ഞാൻ—തല്ലുപേടിച്ച് പപ്പടം തരുമെന്ന് വിചാരിക്കേണ്ട. പപ്പടം ഇനിയും വേണമെങ്കിൽ വിളമ്പുന്നാളോട് ചോദ്ദിച്ച് ഞാൻ വാങ്ങിത്തരാം.

കുഞ്ഞിശ്ശ —അതു് എനിക്കായിക്കൂടേ (എന്ന് ഉറക്കെ പറഞ്ഞു.)

ആ സമയത്ത് ചോറും കൂട്ടാനും എല്ലാം എത്തി. വിളമ്പുന്നവരിൽ ചിലർ ഞങ്ങളുടെ കാരണവന്മാരായിരുന്നതുകൊണ്ട്, അവരെ ഭയപ്പെട്ട് തല്ക്കാലം സംസാരം നിത്തി.

ഊൺ കഴിഞ്ഞു ഞങ്ങൾ എല്ലാവരും വിട്ടിൻെറ പടിഞ്ഞാറഭാഗത്തുകൂടി. വീട്ടിന്നു നാലുഭാഗത്തും മുററമുണ്ടായിരുന്നു. ഉമ്മറത്ത് അമ്മാമനും അദ്ദേഹത്തിൻെറ

പല സ്നേഹിതന്മാരും ഉണ്ടായിരുന്നതുകൊണ്ട്, അവിടെ ഞങ്ങളുടെ വിനോദത്തിന്ന് വട്ടം കൂട്ടിയില്ല.

ആട്ടക്കളത്തിന്നായി ഞങ്ങൾ ചേരി പിരിഞ്ഞുനിന്നു. കുഞ്ഞിശ്ശങ്കരന്റെ ഭാഗത്താണ് അധികം കുട്ടികൾ കൂടിയത്. ആദ്യം അവർനിന്നു.

ഞാൻ കളത്തിന്റെ നാലുഭാഗത്തും ഓട്ടം തുടങ്ങി. അടിക്കാൻ ഇടകൊടുക്കാതെ കൈപിടിച്ചു കളത്തിന്റെ പുറത്തേക്കു വലിക്കുകയായിരുന്നു എന്റെ വിദ്യ. രണ്ടു മൂന്നാളെ ഒരു തല്ലുകിട്ടാതെ പുറത്താക്കിയതിന്നു ശേഷം കുഞ്ഞിശ്ശങ്കരനോടടുത്തു. എന്റെ കൂട്ടുകാർ മററുള്ളവരോടും നേർത്തു. കളത്തിന്റെ ഉള്ളിൽ നില്ക്കുന്നവർക്ക് പിടിക്കാൻ വരുന്നവരെ യഥേഷ്ടം തല്ലാമെന്നാണ് നിശ്ചയം. ഉള്ളിൽ നില്ക്കുന്നവർ വരക്കപ്പുറമായാൽ പിന്നെ അടിക്കാനും പാടില്ല. രണ്ടുമൂന്നാളെ ഞാൻ വലിച്ചിട്ടന്നതു കണ്ടപ്പോൾ കുഞ്ഞിശ്ശങ്കരന്ന് ഒരിളക്കം തുടങ്ങി. ഒരടിയെങ്കിലും അടിക്കാതെ പുറത്തുപോകുന്നത് പോരായ്മയാണെന്നും തോന്നിയിരിക്കാം. പോരെങ്കിൽ അന്ന് ഒന്നു രണ്ടു പ്രാവശ്യം ഞാൻ ആയാളുടെ അപ്രീതി സമ്പാദിച്ചിട്ടുമുണ്ട്. ഇതിനെല്ലാം പകവീട്ടാൻ വേറൊരു അവസരം കിട്ടുകയില്ലെന്നും അവന്നു ബോദ്ധ്യമായിരിക്കണം. അവൻ തിരിഞ്ഞു തിരിഞ്ഞ് കൈവീശാൻ തുടങ്ങി. കൊണ്ടാൽ നല്ലവണ്ണം ഊക്കിലായിരിക്കേണമെന്നു കരുതി കൈവീശിയിരുന്നത് തനിക്കുള്ള ശക്തിയൊക്കെ കൂട്ടീട്ടായിരുന്നു. ഇങ്ങിനെകുറെ വീശിയപ്പോൾ അവന്റെ

കൈ കുഴഞ്ഞു. ആ തഞ്ചംനോക്കി ഞാൻ അവനെ വലിച്ചു പുറത്താക്കി. അടിക്കാൻ തരമാവാത്തതിലുള്ള ഈൎഷ്യയോടുകൂടി എന്റെ കൈക്ക് അവൻ കടിച്ചു. ഞാൻഉടനെ അവന്റെ കഴുത്ത് പിടിച്ച് ഞെക്കി വിട്ടുവിച്ചു. അപ്പോഠം അവൻ ഉറക്കെ കരഞ്ഞു. കരച്ചൽ കേട്ട് അമ്മാമൻ പടിഞ്ഞാറെഭാഗത്തു വന്നു. "ദേവിദാസൻ എന്റെ കഴുത്ത് ഞെക്കി കൊല്ലാറാക്കി." എന്നു പറഞ്ഞ് ഒന്നുകൂടി നിലവിളിച്ചു. അമ്മാമൻ ഓടിവന്നു. "എടാ കഴുതെ നീ എന്താ ചെയ്യുത്" എന്നു ചോദിച്ചു

ഞാൻ —എന്റെ കൈക്ക് കുഞ്ഞിശ്ശങ്കരൻ കടിച്ചപ്പോഠം ഞാൻ കഴുത്ത് പിടിക്കയുണ്ടായി. അതു കടി വിടാനാണ്. അവൻ കടിച്ച കടികണ്ടോ? എന്നു മറുവടി പറഞ്ഞ് ഞാൻ എന്റെ കൈകാണിച്ചു കൊടുത്തു. മുറിയിൽനിന്നു രക്തം വന്നുണ്ടായിരുന്നു. അമ്മാമൻ അതൊന്നും നോക്കാതെ "എന്നാൽ കഴുത്ത് ഞെക്കാൻപാടുണ്ടോ നായെ?" എന്നു പറഞ്ഞ് കയ്യിലുണ്ടായിരുന്ന വടികൊണ്ട് എൻകാലിന്റെ ഞെരിയാണിക്ക് നാലഞ്ചടി അടിച്ചു. എനിക്ക് വല്ലാതെ വേദനിച്ചു. ഞാൻ അവിടെ ഇരുന്ന് കരയാനും തുടങ്ങി. മററു കുട്ടികളെല്ലാം അവിടം വിട്ടുപോയി. അമ്മാമൻ കുഞ്ഞിശ്ശങ്കരനേയുംകൊണ്ടു പോവുകയും ചെയ്തു. എന്റെ അമ്മ ഇതെല്ലാം മുകളിൽനിന്നു കാണുന്നുണ്ടായ

രുന്നു. എല്ലാവരും പോയശേഷം എൻെറ അമ്മ അരികത്തു വന്നു "വികൃതിക്കൊന്നും പോവരുത് എന്നു എത്ര പറഞ്ഞാലും കേൾക്കില്ല. ഇപ്പോൾ അമ്മാമൻെറ കയ്യിൽനിന്ന് നല്ലവണ്ണം കിട്ടിയില്ലെ സമ്മാനം, ഇനി പോരെ" എന്നു പറഞ്ഞ എന്നെ വലിച്ചു. അടികൊണ്ട ഭാഗം വീങ്ങിയിരുന്നതിനാൽ എനിക്ക് നടക്കാൻ സാധിച്ചില്ല. "കൊല്ലത്തിൽ ഒരു കുറി വന്ന് ഇങ്ങിനെയൊന്ന് സമ്മാനിച്ചാൽ മതി അമ്മാമൻ. ഇനി ഇതിന്നു ചികിത്സിക്കാൻ തുടങ്ങല്ലേ വേണ്ടു" എന്ന് പിറുപിറുത്തു. ആ സമയം അമ്മായി പടിഞ്ഞാറുഭാഗത്തിന്ന് തൊട്ടുള്ള മുറിയിൽനിന്ന് അമ്മ പിറുപിറുത്തുകേട്ടു.

## 2-ാംഅദ്ധ്യായം

### (വിദ്യാരംഭം)

എന്നെ മുകളിൽ കൊണ്ടുപോയി കിടത്തി. വേദന മാറാൻ കുറെനേരം കാലിന്മേൽ ഒരു കുഴമ്പു പുരട്ടി അമ്മ ഉഴിഞ്ഞു തന്നു. സന്ധ്യയായപ്പോൾ എനിക്ക് എന്തെങ്കിലും കഴിക്കാൻ കൊണ്ടുവരാമെന്നു പറഞ്ഞു അമ്മ താഴത്തേക്കു പോയി. ആ സമയം അമ്മായി ഞാൻ കിട

ക്കുന്ന മുറിയിൽവന്ന് എൻെറ കാൽ വീങ്ങിയ ഭാഗത്ത തൊട്ടുനോക്കി.

"ദേവീദാസന്ന് വല്ലാതെ വേദനിക്കുന്നുണ്ടോ. അമ്മായി കുറച്ചു ഉഴിഞ്ഞുതരാം." എന്ന് പറഞ്ഞ് എൻെറ അരികത്തിരുന്നു.

അമ്മായി — എന്തിനെ അമ്മാമൻ ഇങ്ങിനെ അടിച്ചതു്.

ഞാൻ — അമ്മായി എല്ലാം താഴത്തെ തെക്കെ അറയിൽ നിന്നു കണ്ടിട്ടുണ്ടല്ലോ. പിന്നെ ഞാനെന്തിനാണ് പറയുന്നത്.

അമ്മായി— എന്താചെയ്യാ. കുഞ്ഞിശ്ശങ്കരൻെറ വികൃതി സഹിക്കാൻ വയ്യാതായിത്തുടങ്ങി. അമ്മായി അവന്ന് നല്ല കണക്കിലൊന്ന് കൊടുത്തിട്ടുണ്ട്.

ഞാൻ—എനിക്ക് അമ്മാമൻ അടിച്ചതിലല്ല വ്യസനം. എന്നെ മാത്രം കുററക്കാരനാക്കി ശിക്ഷിച്ചില്ലെ. എനിക്ക് കുഞ്ഞിശ്ശങ്കരൻെറ കടിയുംകിട്ടി, അമ്മാമൻെറ അടിയുംകിട്ടി.

അമ്മായി—ആട്ടെ ദേവീദാസന്ന് സങ്കടംവേണ്ട. ഞാൻ അമ്മാമനോട് വാസ്തവമെല്ലാം പറഞ്ഞ് കുഞ്ഞിശ്ശങ്കരൻെറ കുറുമ്പ് മാററിക്കാം.

ഞാൻ — അതൊന്നുംവേണ്ട. അവനെ ഇനി എന്തിനാ വെറുതെ അടിക്കുന്നത്. ഞങ്ങൾ കളിക്കുമ്പോൾ ഇങ്ങിനെയൊക്കെ ഉണ്ടാവാറുണ്ട്. അതുകൊണ്ടു

ഞങ്ങൾ തമ്മിൽ മുഷിച്ചിലൊന്നും ഉണ്ടാവാറില്ല. തമ്മിൽ കണ്ടാൽ പിന്നേയും ഞങ്ങൾ ചങ്ങാതിമാരാണ്.

അമ്മായി — ഞാനൊന്നു ചോദിക്കട്ടെ. ദാസൻ കോടതി തുറന്ന് ഞങ്ങൾപോകുമ്പോൾ ഞങ്ങളുടെ കൂടെ കോഴിക്കോട്ടേക്ക് വരുന്നുവോ? പഠിക്കാൻ മോഹമുണ്ടോ? ഉണ്ടെങ്കിൽ ഞാൻ അമ്മാമനോടു പറയാം.

ഞാൻ — എനിക്കു മോഹം ധാരാളമുണ്ട്. പക്ഷെ എന്താ ചെയ്യാ. എന്റെ അച്ഛന്റെ കയ്യിൽ പണമില്ലത്രെ. അമ്മാമന്ന് ഒരു ദയ തോന്നിയാൽ നന്നായിരുന്നു. എന്റെ വലിമാമ (വലിയ അമ്മാമ) മരിച്ചില്ലെങ്കിൽ — ഇത്രയുമായപ്പോഴേക്ക് എന്റെ കണ്ണിൽ വെള്ളം നിറഞ്ഞു.

അമ്മായി — ദാസൻ കരയണ്ട. വലിയമ്മാമൻ എത്ര നല്ല ആളായിരുന്നു. അദ്ദേഹം ഇരുന്നെങ്കിൽ ഈ തറവാട്ടിലേക്കുതന്നെ എന്തെല്ലാം ഗുണങ്ങളുണ്ടാവുമായിരുന്നു. നമ്മുടെ ദൌർഭാഗ്യം — അമ്മാമൻ കുളിച്ചുവന്നുവെന്നു തോന്നുന്നു. ഞാൻ അങ്ങോട്ടു പോകട്ടെ.

അപ്പോഴേക്ക് അമ്മ വന്നു. അമ്മായിയെ കണ്ടപ്പോൾ

അമ്മ — എന്താ ചെയ്യാ അമ്മായി! ഈ ചെക്കൻ വെറുതെ ഇരിക്കയില്ല. അമ്മാമൻ ചെയ്തതു വളരെ നന്നായി. അത്ര പോരെന്നുണ്ടായിരുന്നു എനിക്ക്

അമ്മായി—അങ്ങിനെ പറയരുതെ. കുട്ടികളാവുമ്പോൾ അങ്ങിനെയൊക്കെയിരിക്കും. ഞാൻ അമ്മാമനെത്തന്നെയാണ് കാറം പറയുക. കയ്യിൽ കിട്ടിയതുകൊണ്ടൊക്കെ കുട്ടികളെ അടിക്കേ-വല്ല കേട്ടും പററിയാലൊ, ദ്വേഷ്യം വന്നാൽ പിന്നെ കണ്ണും മൂക്കും ഇല്ല. കുഞ്ഞിശ്ശങ്കരനേയും ഞാൻ വെറുതെ വിട്ടിട്ടില്ല. നല്ല കണക്കിൽ കൊടുത്തിട്ടുണ്ട്. അതാണ് ഇപ്പോൾ പുറത്തു കാണാത്തത്. ഞാൻ ഇത്തിരി കഴിഞ്ഞിട്ടുവരാം. ഈറൻ മാറാൻ കൊടുക്കട്ടെ.

അമ്മായിയെപ്പററി വായനക്കാരോട് രണ്ടുവാക്ക് ഈ ഘട്ടത്തിൽ പറയുന്നത് ആവശ്യമാണെന്ന് തോന്നം. മരുമക്കത്തായത്തിന്ന് വല്ലദോഷങ്ങളുമുണ്ടെങ്കിൽ അവയെ പത്തിരട്ടി വദ്ധിപ്പിക്കുന്നതിന്ന് "പഞ്ചതന്ത്രങ്ങളും" ഉപയോഗിക്കുന്ന അമ്മായിമാരേയാണ് നമുക്ക് അധികം പരിചയമുള്ളത്. എന്റെ അമ്മായിയുടെ സ്വഭാവം ഈ തരത്തിലുള്ളതല്ല. ഭർത്താവിന്റെ വീട്ടിലുള്ളവരെ ഏഷണി പറഞ്ഞ് തമ്മിൽ തല്ലിക്കുക, "തലയണമന്ത്രം" ജപിച്ച് ഭർത്താവിനേയും അദ്ദേഹത്തിന്റെ വീട്ടുകാരേയും എന്നെന്നേക്കുമായി അകററുക, ഭർത്താവിന്റെ സമ്പാദ്യം കഴിയുന്നതും തനിക്കാക്കുവാനായി ശ്രമിക്കുക, എന്നീ അപരാധങ്ങൾ മിക്ക തറവാടുകളിലും അമ്മായിയെ സംബന്ധിച്ചേടത്തോളം രേഖപ്പെടുത്താവുന്നതാണ്. എന്റെ അമ്മായിക്ക് ഈവകയൊന്നിലും

പങ്കില്ലെന്നു മാത്രമല്ല അമ്മാമനേയും വീട്ടുകാരേയും കഴിയു ന്നവിധം യോജിപ്പിച്ചു കൊണ്ടുപോകുവാനുള്ള ശ്രമം സദാ ചെയ്യാറുമുണ്ട്. കോടതി പൂട്ടിയ കാലത്ത് അമ്മാമന്റെ കൂടെ വന്നാൽ ഞങ്ങൾക്കൊക്കെ ബഹുസുഖമാണ്. വ രുമ്പോൾതന്നെ ഞങ്ങൾക്കൊക്കെ പല സമ്മാനങ്ങളും കൊണ്ടുവന്നുതരും. പോകുന്നതിന്നു മുമ്പായി എന്റെ അമ്മക്കും അവിടെ ബാക്കിയുള്ള സ്ത്രീകൾക്കും ജാക്കററിന്നു ശീലയായിട്ടും വിചിത്ര സാമാനങ്ങളായിട്ടും പലതും കിട്ടാ റുണ്ട്. അതുകൊണ്ട് കോഴിക്കോട്ടെ അമ്മാമന്റെ * അമ്മായി വരുന്നത് എന്റെ വീട്ടിലുള്ള എല്ലാവരും കാ ത്തിരിക്കുകയാണ് പതിവ്. ഞങ്ങളുടെ തറവാട്ടിലുള്ള ഓരോരുത്തൎക്കും ഇന്നിന്ന സാധനങ്ങളാണു അധികം ഇഷ്ട മെന്നു അമ്മായിയേപ്പോലെ അതാതാളുകൾതന്നെ അ റിയുമോ എന്നു സംശയമാണ്. കുട്ടികളുടെ കുപ്പായം കീറുകയൊ മറേറാ ഉണ്ടായാൽ "ഇനി അമ്മായി വരുന്ന തു വരേയല്ലെ കാക്കേണ്ടു" എന്ന് എന്റെ തറവാട്ടിലുള്ള സ്ത്രീകൾ സാധാരണ പറയാറുണ്ട്. അന്ന് ഞങ്ങൾക്ക് കാൎയ്യമായിരുന്ന അമ്മായിയും വക്കീലമ്മാമന്റെ ഭാൎയ്യ തന്നെയായിരുന്നു. "പഴയത്തിലെ അമ്മായി കരിഞ്ഞിട്ടും

---

* അമ്മാമൻ പണിയെടുക്കുന്ന സ്ഥലത്തിന്റെ പേരുംകൂട്ടി അ മ്മാമനെ വിളിക്കുന്നത് ചിലദിക്കിൽ സാധാരണയാണ്. മദിരാശി പണിയെടുക്കുന്ന അമ്മാമൻ—മദിരാശി അമ്മാമൻ, നീലഗിരിയാ ണെങ്കിൽ —നീലഗിരിയമ്മാമൻ, ഇങ്ങിനെ പറയാറുണ്ട്.

പ്പെകഞ്ഞിട്ടും" എന്നുള്ളചൊല്ല് ഭവാനി (അമ്മായിയുടെ പേർ.) അമ്മായിക്കു ബാധകമല്ല. അമ്മായിയുള്ള പ്പോൾ അവിടെ പിറന്നാൾ മുതലായ വല്ല വിശേഷ വിധികളും ഉണ്ടായാൽ അമ്മാമനോടു പറഞ്ഞ് തറവാട്ടു വക കൂടാതെ പ്രത്യേകമായി ചിലവു ചെയ്യിച്ച് സദ്യ വളരെ കേമമാക്കും. അമ്മായിയുടെ ദാക്ഷിണ്യത്തിൻെറ ഒരുദാഹരണം എൻെറ മുമ്പിൽ വെച്ചുണ്ടായത് ഇവിടെ വിവരിക്കാതിരിപ്പാൻ എനിക്കു മനസ്സു വരുന്നില്ല. ഒരിക്കൽ അമ്മാമനും കുട്ടികളും കോഴിക്കോട്ടേക്കു പോകുന്നതിന്നു മുമ്പായി ഞങ്ങളുടെ നാട്ടിലുള്ള ഗ്രാമസ്കൂൾ തുറന്നു. അന്നുതന്നെ ഇൻസ്പെക്ടർ പരിശോധനക്കു വരുമെന്നു കേൾക്കയാൽ കുട്ടികളെല്ലാവരും "ശുഭ്രവസ്ത്രാലങ്കാരാ"ദികളോടുകൂടി വരേണമെന്ന് രണ്ടു ദിവസം മുമ്പുതന്നെ ഹേഡ്മാസ്റ്റർ ശിപായിമുഖാന്തരം കുട്ടികളെയെല്ലാം അറിയിച്ചിരുന്നു. അവിടെനിന്നു പോകുന്ന കുട്ടികളെയെല്ലാം മോടിയോടുകൂടി അയക്കാനായി അമ്മമാക്ക് അത്യുത്സാഹമായി. എല്ലാവരിലും വെച്ച് മൂത്തവൻ ഞാനായിരുന്നതുകൊണ്ട് എല്ലാവരേയും കൊണ്ടുപോകേണ്ടുഭാരം എനിക്കായിരുന്നു. കുട്ടികൾ മിക്കവരും പുറപ്പെട്ടു. ചിമ്മണ്ണിച്ചെറിയമ്മയുടെ കുട്ടിയെമാത്രം കൂട്ടത്തിൽ കണ്ടില്ല. ഞാനന്വേഷിച്ച് അകത്തു ചെന്നപ്പോൾ മററു കുട്ടികൾക്കുള്ളതുപോലുള്ള കുപ്പായവും മുണ്ടും കിട്ടാത്തതുകൊണ്ട് ആ കുട്ടി അമ്മയുടെ മുമ്പിൽ ശാഠ്യം പിടിച്ചു നില്ക്കുന്നതു

കണ്ടു. ആ കുട്ടിയുടെ അച്ഛൻ പണക്കാരനല്ലാത്തതു കൊണ്ട് കുപ്പായമൊന്നും ആ കുട്ടിക്ക് വാങ്ങികൊടുത്തിട്ടുണ്ടായിരുന്നില്ല. വെറും മുണ്ടു ചിറ്റിട്ടേ ആ കുട്ടി സ്കൂളിൽ പോകാറുള്ളു. അതും ഇതും വേണമെന്നുപറഞ്ഞ് ശാഠ്യം പിടിക്കുന്നപതിവും ഉണ്ടായിരുന്നില്ല. അന്നേരത്തോ കുപ്പായംവേണമെന്നായി. കുട്ടിയുടെ ശാഠ്യം കാണുന്തോറും അമ്മക്ക് വ്യസനവുംതുടങ്ങി. അച്ഛൻവന്നാലുടനെ ഒരു കുപ്പായം വാങ്ങികൊടുക്കാമെന്നൊക്കെ പറഞ്ഞിട്ടും കുട്ടി അടങ്ങുന്നില്ല. അവിടെയുള്ള മററു സ്ത്രീകൾക്കാർക്കും ഈ കുട്ടിയുടേയും അമ്മയുടേയും സങ്കടംകണ്ടിട്ട് യാതൊരു ഭാവഭേദവും ഉണ്ടായില്ല. തങ്ങളുടെ കുട്ടികൾക്ക് ഡസൻ കണക്കായി ചെറു കുപ്പായങ്ങൾതുന്നി പെട്ടിയിൽ സൂക്ഷിച്ചു വെച്ചിട്ടുള്ളവർ അവിടെ ധാരാളമുണ്ടായിരുന്നു. ആ സമയം പത്തായപ്പുരയുടെ മുകളിലായിരുന്ന അമ്മായി ഉടനെ വന്നു. കുട്ടിയെ കൂട്ടിക്കൊണ്ടുപോയി തന്റെ കുട്ടികൾക്ക തുന്നിവെച്ചിട്ടുള്ളതിൽനിന്ന് ആ കുട്ടിക്കു പാകമായിട്ടുള്ള ഒരു കുപ്പായംനോക്കിയെടുത്തുകൊടുത്ത് അവനെ സമാധാനമാക്കി. അതു കണ്ടപ്പോൾ അവിടെയുള്ള തറവാട്ടമ്മമാർക്കെല്ലാം കുറഞ്ഞൊരു ലജ്ജയുണ്ടായി എന്നുള്ള വാസ്തവം മറച്ചുവെക്കത്തക്കതല്ല. ഈ സംഭവത്തിന്നുശേഷം ചിമ്മുണ്ണിച്ചെറിയമ്മ അമ്മായിവന്നാൽ അവരെ പിരിയാതെയായി. അമ്മായിയുടെ ഗുണങ്ങൾ ഒന്നിനുപത്താക്കി എല്ലാവരോടും പറവാനും തുടങ്ങി.

അന്നുരാത്രി അമ്മാമനും അമ്മായിയുംകൂടി താഴെ പറയുന്നപ്രകാരം ഒരു സംഭാഷണമുണ്ടായിയെന്നു ഞാൻ പിന്നീട് അറിഞ്ഞു.

അമ്മായി— പിന്നെ, കുട്ടികളെ തല്ലുന്നകാര്യത്തിൽ കുറെ സൂക്ഷിക്കണമെന്ന് ഞാൻ എത്ര കുറിയായി പറയുന്നു. കണ്ടില്ലെ ആ ദേവീദാസൻ കാലുവീങ്ങി കിടക്കുന്നത്. എത്രയായാലും ആ കുട്ടിയുടെ അമ്മക്ക് സുഖമാവോ. പിന്നെ തരക്കേടില്ല, സകല അന്വേഷണവും ഇവിടെയാണെങ്കിൽ ഇങ്ങിനെയുള്ളശിക്ഷകൾ കണ്ടു സഹിച്ചുവെന്നു വന്നേക്കും. അതൊന്നുമൊട്ടില്ലതാനും. എനിക്കാണെങ്കിൽ ഇവിട്ടത്തെ പ്പററി ആരെങ്കിലും ഒന്നു പിറ പറകുന്നതു കേൾക്കാനിടവന്നാൽ പിന്നെ അതുതന്നെ ഒരാധിയായി.

അമ്മാമൻ— എന്താ അവൾ വല്ലതും പറകയുണ്ടായോ?

അമ്മായി—ഉണ്ടെങ്കിൽതന്നെ ഞാൻ കേൾക്കേപറയോ. എണീക്കാൻ വയ്യാതാകത്തക്കവണ്ണം ഒരു കുട്ടിയെ ഭേദ്യം ചെയ്യുമ്പോൾ എത്രയായാലും പെററതള്ളക്കു സഹിക്കയില്ല. കനകം വാരിച്ചൊരിയുന്ന അച്ഛനായാൽകൂടി നാലുവാക്ക് അമ്മ കടന്നു പറയാതിരിക്കയില്ല. പിന്നെ കൊല്ലത്തിലൊരിക്കൽ കാണുന്ന അമ്മാമനാണെങ്കിൽ നൊക്കണൊ.

അമ്മാമൻ— അപ്പോഴത്തെ ദേഷ്യത്തിന്ന് അടിച്ചു

വെന്നേയുള്ളൂ. പിന്നെ എനിക്കുതന്നെ വല്ലാതെയായി അവൻെറ കാല്യ വല്ലാറെ വീങ്ങീട്ടുണ്ടോ ?.

**അമ്മായി**—എന്നാൽ അവിടെവെച്ചുതന്നെ കുഞ്ഞിശ്ശങ്കരനും രണ്ടു കൊട്ടുകൊടുക്കായിരുന്നില്ലേ? എൻെറ അന്വേഷണത്തിൽ അവനൊന്ന് വലിയ കുററക്കാരൻ. സ്വന്തം കുട്ടിയായതുകൊണ്ട് അവനെ ഒന്നും ചെയ്യില്ല എന്നല്ലേ മററുള്ളോൎക്കുതോന്നൂ.

അമ്മാമൻ കുണ്ഠിതത്തോടുകൂടി മൌനം ഭാവിച്ചു.

**അമ്മായി**—ആട്ടെ ഞാനൊന്നു പറയട്ടെ. ദാസനെ നോക്ക് കോഴിക്കോട്ടേക്ക് കൊണ്ടുപൊവ്വാ. നല്ല ബുദ്ധിയുള്ള കുട്ടിയാണത്രെ. നമ്മുടെകൂടെനിന്ന് പഠിക്കട്ടെ. അവൻ സംസാരിക്കുന്നതു കേട്ടാൽ ആൎക്കാ കൌതുകം തോന്നും, അങ്ങിനെ ചെയ്യാൽ ദാസൻെറ അമ്മക്കു കുറച്ചെങ്കിലും ഒരു സമാധാനമുണ്ടാവും.

**അമ്മാമൻ**—ഓ അങ്ങിനെ ആവാം.

പിറേറദിവസം എൻെറ അമ്മയെ വിളിച്ച് എന്നെ അക്കരിപോകുമ്പോഠം കൂടെ കൊണ്ടുപോകുന്നുവെന്നും, എനിക്ക് പഠിക്കാവുന്നേടത്തോളം പഠിപ്പിക്കാനൊരുക്കമാണെന്നും, അമ്മാമൻ പറഞ്ഞു.

# 3-ാം അദ്ധ്യായം

## (യാത്രാവചനം)

എനിക്കു നല്ലവണ്ണം നടക്കാറാവാൻ കുറെദിവസം കൂടി വേണ്ടിവന്നു. അപ്പോഴേക്ക് അമ്മാമന്റെ കോടതിയും തുറക്കാറായി. യാത്രയുടെ രണ്ടുദിവസംമുമ്പ് ഒരിക്കൽ അമ്മായി എന്റെ അമ്മയുടെ മുറിയിൽ വന്നു. കൂടെ അമ്മായിയുടെ മകൾ നാണിക്കുട്ടിയും ഉണ്ടായിരുന്നു. ഞാനും അപ്പോൾ അവിടെ ഉണ്ടായിരുന്നു. എനിക്കു നാണിക്കുട്ടിയെ മുമ്പുതന്നെ വലിയ ഇഷ്ടമാണ്. അവൾക്കു എന്നേയും അങ്ങിനെ തന്നെ. അവൾക്കു അക്കാലത്ത് ആറേഴു വയസ്സായിട്ടുണ്ടായിരിക്കണം. അവൾ അവിടെയുള്ളപ്പോൾ അവൾക്കു മുല്ലപ്പൂവും, പനിനീർപൂവും, ഞാൻ എത്രയാണു കൊടുക്കാറുള്ളതു എന്നു കണക്കില്ല. അതെല്ലാം അമ്മയുടെ കയ്യിൽ കൊണ്ടുപോയി കൊടുത്ത് മാലയാക്കി, കഴുത്തിലിട്ടുംകൊണ്ടു അവൾ നടക്കുന്നതു കണ്ടാൽ ആർക്കും ഒന്നെടുത്ത മടിയിൽ വെക്കാൻ തോന്നാതിരിക്കയില്ല. മാല വല്ലവരും തൊടുകയൊ, കേടുവരുത്തുകയോ, ചെയ്യുമ്പോൾ പിന്നെ അവൾക്കുള്ള വ്യസനം പറഞ്ഞറിയിക്കാൻ പ്രയാസമാണ്. അതു കാണുമ്പോൾ എനിക്കുള്ള വ്യസനവും കുറച്ചല്ല. ഉടനെ ഞാൻ രണ്ടാമതും പൂക്കൾ കൊണ്ടുവന്നു അമ്മായിയെക്കൊണ്ടു മാലകെട്ടിച്ചു അവൾക്കുകൊടുക്കും.

അപ്പോൾ അവൾക്കുണ്ടാവാറുള്ള സന്തോഷവും ചില്ലറ യല്ല. വല്ലതും അവൾക്കു തിന്മാനോ മറേറാ കിട്ടിയാൽ ഉടനെ എൻെറ അരികത്തുവന്നു, അതെല്ലാം എൻെറ മുമ്പിൽവെക്കും. ഞാൻ ഒന്നും വേണ്ടെന്നു പറഞ്ഞാലും അവൾ പോകില്ല—എന്തെങ്കിലും എടുത്ത് എൻെറ വായിൽ തിരുകും. ഇങ്ങിനെ ഞങ്ങൾ തമ്മിലുള്ള പെരു മാററം കണ്ടിട്ട് അമ്മായിത്തന്നെ ഒരിക്കൽ "ഇവിടെ വന്നാൽ പിന്നെനാണിക്കുട്ടിയുടെകാര്യം ഞാൻ അന്വേ ഷിക്കേണ്ടതില്ല. എല്ലാം ദാസൻ ചെയ്തുകൊള്ളും" എന്നുപറയുകയുണ്ടായിട്ടുണ്ട്.

ഞാൻ കിടപ്പായതിന്നുശേഷം എൻെറ മുറിയിൽ ഒരു ദിവസം ചുരുങ്ങിയത് പത്തു പ്രാവശ്യമെങ്കിലും അവൾ വരാതിരിക്കുകയില്ല. ചിലപ്പോൾ അമ്മായിയും കൂടെയുണ്ടാവും. ചിലപ്പോൾ അവൾ തന്നെ യാവാനും മതി. എന്നാൽ എനിക്കു എന്തെങ്കിലും തിന്മാൻതരും. "കാല് വേദനിക്കുന്നുണ്ടോ" എന്ന് മനസ്സലിയത്തക്കവി ധം ചോദിച്ച്, ഒന്നു തലോടുകയും ചെയ്യും. ഇടയ്ക്ക് ഞാൻ "നാണിക്കുട്ടിക്കു പൂവൊന്നും കിട്ടിയില്ലെ, മാലയിടാതെ നാണിക്കുട്ടിയെ കാണുമ്പോൾ അഭംഗിതോന്നുന്നു, അമ്മാ യി" എന്നു പറയാറുണ്ട്. അതിന്നു 'ദാസേട്ടനു വയ്യ ല്ലൊ. പിന്നെ ആരാ എനിക്കു പൂവ്വ് കൊണ്ടത്തരാൻ' എന്നു അവൾ മറുവടിയും പറയും. അന്നും അങ്ങിനെ ഒരു ചോദ്യം ചോദിച്ചു. ഉടനെ അവൾ "ദാസേട്ടൻ

വയ്യാതെ കിടക്കുമ്പോഴും ഞാൻ മാലയും അണിഞ്ഞു. നടക്കുവാൻ പാടുണ്ടോ. എനിക്കു വല്ലാത്ത സങ്കടം" എന്നു പറഞ്ഞു.

ഞാൻ— ആട്ടെ, ദാസേട്ടനു നടക്കാറായാൽ ഇതിനൊക്കെ പകരം വീട്ടിത്തരാം. അന്ന് നാണിക്കുട്ടിയെ പൂവുകൊണ്ട് മൂടിക്കളയാം.

നാണിക്കുട്ടി.—അതൊന്നുംവേണ്ടാ. ഇതുവരെ ഏട്ടൻ പൂക്കൾ എനിക്കു തന്നില്ലേ. ഇനി ഞാൻ ദാസേട്ടന്ന് തരാം. മാലകെട്ടീട്ടുതന്നെ തരാം.

ഇതു അമ്മായിയും എന്റെ അമ്മയും കേട്ടു. അമ്മായി നേരംപോക്കായി "എന്താ മകളെ ! നീ ദാസേട്ടനെ മാലയിടാൻ ഭാവമുണ്ടോ." എന്നു ചോദിച്ചു.

നാണി — എന്താ എനിക്ക് മാലയിടാൻ പാടില്ലെ !- കുട്ടിയേടത്തി ഇന്നാളെന്താചെയ്യത് ? ഗോവിന്ദേട്ടൻ പൂവ് കൊടുത്തപ്പോൾ ഏടത്തിയും കൊടുത്തു. ഗോവിന്ദേട്ടൻ മാലയിട്ടപ്പോൾ ഏടത്തി അങ്ങോട്ടും ഇട്ടു. എനിക്കും അങ്ങിനെ പാടില്ലെ ?

അമ്മായി— ഓഹോ ! ദാസേട്ടന്നു സമ്മതമുണ്ടെങ്കിൽ,

നാണി — എന്താ ദാസേട്ടാ, ഞാൻ ഏട്ടനെ മാലയിടട്ടെ-

ഞാൻ —എത്ര മാല വേണമെങ്കിലും ഇട്ടോളൂ — ഇതുകേട്ടപ്പോൾ അമ്മ "കേട്ടില്ലെ! അമ്മായി! കുട്ടികൾക്കു ഇപ്പോൾതന്നെ മാലയിടേണ്ടകൂട്ടമേയുള്ളു. യോഗം എങ്ങിനേയാണാവോ ? " എന്ന് തന്നെപറഞ്ഞു

അപ്പോഠം—അവക്കു അങ്ങിനെ മനസ്സുണ്ടെങ്കിൽ അപ്പോഠം യോഗവും ഉണ്ടാകും.”

എന്നുംപറഞ്ഞു അമ്മായി നാണിക്കുട്ടിയോട്ടുകൂടി പത്തായപ്പുരയിലേക്കു പോയി. എന്റെ മനസ്സും അവരോട്ടുകൂടിപോയി. നാണിക്കുട്ടിയുടെ മുഖത്ത് കുറച്ചുദിവസമായി നല്ല പ്രസാദം ഉണ്ടെന്നു പറഞ്ഞുകൂടാ. അവഠംക്കു പൂവ് കൊട്ടക്കാൻ ആരും ഇല്ലാത്തതുകൊണ്ടുള്ള കുണ്ഠിതമായിരിക്കാം അതിന്നു കാരണം. അവളുടെ ദാസേട്ടനെ അച്ഛൻ ഇങ്ങിനെ ശിക്ഷിച്ചതിലും അവഠംക്കു തൃപ്തിയുണ്ടാവാനിടയില്ല, എന്നോട്ടു മാലയിടട്ടെ എന്നു ചോദിച്ചപ്പോഠം കിടന്നിരുന്ന ഞാൻതന്നെ എഴുന്നേററിരുന്നു. അമ്മാമൻ പഠിപ്പിക്കാമെന്നു പറഞ്ഞപ്പോഴുണ്ടായ സന്തോഷം പോലെ ഒരു സന്തോഷവും എനിക്കുണ്ടായി. ആ സന്തോഷത്തിന്റെ അടികാണുവാൻ എനിക്കോ അവഠംക്കോ അന്നുശക്തിയുണ്ടായിരുന്നില്ല. എങ്കിലും ഞാൻ സന്തോഷിച്ചു. കിടത്തിയപാട്ടിൽ കിടക്കുന്ന പച്ചക്കുട്ടികഠം മേല്പോട്ടു നോക്കിക്കൊണ്ടു എന്തിന്നുവേണ്ടിയോ കരയുന്നസമയം അമ്മയുടെ കരസ്പൎശമേല്ക്കുമ്പോഠം താനെ കരച്ചൽ നിൎത്തുന്നു. പെററ വീണ തന്റെ കുട്ടിയെ ആരെങ്കിലും എടുത്തുകൊണ്ടു പോകുമ്പോഠം (രക്ഷിക്കാനാണെങ്കിലും) എന്തെന്നില്ലാത്ത പരിഭ്രമത്തോട്ടുകൂടി തള്ളപ്പശു പിന്നാലെഓട്ടുന്നു. സിംഹക്കുട്ടി ആദ്യമായി ആനയെ കാണുമ്പോഠം ശത്രുഭാവത്തിൽ അതിനെ എതിക്കുവാൻ

മുതിരുന്നു. ഇങ്ങിനെ ചെയ്യുന്നതെല്ലാം ആരെങ്കിലും പറഞ്ഞുകൊടുത്തിട്ടല്ലല്ലൊ. എന്റെ സന്തോഷത്തിന്റെ ഉത്ഭവവും ഇങ്ങിനെതന്നെയായിരിക്കണം.

കോഴിക്കോട്ടേക്കു പോവാനുറച്ചദിവസം രാവിലെ കുളികഴിഞ്ഞ് അമ്മയുടെ അറയിൽ ചെന്നപ്പോൾ ഒരു ചെറിയ പെട്ടിയിൽ എന്റെ മുണ്ടുകളും കുപ്പായങ്ങളും അമ്മ അടുക്കിവെക്കുന്നതുകണ്ടു, ഉടനെ അമ്മയെ പിരിയേണ്ടതായഘട്ടം വരുമല്ലൊ എന്ന് എനിക്ക് വിചാരമായി. അതുവരെ വിട്ടുപിരിയാതിരുന്ന എനിക്കു ആ വേർപാടു ഒരു വലിയ ദുഃഖംതന്നേയായിരുന്നു. ഞാൻ അമ്മയുടെ മടിയിലിരുന്ന് അമ്മയെ കെട്ടിപ്പിടിച്ചു കുറച്ചുനേരം തലതാഴ്ത്തിയിരുന്നു. പിന്നീട് അമ്മയുടെ മുഖത്ത് നോക്കിയപ്പോൾ എന്റെ കണ്ണിൽ വെള്ളം നിറഞ്ഞു.

അമ്മ—ദാസാ! നീ എന്തിനാണ് കരയുന്നത്. നീ ഇപ്പോൾ സന്തോഷിക്കയല്ലെ വേണ്ടതു്.

ഞാൻ—ഇനികുറച്ചു കാലത്തേക്ക് അമ്മയെ കാണുവാൻ തരമാവില്ലല്ലൊ. എന്നോക്കുമ്പോൾ എനിക്കു സങ്കടം വരുന്നു.

അമ്മ—നിനക്കു ഒരു വിധത്തിലും സങ്കടം വേണ്ടാ. നീ പഠിച്ചു ഒരു നല്ല നിലയിൽ വന്നു കാണേണമെന്നു അമ്മക്കു എത്രത്തോളം മോഹമുണ്ടെന്ന് നിനക്കറിയാമോ. നിന്റെ അച്ഛന്ന് പണം കുറവായതുകൊണ്ട് ആ മോഹം വെറുതെ ആയിപ്പോകുമോ

എന്നു വിചാരിച്ച് ഒരമ്മ വ്യസനിക്കയായിരുന്നു. അപ്പോഴാണ് അമ്മാമന് ഇങ്ങിനെ തോന്നിയത്. അതു നിൻേറയും അമ്മയുടേയും ഭാഗ്യമാണെന്നു വിചാരിച്ചുകൊൾക. പിന്നെ അമ്മ കൂടെ യില്ലല്ലോ എന്നു വിചാരിച്ചു നീ ഒട്ടുംതന്നെ വ്യസനിക്കേണ്ട. നമ്മുടെ അമ്മായിയെപ്പോലെ ഒരമ്മായിയെ കാണുവാൻ പ്രയാസമാണ്. അമ്മ നോക്കുന്നതുപോലെ തന്നെ നിന്നെ നോക്കും.— നിന്നെ അമ്മാമൻ അടിച്ചതുകൊണ്ട് അമ്മായിക്കുണ്ടായപോലെ മനോവേദന അമ്മക്കുംകൂടി ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. എത്ര പ്രാവശ്യമാണ് നിന്നെ വന്നു നോക്കിയിരിക്കുന്നത്. നിന്നെ ഇപ്പോൾ പഠിപ്പിക്കാൻ കൊണ്ടുപോകേണമെന്ന് അമ്മാമൻ തീർച്ചയാക്കിയതുതന്നെ അമ്മായി പറഞ്ഞിട്ടാണ്. അങ്ങിനെ നിന്നെ സ്നേഹിക്കുന്ന ഒരാളുടെകൂടെ പോകുവാൻ സംഗതി വന്നതിൽ എൻെറ മകൻ സന്തോഷിക്കയല്ലെ വേണ്ടത്.— ഇങ്ങിനെ ഒരമ്മായിയെ കിട്ടിയതുതന്നെ നമ്മുടെ സുകൃതമാണ്. അതുകൊണ്ടു ഇനിമേലാൽ അമ്മായിയെ അമ്മയാണെന്നു കരുതി ഈ ജന്മത്തിൽ ഒരുപോലെ സ്നേഹിക്കുന്ന രണ്ടമ്മമാരുണ്ടായതിനെ പ്പറ്റി ജഗദീശ്വരനോടു നന്ദിപറഞ്ഞ് സന്തോഷിക്കൂ. അവിടെ പോയാൽ അമ്മായി പറഞ്ഞപോലെ എല്ലാം കേട്ടുനടക്കണം.

അവരുടേയും അമ്മാമൻേറയും തൃപ്തി സമ്പാദിക്കു വാൻ എപ്പോഴും നീ ശ്രമിക്കണം—എന്നാൽ നിന ക്ക് ഇഷ്ടമുള്ളേടത്തോളം പഠിക്കാനും, വേറേപല വിധത്തിലുള്ള ഗുണങ്ങൾ വന്നുചേരാനും ഇട വരു ന്നതാണ്. അതുകൊണ്ടു നീ ഒട്ടുംതന്നെ വ്യസനി ക്കേണ്ട നിൻെറ സഖിയായ നാണിക്കുട്ടിയും നിണക്കു വേണ്ടതെല്ലാം അന്വേഷിക്കും.

ഞാൻ—എനിക്കു വ്യസനമൊന്നുമില്ല. ഞാൻ അമ്മ പറഞ്ഞപോലെ നടന്നുകൊള്ളാം.

## 4-ാം അദ്ധ്യായം

### (വിദ്യാലയത്തിൽ)

ഇതുവരെ നാട്ടിൽ കഴിച്ചുകൂട്ടിയ എനിക്ക് വീടുവിട്ടു അതുവരെ പരിചയപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ പിന്നിട്ടതോടു കൂടി കാണുന്നതെല്ലാം പുതുമയായിട്ടു തോന്നി. രാവിലേ പുറപ്പെട്ട് ഞങ്ങൾ റെയിൽവെസ്റ്റേഷനിൽ എത്താൻ 12മണിയായി. അന്നുകാറുകളും ബസ്സുകളും നാട്ടുപുറത്തെ ഏകാന്തമൌനത്തിന്ന് ഭംഗംവരുത്തിയിരുന്നില്ല. അവി ടവിടെയായി നിരത്തു വക്കത്തുള്ള ചില കാളവണ്ടികളെ ഉണ്ടായിരുന്നുള്ളു. അതിലൊന്നിനെ ഞങ്ങളുംആശ്രയിച്ചു. ഡിസ്റ്റ്രിക്ട് ബോർഡുകാരുടെ മേൽനോട്ടത്താൽ വണ്ടി

ച്ചാലുകളെക്കൊണ്ടും ഇരുഭാഗത്തുള്ള വൃക്ഷങ്ങളെക്കൊണ്ടും തിരിച്ചറിയേണ്ടുന്ന നിരത്തിൽകൂടി—നാഴികക്കു നാല്പതു കയററിറക്കമുള്ള നിരത്തിൽകൂടി_ ലോകം നശിച്ചാലും തങ്ങൾക്കു യാതൊന്നും വരാനില്ലെന്ന നിലയിൽ എണ്ണിക്കൊണ്ടു കാലുവെക്കുകയൊ എന്നു തോന്നുമാറ് പതുക്കെ കാളകൾ വലിച്ചുകൊണ്ടുപോകുന്ന ഒരു വണ്ടിയിൽ യാത്ര ചെയ്യാനിടവന്ന ആരും ആ അനുഭവം മരിച്ചാലും മറക്കുന്നതല്ല. ചാലുകളുടെ നിമ്നോന്നതസ്ഥിതികൊണ്ട് ഉള്ളിലിരിക്കുന്നവരെ അമ്മാനമാടിക്കൊണ്ടു പോകുന്ന വണ്ടിയുടെ കടകട ശബ്ദവും, ഉദ്ദിഷ്ടസ്ഥാനത്തേക്കുള്ള ദൂരവും, അവിടെ എത്താനുള്ളതിടുക്കവും, വണ്ടിക്കാരൻെറ ഉറക്കവും, എല്ലാംകൂടി ചേൎന്നപ്പോൾ നാട്ടുവിട്ടതു നന്മക്കോ തിന്മക്കോ എന്നു സംശയം എൻെറ ഉള്ളിൽ കടന്നുകൂടി. ഏതു വിധത്തിലെങ്കിലും പകുതി ജീവനോടെ തീവണ്ടിആപ്പീസിലെത്തി. മററു വാഹനങ്ങളുടെ മന്ദഗതിയിൽ അസ്വസ്ഥനായി അലറുന്നതുപോലെ വലിയ "എരമ്പ"ത്തോടുകൂടി വന്നതീവണ്ടി മനുഷ്യബുദ്ധിയുടെ മാഹാത്മ്യത്തെ വിളംബരപ്പെടുത്തിക്കൊണ്ടു ഉടനെ എത്തി. അതിൽ കയറി ഒരു 4 മണിക്കൂറിന്നുള്ളിൽ ഞങ്ങളെല്ലാവരും കോഴിക്കോട്ടെന്ന, കേളികേട്ട സ്ഥലത്തുവന്നുചേൎന്നു. അത്ഭുത പാരവശ്യം കൊണ്ട് അനങ്ങാതെ ഇടക്ക് ഇരുഭാഗത്തേക്കും നോക്കിയും വണ്ടി പാലത്തിൻെറ മുകളിൽ കൂടിപോകുമ്പോൾ ഞെട്ടിയും അതുവരെ, കഴിച്ചുകൂട്ടിയ

എനിക്കു വണ്ടിയിറങ്ങിയപ്പോൾ ഒരു മഴപെയ്തതോന്നു പോലെയുള്ള അനുഭവമാണുണ്ടായത്. സ്റ്റേഷന്റെ പുറത്തിറങ്ങിയപ്പോൾ വണ്ടിക്കാരന്റെ ആളെ പിടിക്കാനുള്ള അക്ഷമ സ്വന്തം വൃത്തിയിലും പകർത്തിയിരുന്ന കുതിരകളെ പൂട്ടിയ ചില വണ്ടികൾ ഞങ്ങളെ അഭിവാദ്യം ചെയ്തു. അമ്മാമന്റെ വീട്ടിലെത്തിയതിന്നുശേഷം എന്റെ അമ്പരപ്പിന്ന് അല്പം ശമനമുണ്ടായി. പിറ്റെ ദിവസം ഞങ്ങളെല്ലാവരുംകൂടി വണ്ടിയിൽ കയറി പട്ടണം ചുററി. അടുത്തടുത്തുള്ള വീടുകളും ആൾക്കൂട്ടവും വണ്ടികൾ ഗതാഗതം ചെയ്യുമ്പോൾ നിരത്തിന്മേൽനിന്നു പൊങ്ങുന്ന പൊടിയും പൊടിപററി ചുകപ്പുനിറത്തോടു കൂടിയ ഇലകളും കണ്ടപ്പോൾ നാട്ടുപുറത്തിന്റെ സ്മരണ എനിക്കുണ്ടായതോടുകൂടി ഇത് എന്തൊ ഒരാസ്വാസ്ഥ്യത്തിന്റെ ചിഹ്നങ്ങളാണെന്നും തോന്നിപ്പോയി. വേനൽ കാലത്ത് വെളുത്ത വസ്ത്രത്തിന്ന് പട്ടുക്കരയിട്ടപോലെ മണൽപുറത്തിന്റെ ഒരു ഭാഗത്തൂടെ തെളിവെള്ളം ഒഴുകുന്ന പുഴകളും, വർഷക്കാലത്ത് സമൃദ്ധികാണിക്കുന്ന അതിലെ ജലപ്രവാഹവും, കുററിക്കാടുകളാകുന്ന പുതപ്പിട്ട് വിശ്രമംകൊള്ളുന്ന ചില കുന്നുകളും, മന്ദമാരുതൻ വിലസികൊണ്ടിരിക്കുന്ന അവയുടെ മുകൾപ്പരപ്പുകളും, ഞാൻ ചങ്ങാതിമാരോടുകൂടി "മുള്ളുംപഴം" മുതലായത് അരുത്ത് വിഹരിച്ചുകൊണ്ടിരുന്ന അവയുടെ പ്രാന്തങ്ങളും, വേനൽക്കാലത്ത് വററിച്ചുകൊണ്ട് ശൂന്യതയെ പ്രാപിച്ചു

അകംവിണ്ട് മേൽഗതി നോക്കി നടക്കുന്നവയും. വർഷകാലത്ത് വിളവേറി വിളയാടിക്കൊണ്ടിരിക്കുന്ന വയും, ആയ വയലുകളും എന്റെ മനസ്സിൽ താരതമ്യവിവേചനം നടത്തിക്കൊണ്ടിരുന്നു. പ്രകൃതിയിൽ നിത്യമായി കുടികൊള്ളുന്ന പ്രസാദത്തിനും വികൃതിയിൽ കാണുന്ന അസന്തുഷ്ടിക്കും ഇവ രണ്ടും സാക്ഷികളായിത്തന്നെ ഇരിക്കട്ടെ.

പാഠശാലകളിൽ അധികം താമസിക്കാതെ ഞാനും പ്രവേശിച്ചു. നാട്ടെഴുത്തച്ഛന്റെ തല്ലും ഭീഷണിയും വീട്ടിന്റെ വൃത്തികെട്ട ഒരു താഴ്വര മൂലയിലിരുന്ന് ശ്വാസം വിടാതെയും, അർത്ഥം തൊടാതെയും, ഉള്ള ഉരുവിടലും, വിദ്യാഭ്യാസത്തിന്റെ ചടങ്ങുകളായി അതുവരെ കരുതിയിരുന്ന എനിക്ക് അതിഭംഗിയിൽ പണിചെയ്യിരുന്ന ഒരു വിദ്യാലയം കണ്ടപ്പോൾ അതു സുഖമായി താമസിക്കുവാനുള്ള ഒരു മന്ദിരമെന്നല്ലാതെ പഠിക്കുവാനുള്ള ഒരു സ്ഥലമാണെന്ന് തോന്നുകയുണ്ടായില്ല. മണിയടിയും അതിനെ തുടർന്നുകൊണ്ടുള്ള ശബ്ദവും, കുപ്പായവും തലക്കെട്ടും ധരിച്ച് ഒരു ചൂരൽ കയ്യിൽ പിടിച്ചുകൊണ്ട് ഓരോ മുറിയിലേക്കും ഓരോരുത്തരുടെ വരവും, അതിനിടക്ക് ഓടിയൊളിക്കുന്നപോലെ കുട്ടികളുടെ അതാത് മുറികളിലേക്കുള്ള പോക്കും, ഞാൻ ചെയ്യേണ്ടത് എന്താണെന്നു എന്നേയും ധരിപ്പിച്ചു. ക്രമേണ കൌതുകവും പുതുമയും എന്നെ വിട്ടു പിരിഞ്ഞു. ഞാൽ എന്റെ പുതിയജീവിതത്തോടു കൂടിച്ചേർന്നു.

എന്നെ ചേർത്തത് മൂന്നാംക്ലാസ്സിലായിരുന്നു. ഞാൻ കേവലം ഒരു നാടനായിരുന്നതുകൊണ്ട് എൻെറ ഇംഗ്ലീഷ്പരിജ്ഞാനം മററു കുട്ടികളുടേതിനൊപ്പമാക്കാൻ കുറച്ചുകാലം വീട്ടിൽവെച്ച് ഒരു മാസ്റ്റർ എന്നെ പഠിപ്പിച്ചുവന്നിരുന്നു. അദ്ദേഹത്തിൻെറ പ്രവൃത്തി പഠിപ്പിക്കലായിരുന്നുവെങ്കിലും അദ്ദേഹവും ആ തൊഴിലുമായി ബന്ധമുണ്ടാകുന്ന സമയം വളരെ കുറവായിരുന്നു—ശീട്ടുകളി അദ്ദേഹത്തിൻെറ ഒരു ശമ്പളമില്ലാത്ത ജോലിയായിരുന്നു. രാത്രി സ്നേഹിതന്മാരോടുകൂടി പുലരുന്നതുവരെ കളിക്കും. രാവിലെ അദ്ദേഹം താമസിക്കുന്ന വീട്ടിൻെറ അടുത്തുള്ള കുളത്തിൽ വല്ലവിധത്തിലും ഒന്നു കുളിച്ചു ഏഴരമണിയാകുമ്പോഴേക്ക് ഞങ്ങളുടെ വീട്ടിലെത്തും. കുളിയിൽ അദ്ദേഹത്തിന്ന് പ്രതിപത്തിയുണ്ടായിരുന്നതുകൊണ്ട് നിത്യവും പ്രാതസ്സ്നാനം നടത്തിവന്നതാണെന്ന് വായനക്കാർ തെററിദ്ധരിക്കരുത്. അദ്ദേഹത്തിൻെറ അമ്മയെ ഭയന്ന് അങ്ങിനെ ചെയ്തുവന്നിരുന്നതാണ്. ഒരു ദിവസം ശീട്ടുകളികഴിഞ്ഞ് വീട്ടിലേക്കു മടങ്ങുവാൻ കുറച്ചു താമസിച്ചു. കുളം വഴിക്കായിരുന്നതിനാൽ കുളിച്ചുപോവാമെന്നുകരുതി അതിനൊരുങ്ങി. ഒരു സമയം രാത്രി വീട്ടിൽ കാണാത്തതിനെപ്പററി അമ്മയോ മററൊ ചോദിച്ചാൽ നേരത്തെ എഴുന്നേററ് കുളിക്കാൻപോന്നതാണെന്ന് പറയാമല്ലൊ എന്നയുക്തിയും ആലോചിക്കായ്കയില്ല. വീട്ടിൽ ചെന്നപ്പോഠം വിചാരിച്ചപോലെ അമ്മ ചോദി

ക്കയും മാസ്റ്റർ മറവട്ടിപറകയും ഉണ്ടായി. അതിൻെറ ശേഷം അദ്ദേഹത്തിന്ന് രാവിലെ കുളിമുടങ്ങീട്ടില്ല.—

രാത്രി പതിവായി ഉറക്കമൊഴിച്ചിരുന്നതുകൊണ്ട് മാസ്റ്റർ ഞങ്ങളെ (എൻെറകൂടെ കുഞ്ഞിശ്ശങ്കരനും ഉണ്ടായിരുന്നു.) പഠിപ്പിക്കാൻ വന്നിരുന്നാൽ ഉറക്കം തൂങ്ങുവാൻ കുറേശ്ശത്തുടങ്ങുകയായി. വല്ലതും തിന്മാൻ കൊടുത്തുവെങ്കിൽപിന്നെ തൂക്കം നീണ്ടുനീണ്ട് നല്ല ഉറക്കമായിത്തീരും. പിന്നെ ഞങ്ങൾക്ക് ഇഷ്ടംപോലെ എന്തെങ്കിലും ചെയ്യാം. ഈ തഞ്ചം ഞങ്ങൾ വിട്ടുകളഞ്ഞിരുന്നില്ല. മാസ്റ്റർ വരുമ്പോഴേക്ക് ചായയും പലഹാരവും ഞങ്ങൾ കൊണ്ടുകൊടുക്കും. അത് അകത്താവുന്നതോടുകൂടി മാസ്റ്റർക്ക് മയക്കവും ആരംഭിക്കും. ചിലദിവസം ഉറക്കം വന്നില്ലെങ്കിൽ അദ്ദേഹത്തിനെക്കൊണ്ട് ഞങ്ങൾ കഥപറയിക്കും. ഭൂതങ്ങളുടേയും പ്രേതങ്ങളുടേയും കഥകൾ അദ്ദേഹത്തിന്നു അനവധിതോന്നിയിരുന്നു. ആവകയൊന്നും കണ്ടാൽ പേടിയില്ലാത്ത ആളാണെന്ന് ഒരു പ്രസിദ്ധിയും അദ്ദേഹത്തിനുണ്ടായിരുന്നു. മിക്കകഥകൾക്കും നായകൻ അദ്ദേഹംതന്നെയായിരിക്കും. താൻ ഭൂതവുമായി കണ്ടുമുട്ടിയതും, അതിനെ വടികൊണ്ടടിച്ചതും, കത്തികൊണ്ടു കുത്തിയതും, വെള്ളത്തിൽ ചാടിച്ചതും, സത്യം ചെയ്യിച്ചതും,ഇങ്ങിനെ പല പരാക്രമങ്ങളും താൻ കാണിച്ചിട്ടുണ്ടെന്നു വിവരിക്കും. ഞങ്ങൾ ഇതെല്ലാംകേട്ട് രസിച്ച് പഠിക്കാതേയും കഴിച്ചുകൂട്ടും. ഇല്ലത്ത് ഇല്ലായ്കയും

ഉണ്ണിക്ക് വേണ്ടായ്കയും ഉണ്ടെന്നു പറഞ്ഞമാതിരിയായി
രുന്നു ഞങ്ങളുടെ സ്ഥിതി. മാസ്റ്റർക്ക് പഠിപ്പിക്കുന്നതും
ഞങ്ങൾക്ക് പഠിക്കുന്നതും ഒരുപോലെ ക്രമേണ ഇഷ്ടമി
ല്ലാതായിതീന്നു. എങ്കിലും ക്ലാസ്സിൽ ഞങ്ങൾ ഒരുമാതിരി
മാനം നേടിക്കൊണ്ടുതന്നെ കഴിച്ചുകൂട്ടി. ക്ലാസ്സുമാസ്റ്ററെ
പ്പററിയും രണ്ടുവാക്ക് പറയാതിരുന്നാൽ വിദ്യാലയവും
ഞാനുമായുണ്ടായ പ്രഥമപരിചയത്തിന്റെ വർണ്ണന പൂർണ്ണ
മാകുന്നതല്ല. അദ്ദേഹം അന്നേക്ക് ഒരു വയസ്സനായി
രുന്നു—മട്ട്റികുലേഷൻവരെ പഠിച്ചിരുന്ന ആളായിരുന്നു.
മാസ്റ്ററായി ചുരുങ്ങിയത് ഒരുമുപ്പതുകൊല്ലത്തെ പഴക്കമു
ണ്ടായിരുന്നു. അദ്ദേഹത്തിന്റെ തിരുമ്പലിന്റെ രുചി
അറിയാതെകണ്ടുള്ളവർ അന്ന് വളരെ ചുരുക്കമായിരുന്നു.
തനിക്ക് ധാരാളം മുറുക്കണം. 20ക യായിരുന്നു ശമ്പളം.
അതുകൊണ്ട് ചിലവിന്നൊന്നും മതിയാവില്ല. ഏഴെട്ടു
കുട്ടികളും ഉണ്ടായിരുന്നു—ബ്രാഹ്മണനായിരുന്നതുകൊണ്ട്
സദ്യ എവിടെ ഉണ്ടെങ്കിലും കുട്ടികളുമായി എത്തും. സദ്യ
ദൂരത്തെങ്ങാനുമാണെങ്കിൽ ചില ദിവസം സ്കൂളിലേക്ക്
വരുവാനും വൈകും. വൈകിയാൽ സ്കൂളിന്റെ പടിക
ടന്ന് വരികയില്ല. കിളിവാതിലിന്റെ ഉള്ളിൽക്കൂടെ ചാടി
ട്ടാണ് ക്ലാസ്സിൽ കടക്കുക. ആ സമയം കുട്ടികൾ ചിരി
ച്ചുവെങ്കിൽ എല്ലാവർക്കും തല്ലാണ്. പഠിപ്പിക്കുക എന്നൊ
രുസമ്പ്രദായമില്ല. പാഠങ്ങൾ ഒന്നായി ഒരുവിട്ടുകൊള്ള
ണം. അദ്ദേഹം ക്ലാസ്സിൽ കടന്നുവന്നാൽ കാണാം പാഠം

ചൊല്ലിത്തുടങ്ങണം. ഒരു വരി പിഴച്ചാൽ പിഴച്ച കുട്ടിയുടെ കാലിന്മേൽ അദ്ദേഹത്തിന്റെ മടമ്പ് ഊന്നി ഒരു തിരിച്ചൽതിരിയും. അതോടുകൂടെ കവിളൊ കയ്യൊ പിടിച്ച് ഒരു തിരുമ്പലും—ഇതുരണ്ടും കഴിയുമ്പോഴേക്ക് കുട്ടിക്ക് ജീവൻ ബാക്കിയുണ്ടാവുന്നത് തറവാട്ടിന്റെ സുകൃതമാണെന്നു കരുതിക്കൊള്ളണം— തിരുമ്പുന്നതോടുകൂടി "കഴുതെ പഠിക്കുകയില്ലെ. ഒരിക്കൽ മുറുക്കാനുംകൊണ്ടു വരില്ല." എന്ന് ആദ്യത്തെ വാചകം ഉറക്കെയും രണ്ടാമത്തേത് ആ കുട്ടി കേൾക്കാത്തവണ്ണവും പറയും— പിറേറദിവസം മുറുക്കാൻ കൊണ്ടുപോയികൊടുത്താൽ പിന്നെ കുറെദിവസത്തിന്ന് സ്വൈരമായി. ഈ കള്ളി ഞങ്ങൾ അറിഞ്ഞതോടുകൂടി ഊഴമിട്ട് ഓരോരുത്തരും മുറുക്കുവാൻകൊടുക്കുന്നത് പതിവായി. അദ്ദേഹത്തിന്ന് മുറുക്കുചിലവും വേണ്ടെന്നായിക്കായി. ക്ഷൌരം ചെയ്യുദിവസം അദ്ദേഹത്തിന്റെ ദ്വേഷ്യത്തിന്ന് കണക്കില്ല— അന്ന് എന്തെങ്കിലും സംഗതിക്ക് തല്ലുകിട്ടാത്തവർ ക്ലാസ്സിലുണ്ടാവാൻ പ്രയാസമാണ്—കൊടുക്കുന്ന വെററിലയൊ പുകയിലയൊ മോശമായാൽ അതിന്നുശിക്ഷ വേറെയുണ്ടു. പ്രായശ്ചിത്തമായി നീററടക്ക നാലഞ്ചെണ്ണം സാധാരണ കൊടുക്കുന്നതിന്നു പുറമെ സമ്മാനിക്കുകയും വേണം— ഇങ്ങിനെയൊക്കെയാണെങ്കിലും കുട്ടികളെ വലിയസ്നേഹമാണ്. ശനിയാഴ്ചയൊ ഞായറാഴ്ചയൊ കുട്ടികളുടെ രക്ഷിതാക്കന്മാരുടെ അടുക്കെ വരും. അവരെപ്പററി താൻ

പ്രത്യേകനിഷ്കർഷ ചെയ്യുന്നുണ്ടെന്ന് ധരിപ്പിക്കും. മകളുടെ കല്യാണത്തിന്നാണ്, മകൻെറ പഠിപ്പിന്നാണ് എന്നുപറഞ്ഞ് വല്ലതും വാങ്ങികൊണ്ടുപോകയും പതിവാണ്. വീട്ടിൽവന്ന ഉടനെ മുറുക്കാനും ചായയും കിട്ടിയെങ്കിൽ പിന്നെ ഒരുമാസം ആ കുട്ടിക്ക് തല്ലുകിട്ടാതെ കഴിക്കാം, പോകുമ്പോൾ നല്ല അടക്കയും പുകയിലയും പൊതിഞ്ഞുകൊടുത്താൽ സ്നേഹം കുറെദിവസത്തേക്കുകൂടി നീളും. ഇതൊക്കെ കഴിഞ്ഞാലും പിന്നെയുള്ള പെരുമാററം മുമ്പിലത്തെമാതിരിതന്നെ—സാമാനങ്ങൾ ഇടക്കിടക്ക് ആവത്തിക്കണം. ഇങ്ങിനെ ഏകദേശം ഒരുകൊല്ലം കോഴിക്കോട്ട് കഴിച്ചുകൂട്ടി. അപ്പോഴേക്ക് ഞങ്ങളെല്ലാവരും പിരിയേണ്ടതായ ഒരു ഘട്ടം നേരിട്ടു.

# 5-ാം അദ്ധ്യായം

## (ഒരാപത്ത്)

കോഴിക്കോട്ടെത്തിയതിന്നുശേഷം ഞാനും നാണിക്കുട്ടിയുമായുള്ള പെരുമാററം എങ്ങിനെയായിരിക്കുമെന്നു അറിവാൻ വായനക്കാർക്ക് കൌതുകമുണ്ടായിരിക്കും—ഞങ്ങൾ അത്യന്തം സ്നേഹത്തോടുകൂടിത്തന്നെയായിരുന്നു കഴിഞ്ഞ് പോന്നത്. നാണിക്കുട്ടി പഠിച്ചിരുന്നസ്കൂളും ഞങ്ങൾ

പഠിച്ചിരുന്നസ്കൂളും അടുത്തടുത്തായിരുന്നതുകൊണ്ടു സ്കൂളി ലേക്കുള്ളയാത്ര ഒന്നിച്ചുതന്നെയായിരുന്നു. ചിലദിവസം നാണിക്കുട്ടിക്ക് പുസ്തകങ്ങൾ അധികം എടുക്കാനുണ്ടെ ങ്കിൽ ഞാൻ അവളെ സഹായിക്കും. എനിക്ക് അധി കമുണ്ടെങ്കിൽ ഞാൻ അവളെ ബുദ്ധിമുട്ടിക്കാറില്ല. വീട്ടിൽ വന്നാലും ഞങ്ങൾ വിട്ടുപിരിയാറില്ല. തോട്ട ത്തിൽ പൂക്കൾപറിച്ച് ഞങ്ങളുടെ വീട്ടിൽ നിത്യം പൂജി ച്ചിരുന്ന കൃഷ്ണന്റെ മുമ്പിൽകൊണ്ടുവെച്ചു വരുന്നത് നാണിക്കുട്ടിയുടെ ജോലിയായിരുന്നു. ഇത് അമ്മാമൻ എഴുന്നേററുവരുമ്പോഴേക്ക് ചെയ്തുവെക്കേണമെന്നാണ് നിശ്ചയം. ചിലദിവസം അവൾ എഴുന്നേല്ക്കാൻ വൈ കിയെങ്കിൽ ഈ കൃത്യം അവൾക്കുവേണ്ടി ഞാൻ നിർവ്വ ഹിക്കാറുണ്ടു. ഇങ്ങിനെ ചെയ്യു ദിവസങ്ങളിലെല്ലാം അവളുടെ വകയായി എന്തെങ്കിലും എനിക്ക് സമ്മാന മായികിട്ടുന്നതും പതിവായിരുന്നു. ഞങ്ങളുടെ നടവടി കൾ സൂക്ഷിച്ചിരുന്ന കുഞ്ഞിശ്ശങ്കരൻ ഇടക്ക് ഞങ്ങളെ കളിയാക്കാറുണ്ട്. ഒരു ദിവസം നാണിക്കുട്ടി, ഞങ്ങ ളെല്ലാം സ്കൂളിലേക്ക് പുറപ്പെടുന്നസമയത്ത് അവളുടെ ജാക്കററ് തുന്നക്കാരന്റെ കയ്യിൽനിന്ന് വാങ്ങികൊണ്ടു വരേണ്ടതിനെപ്പററി കുഞ്ഞിശ്ശങ്കരനെ ഓർമ്മിപ്പിക്കാനായി ഞങ്ങളുടെ മുറിയിൽ വന്നു. കുഞ്ഞിശ്ശങ്കരനോട് ഇക്കാര്യം അമ്മായി മുമ്പുതന്നെ ഏല്പിച്ചിട്ടുണ്ടായിരുന്നു. അവൾ അന്നുപറഞ്ഞപ്പോൾ കുഞ്ഞിശ്ശങ്കരൻ കളിയായി—

"നിണക്കെന്താ എല്ലാം ചെയ്തുതരാൻ വിൻെറ ദാസേട്ടനില്ലെ, പെണ്ണെ" എന്നുചോദിച്ചു. അതിന്നു ആ കൊച്ചുകുട്ടി "അതുകൊണ്ടു കുഞ്ഞിശ്ശങ്കരേട്ടൻ എൻെറ എട്ടനല്ലാതാവില്ലല്ലോ" എന്നുമാത്രം മറുവടി പറഞ്ഞു.

ഇങ്ങിനെ ഐസ്വരമായി ഞങ്ങൾ കാലം കഴിച്ചുകൊണ്ടിരിക്കെ, സുഖ ദുഃഖങ്ങളുടെ ക്ഷണികതക്ക് ഒരു ദൃഷ്ടാന്തം കാണിച്ചുതരാനെന്നു തോന്നുമാറ് ജഗദീശ്വരൻ ഞങ്ങൾക്ക് ഒരാപത്തു് വരുത്തി. ഒരു ദിവസം അമ്മാമന്ന് പെട്ടെന്ന് ഒരു രോഗംവന്നു. തലകനവും നെഞ്ഞത്തു വേദനയുമായിരുന്നു ദീനം. തലേദിവസംരാത്രി കിടപ്പാൻ പോകുമ്പോൾ യാതൊരു സുഖക്കേടുമുണ്ടായിരുന്നില്ല. പുലരുമ്പോഴേക്ക് കിടന്നേടത്തുനിന്ന് എഴുനില്ക്കാൻ വയ്യാതെ യായിരിക്കുന്നു. അമ്മാമൻെറ സ്നേഹിതനായ ഒരു ഡാക്ടരെ ഉടനെ വരുത്തി. ഡാക്ടരുടെ മുഖഭാവംകൊണ്ട് ദീനം ശക്തിയുള്ളതാണെന്ന് അമ്മായിയും അവിടെ യുണ്ടായിരുന്ന മററുള്ളവരും മനസ്സിലാക്കിട്ടുണ്ടായിരിക്കണം. അവക്കെല്ലാം പരിഭ്രമം കലശലായിത്തുടങ്ങി. കുട്ടികളായ ഞങ്ങളും കാര്യം മനസ്സിലാവാതെ അങ്ങോട്ടു മിങ്ങോട്ടും ഓടിത്തുടങ്ങി. സ്കൂളിലേക്ക് അന്ന് ആരും പോയില്ല. അടുത്തുള്ള വക്കീൽമാരും അമ്മാമൻെറ മററു സ്നേഹിതന്മാരും വന്നുകൂടി. ഏകദേശം 9 മണിയായപ്പോഴേക്ക് ഞങ്ങളുടെ വീട്ടിൽ പുരുഷാരം നിറഞ്ഞു. എന്തോ അപകടം ഉണ്ടെന്നു ഞങ്ങൾക്കും സംശയം

ജനിച്ചു. ഞങ്ങളേക്കാൾ പ്രായം കുറഞ്ഞ നാണിക്കുട്ടി എന്നോടും കുഞ്ഞിശ്ശങ്കരനോടും "എന്താ അച്ഛന്ന്" എന്നു വന്നു ചോദിക്കുവാനും തുടങ്ങി. ഞങ്ങൾക്കുകൾ അറിയില്ലെന്നു പറഞ്ഞപ്പോൾ അവൾ ആളുകളുടെ ഇടയിൽ കൂടെ മുകളിലേക്കുകൊടി എങ്ങിനേയോ അമ്മാമൻ കിടക്കുന്ന മുറിയിൽ ചാടിവീണു. അവിടെ അധികനേരം നില്ക്കാൻ സാധിക്കാതെ ഉടനെ താഴത്തേക്കുതന്നെ വന്ന് ഞങ്ങളുടെ അരികത്തെത്തി. എന്താണെന്നു ഞങ്ങൾ ചോദിച്ചപ്പോൾ "അച്ഛൻ കിടക്കയിൽ കിടന്ന് അങ്ങോട്ടും ഇങ്ങോട്ടും ഉരുണ്ടുംകൊണ്ട് "അയ്യോ, ആവൂ" എന്ന് നിലവിളിക്കുന്നു. അമ്മയുണ്ട് അച്ഛൻെറ കാലും പിടിച്ച് തലയുംതാഴ്ത്തി ഇരിക്കുന്നു. കുഞ്ഞിശ്ശങ്കരേട്ടനും ദാസേട്ടനും അങ്ങോട്ടു ചെല്ലൂ! എന്താണാവോ അച്ഛന്ന്" എന്ന് പറഞ്ഞു അവൾ കുറേശ്ശ കരവാൻ തുടങ്ങി. കരയണ്ട, ഞങ്ങൾ നോക്കിവരട്ടെ" എന്നവളെ സമാധനിപ്പിച്ച് ഞങ്ങളും മുകളിലേക്കുപോയി. അവിടെ എത്തിയപ്പോഴേക്ക് "കുട്ടികളെ വിളിക്കുക, വെള്ളംകൊടുക്കട്ടെ" എന്ന് ആരോ വിളിച്ചു പറയുന്നതുകേട്ട് ഞാൻ ഉടനെ താഴത്തുപോയി നാണിക്കുട്ടിയേയും കൂട്ടി മുകളിൽവന്നു. അപ്പോഴേക്ക് അമ്മാമൻ കിടക്കുന്നമുറിയിൽനിന്ന് ആളുകൾ പുറത്തേക്കു വന്നുതുടങ്ങി. ഞങ്ങൾ മുറിയുടെ അകത്ത് കടന്നപ്പോൾ കണ്ടകാഴ്ച എൻെറ ഉള്ളിൽനിന്നു ഇപ്പോഴും മാഞ്ഞുപോയിട്ടില്ല. അമ്മാമൻ അനങ്ങാതെ

കിടക്കുന്നു. തടിച്ച് വെളുത്ത് ആൎക്കും ബഹുമാനം തോന്നുന്ന ആ ദേഹത്തിന്ന് യാതൊരു കോട്ടവും തട്ടീട്ടില്ല. അമ്മായി അമ്മാമന്റെ കാലുപിടിച്ച് തേങ്ങിതേങ്ങി കരയുന്നു. അതു കണ്ടപ്പോൾ നാണിക്കുട്ടിയും "അച്ഛാ" എന്നു വിളിക്കുവാൻ തുടങ്ങി. എനിക്കും എന്റെനെഞ്ഞ് തുടിക്കാൻ തുടങ്ങി. ആരോ ഞങ്ങളെ പിടിച്ച അമ്മാമന്റെ അരികത്ത് കൊണ്ടുപോയി നിൎത്തി ഞങ്ങളുടെ കൈകൊണ്ട് മൂന്ന് പ്രാവശ്യം വെള്ളംകൊടുപ്പിച്ചു. കുഞ്ഞിശ്ശങ്കരനും കരഞ്ഞുകൊണ്ട് അവന്റെ അമ്മയുടെ അടുക്കെ പോയിനിന്നു. എനിക്ക് ആകപ്പാടെ എന്താ ചെയ്യേണ്ടത് എന്ന് നിശ്ചയമില്ലാതായി, ഉടലാകെ പൊട്ടിത്തരിച്ചു. ഞാൻ വീഴുമൊ എന്ന് എനിക്ക് ഭയം തോന്നി. മെല്ലെ മുറിയുടെ പുറത്തേക്കുപോന്നു. "കുട്ടീ ഇങ്ങോട്ടുവരു" എന്നു പറഞ്ഞു ഒരാൾ എന്നെ പിടിച്ച് താഴത്തേക്കുകൊണ്ടുപോയി. നാണിക്കുട്ടി അപ്പോഴേക്കു താഴത്തെത്തി ഉറക്കെ കരയാൻതുടങ്ങിയിരിക്കുന്നു. അവിടുന്നും ഇവിടുന്നുമായി ഓരോരുത്തർ നിലവിളിക്കുവാൻ തുടങ്ങി. കുറച്ചുനേരത്തേക്ക് ആ വീട്ടിൽ നിലവിളിയല്ലാതെ യാതൊന്നും കേൾക്കാനില്ലെന്നായി. ഞാൻ മെല്ലെ നാണിക്കുട്ടിയുടെ അടുത്തെത്തി. "ഇനി കരഞ്ഞിട്ടെന്താകാൎയ്യം അമ്മാമൻ ഇനി മടങ്ങിവരുമൊ ?" എന്നു അവളെ സമാധാനിപ്പിക്കാൻ നോക്കി.

നാണി—(കരഞ്ഞുംകൊണ്ട്) അച്ഛൻ എങ്ങോട്ടാണ് പോയത്.

ഞാൻ—അമ്മാമൻ മരിച്ചു. നാണിക്കുട്ടി! നമ്മളെയൊക്കെ ആരാണാവോ ഇനി നോക്കാൻ, ഇത്തിരി കഴിഞ്ഞാൽ അമ്മാമന്റെ ദേഹവുംകൂടി കൊണ്ടു പോകും.

നാണി—(കരച്ചിൽ നിർത്താതെ) എന്തിനാ ദാസേട്ടാ അച്ഛൻ മരിച്ചത്.

ഞാൻ—നാമെല്ലാം ഇങ്ങിനെ മരിക്കുംപോൽ! കഷ്ടം! ഈ അമ്മാമന്ന് അത്ര വയസ്സൊന്നും ആയിട്ടില്ല. ഗോപാലമ്മാമൻ മരിക്കുമ്പോഠം എത്ര വയസ്സായിരുന്നു. നമുക്ക് ഭാഗ്യമില്ല.

നാണി—എന്നാൽപിന്നെ നമുക്ക് അച്ഛനെ കാണാൻ സാധിക്കുമോ (പിന്നേയും കരയുന്നു.)

ഞാൻ—അതെന്തോ നാണിക്കുട്ടി, കരയണ്ട—ദൈവം നമ്മെ തുണക്കും. ചെറിയമ്മാമയല്ലെ വരുന്നത് നമുക്ക് ഉമ്മറത്തേക്കുപോകുക.

ണാണി—വേണ്ടാദാസേട്ട, എനിക്ക് തന്നെയിരിക്കാൻ പേടിയാകുന്നു.

ചെറിയമ്മാമ വന്നപ്പോഴേക്ക് നേരം ഏകദേശം വൈകുന്നേരമായി. ആളുകളും അവിടെ നിറഞ്ഞു. അമ്മാമൻ പരക്കെ സമ്മതനായിട്ടുള്ള ഒരാളായിരുന്നതി

നാൽ അദ്ദേഹത്തിന്റെ മരണവൎത്തമാനം കേട്ടവരെല്ലാം അവിടെ എത്തി. ചെറിയമ്മാമയോടു അന്വേഷണങ്ങൾ ചെയ്തു തുടങ്ങി. അദ്ദേഹത്തിന്നാണെങ്കിൽ വ്യസനം കൊണ്ടു ഒരക്ഷരം മിണ്ടാനും കഴിയാതായി. അടുത്തുള്ള ചില കാരണവന്മാരെ ശരണം പ്രാപിച്ച് ചെറിയമ്മാമൻ പൂമുഖത്തിന്റെ ഒരു കോണിൽ ഇരിപ്പായി.

മരുമക്കത്തായ തറവാട്ടിലെ സമ്പ്രദായപ്രകാരം അമ്മായിയെ "ഇറക്കി" അയച്ചതിനുശേഷമെ ശവമെടുക്കുവാൻ പാടുള്ളൂ എന്നു ചില കാരണവന്മാർ അവിടവിടെനിന്നു പിറുപിറുത്തു തുടങ്ങി. അമ്മാമൻ മരിച്ചാൽ അദ്ദേഹത്തിന്റെ ശേഷക്കാർ കൊടുക്കുന്ന പട്ടുകൊണ്ടു തലമൂടി എല്ലാവരും നോക്കിനില്ക്കുമ്പോൾ അമ്മായി പടിയിറങ്ങി പോകേണമെന്നാണ് ഈ ആചാരം വിധിച്ചിട്ടുള്ളത്. അമ്മായിയേയും മററുള്ളവരേയും ഇതിലധികം ദുഃഖിപ്പിക്കുന്നതായ വേറൊരുകൃത്യം ഇനി ഉണ്ടോ എന്നു സംശയമാണ്. ആത്മവല്ലഭന്റെ നാശംകൊണ്ടുള്ള സങ്കടത്തിന്നു പുറമെ അദ്ദേഹത്തിന്റെ മരണംകൊണ്ട് കഷ്ടപ്പെടേണ്ടുന്നത് താനാണെന്നു മററുള്ളവരെ ആ നിമിഷം അറിയിക്കുകയെന്ന കരളലിയിക്കുന്ന കൃത്യവും നടത്തേണ്ടതായി വരുന്നു. മററുള്ളവരേപ്പോലെ മൃതദേഹത്തിന്ന് ഒടുവിൽ ചെയ്യേണ്ടുന്ന ഉപചാരങ്ങൾ സ്വന്തം തൃപ്തിക്കായിട്ടെങ്കിലും നിൎവ്വഹിക്കാൻ തരമില്ല. അതുവരെ തന്റെ നാഥനുമായി സ്വൈരമായി പാൎത്തിരുന്നസ്ഥലം ഉടനെ

ഉപേക്ഷിക്കയുംവേണം. ദുഃഖം വരുമ്പോൾ അതു പങ്കിടു വാൻ ആളുണ്ടാവുന്നത് അതിലുൾപ്പെട്ട എല്ലാവക്കും അല്പമെങ്കിലും ആശ്വാസത്തിന്നുകാരണമാണ്. ഭത്താവിൻെറ ദേഹവിയോഗത്തിൽ ഭാൎയ്യയേപ്പോലെ അദ്ദേഹത്തിൻെറ സോദരീസോദരന്മാരും പരിതപിക്കാറുണ്ടല്ലൊ. ആ കൂട്ടത്തിൽതന്നെയിരിക്കയാണെങ്കിൽ തന്നെപ്പോലെ ദുഃഖിക്കുന്നവരെ കണ്ടിട്ടെങ്കിലും ഭാൎയ്യക്ക് കുറഞ്ഞൊരു സമാധാനമുണ്ടായി എന്നുവന്നേക്കാം. അതിനൊന്നും തരമില്ലാതെ "കണ്ണീരുംകയ്യു" മായി കഴിയാനുള്ള ഒരു പോക്കാണ് ഇത്. ചിലപ്പോൾ ചെന്നുചേരുന്ന സ്ഥലത്ത് തനിക്കുവന്ന അവസ്ഥാന്തരത്തിൽ സഹതപിക്കുന്നവരേക്കാൾ സന്തോഷിക്കുന്നവർ അധികമായി എന്നും വന്നേക്കാം. ഏതായാലും ഈ "ഇറക്കൽ" ഇതുവരെ അനുവദിച്ചുപോന്ന നമ്മുടെ നാട്ടുകാർ സാമാന്യത്തിലധികം മനശ്ശക്തിയുള്ളവരാണെന്നുള്ളതിലേക്ക് സംശയമില്ല.

അധികം താമസിയാതെ ഭവാനിയമ്മായിയേയും ഇങ്ങിനെ ഇറക്കിപ്പറഞ്ഞയക്കാനുള്ള ശ്രമമായി. അമ്മായി അതിനൊരുങ്ങി. ഭത്താവിൻെറ മൃതദേഹം കിടക്കുന്ന മുറിവിട്ട് താഴത്ത് ഒരറയിൽ വന്നിരുപ്പായി. തനിക്ക് ലോകസുഖങ്ങൾ ഇതോടുകൂടി അവസാനിച്ചുവെന്ന് കരുതിയപോലെ കഴുത്തിലും കയ്യിലും ഉണ്ടായിരുന്ന ആഭരണങ്ങൾ അഴിച്ചുവെച്ചു. കഴുത്തിൽ താലികോത്ത് കെട്ടിയിരുന്ന നൂല് വലിച്ചു പൊട്ടിക്കതന്നെ ചെയ്തു. അമ്മാ

മന്റെ മരണവും അത്തരത്തിൽ പെട്ടെന്നാണല്ലോ ഉണ്ടായത്. കുഞ്ഞിശ്ശങ്കരനും നാണിക്കുട്ടിയും കരഞ്ഞുംകൊണ്ട് അട്ടത്തുതന്നെ ഉണ്ടായിരുന്നു. ഞാനും അമ്മായിയുടെ അരകത്തു ചെന്നുനിന്നു. എനിക്കും ആ സമയത്ത് കരച്ചൽ പൊട്ടി. അമ്മായി എന്നെ ഉടനെ പിടിച്ചു.

അമ്മായി — ദാസൻ കരയണ്ട, ദാസനെ ഇനി ചെറിയ അമ്മാമൻ നോക്കും. അമ്മായിയെ ദാസൻ മറക്കരുത്_ട്ടോ.

ഞാൻ — ഞാൻ എങ്ങിനേയാണ് അമ്മായിയെ മറക്കുന്നത്. ഞാൻ ഇങ്ങോട്ട് വരാൻതന്നെ അമ്മായിയല്ലെ കാരണം? എന്നെ അമ്മായിയെപ്പോലെ ആരും നോക്കില്ല. അമ്മായി എന്തിന്നാണ് പോകുന്നത്.

അമ്മായി — (കണ്ണിൽ വെള്ളം നിറച്ച്) അമ്മായിക്ക് ഇനി ഇവിടെ താമസിക്കാൻ പാടില്ല.

ഞാൻ — ആരാണ് പറഞ്ഞത്. കുഞ്ഞിശ്ശങ്കരനും നാണിക്കുട്ടിയും കൂടെ പോരണൊ?

അമ്മായി — അതാവൊ, ചെറിയമ്മാമ വന്നാലറിയാം.

ഞാൽ — ചെറിയമ്മാമ വന്നു.

അമ്മായി — ഉവ്വോ. എന്നാൽ അദ്ദേഹം പറയും.

അപ്പോഴേക്ക് ചെറിയമ്മാമ ഒരു പട്ടാംകൊണ്ട അറുമുറിയിൽ പ്രവേശിച്ചു. അമ്മായിയെ കണ്ടഉടനെ സങ്കടം സഹിക്കാൻ വയ്യാതായി തല താഴ്ത്തിക്കൊണ്ട്,

"എല്ലാം ഈശ്വരേച്ഛയാണ്. ഞങ്ങളുള്ളകാലം അമ്മായി ബുദ്ധിമുട്ടില്ല. കുഞ്ഞിശ്ശങ്കരനും നാണിക്കുട്ടിയും ഇവിടെനിന്നോട്ടെ" എന്ന് ഒരുവിധം പറഞ്ഞൊപ്പിച്ചു പട്ട് കയ്യിൽ കൊടുത്തു. അമ്മായി മറുവടിപറയാൻ വളരെ കഷ്ടപ്പെട്ടു ഒടുവിൽ "എനിക്ക് അതു മാത്രമെ സമാധാനമുള്ളു" എന്ന് പകുതി കരഞ്ഞിട്ടും പകുതി വാക്കായിട്ടും പറഞ്ഞു.

അമ്മാമൻ മുറിയിൽ നിന്നു പുറത്തുപോയതോടുകൂടി കുഞ്ഞിശ്ശങ്കരനോടും നാണിക്കുട്ടിയോടും "നിങ്ങൾ ദാസനൊന്നിച്ച് നിന്നോളിൻ അമ്മ പോകട്ടെ! എന്ന് അവരെ സമാധാനപ്പെടുത്തി അമ്മായി പുറപ്പെട്ടു. "നാണിക്കുട്ടി അമ്മേ, അമ്മ പോകേണ്ടാ" എന്നുപറഞ്ഞു ഉറക്കെ നിലവിളിച്ചു അമ്മായിയുടെ പിന്നാലെ പോകാൻ തുടങ്ങി. ഞാൻ പിന്നാലെ ചെന്ന് അവളുടെ കൈ പിടിച്ചു. നാണിക്കുട്ടി കരയണ്ടാ വരു" എന്ന് പറഞ്ഞ് പിടിച്ചുവെങ്കിലും അവൾ അമ്മയെ വിട്ടില്ല. ഒടുവിൽ ചെറിയമ്മാമൻ വന്ന് അവളെ എടുത്തു പത്തായപ്പുരയുടെ മുകളിലേക്ക് കൊണ്ടുപോയി.

അമ്മായി കുടുകുടെ ഒഴുകിയിരുന്ന കണ്ണുനീരോടുകൂടി അങ്ങുമിങ്ങും നോക്കാതെ "ഇങ്ങിനി വരാതവണ്ണം" ഇറങ്ങിപ്പോയി.

കുട്ടികളായ ഞങ്ങൾക്കും ആൾ തിങ്ങിനിന്നിരുന്ന സ്ഥലം അപ്പോൾ വിജനപ്രദേശംപോലെതോന്നി.

# 6-ാംഅദ്ധ്യായം

അമ്മാമൻെറ പുലകുളിയും അടിയന്തരവും കോഴി ക്കോട്ടുവെച്ചുതന്നെ കഴിച്ചു. കുട്ടികളായ ഞങ്ങളെല്ലാം അടിയന്തരത്തിൽ ഞങ്ങളെക്കൊണ്ടു കഴിയുന്നവിധം പങ്കു കൊണ്ടു കുളിക്കുവാൻ പോകുമ്പോഴും, ഊണു കഴിഞ്ഞ് വെറുതെ ഇരിക്കുമ്പോഴും ഞാനും കുഞ്ഞിശ്ശങ്കരനും തമ്മിൽ ഞങ്ങളുടെ പഠിപ്പിനെപ്പററിയും അവിടുന്നങ്ങോട്ട് ഞങ്ങ ളുടെ കാര്യങ്ങൾ അന്വേഷിക്കുവാൻ ആരാണെന്നതി നെപ്പററിയും സംസാരിക്കാറുണ്ടായിരുന്നു. കുഞ്ഞിശ്ശങ്ക രൻെറ അമ്മാമൻ ഒരുദ്യോഗസ്ഥനായിരുന്നതിനാൽ അവൻെറ സ്ഥിതി എന്നെക്കാൾ ഭേദമായിരുന്നുവെന്ന് ഞാൻ പലപ്പോഴും അവനോട് പറയാറുണ്ടായിരുന്നുവെ ങ്കിലും അവൻ അതു സമ്മതിച്ചിരുന്നില്ല. വക്കീലമ്മാ മൻെറ ദേഹവിയോഗത്തോടുകൂടി ഞങ്ങളുടെ തറവാ ട്ടിൻെറ ശ്രേയസ്സിന്നു് കാരണഭൂതനായ ഏകപുരുഷനും ലോകരംഗത്തിൽനിന്നു മറഞ്ഞു. തറവാട്ടിൽ ചിലവിന്നു ബുദ്ധിമുട്ടുണ്ടായിരുന്നില്ലെങ്കിലും കുട്ടികളുടെ വിദ്യാഭ്യാസാ ദിഭാരവാഹിത്വം കയ്യേല്ക്കാൻ ചെറിയമ്മാമൻ മാത്രമെ ഉണ്ടായിരുന്നുള്ളു. അദ്ദേഹത്തിന്ന് സ്വന്തം സമ്പാദ്യ മൊന്നും ഉണ്ടായിരുന്നില്ലെന്നുതന്നെ പറയണം. തറവാട്ടു കാര്യം അന്വേഷിപ്പാൻ ചെറിയമ്മാൻതന്നെ ആയി രുന്നു. അദ്ദേഹത്തിന്നു പാട്ടം പിരിച്ച് ചെലവുനടത്തി

വരികയെന്നല്ലാതെ അതിൽകവിഞ്ഞ യാതൊരു ചുമതലയും വഹിക്കുവാൻ ത്രാണിയുണ്ടായിരുന്നില്ല.

അടിയന്തരദിവസം വൈകന്നേരംതന്നെ കുഞ്ഞിശ്ശങ്കരനേയും നാണിക്കുട്ടിയേയും വീട്ടിലേക്കയയ്ക്കാനുള്ള ഒരുക്കങ്ങൾ ചെയ്യുന്നതായികണ്ടു. അവക്കും അമ്മായിക്കും ഒരുകൊല്ലത്തേക്കുള്ള "ഉടുക്കാനും," പിണ്ഡമടിയന്തരത്തിന്റെ വട്ടങ്ങളും, പൊതിഞ്ഞും പാത്രത്തിലാക്കിയുംവെച്ചുതുടങ്ങി ഇതെല്ലാം കണ്ട് അമ്പരന്നുനിന്നിരുന്ന നാണിക്കുട്ടി എന്നെ അന്വേഷിച്ച് ഞാൻ വിശ്രമിച്ചിരുന്ന മുറിയിലെത്തി.

നാണി—നാളെ ഞാനും ഏട്ടനും വീട്ടിലേക്ക് പോണമെന്നുതോന്നുന്നു. ചെറിയമ്മാമൻ അങ്ങിനെ പറയുന്നതും വണ്ടി വിളിപ്പിക്കുന്നതും കേട്ടു. ദാസേട്ടൻ എങ്ങോട്ടെങ്കിലും പോകുമോ? അതൊ ഇവിടെ തന്നെ താമസിക്കുമോ—എവിടെ ആയാലും ഞങ്ങളെ മറക്കരുതേ!

ഇതു പറയുമ്പോൾ അവളുടെ കണ്ണിൽ വെള്ളം നിറഞ്ഞു.

ഞാൻ—നാണിക്കുട്ടി! നിന്നെ ഞാൻ മറക്കുന്നത് എന്നെ മറക്കുന്നതുപോലെയല്ലെ. ഞാനും എന്റെ വീട്ടിലേക്ക് അമ്മാമന്റെകൂടെ പോകും. വാസ്തവം പറയാണെങ്കിൽ എനിക്ക് നിന്നെ വിട്ടുപിരിയു

മ്പോഠം വല്ലാത്ത സങ്കടംതോന്നുന്നു. അന്ന് (ഞാൻ അവളുടെ കൈ പിടിച്ച്) ഈ ചെറിയ കൈകൊണ്ട് എന്റെ കാൽ എത്രപ്രാവശ്യാ ഉഴിഞ്ഞുതന്നിട്ടുണ്ട്! അതു ഞാൻ ഒരുകാലത്തുംമറക്കോ, എന്റെ കാലുനോക്കുമ്പോളെല്ലാം അമ്മാമനേയും നാണിക്കുട്ടിയേയും എനിക്ക് ഓർമ്മിക്കാതെ തരമുണ്ടോ—

നാണി—കഷ്ടം ആ വടു ഇനിയും പോയിട്ടില്ല. ദാസേട്ടനെ വിട്ടുപിരിയാൻ എനിക്കും മനസ്സുവരുന്നില്ല. ചെറിയമ്മാമൻ ഞാനും കുഞ്ഞിശ്ശങ്കരേട്ടനും പോകേണമെന്നല്ലെ പറയുന്നത്. അല്ലെങ്കിൽ എനിക്ക് ദാസേട്ടനൊന്നിച്ച് ഇവിടെതന്നെ താമസിക്കുന്നതാണ് ഇഷ്ടം-പക്ഷെ അമ്മയെ കാണേണമെന്നുമുണ്ട് അമ്മക്ക് ഇനി ഇങ്ങോട്ട് വരാൻപാടില്ലത്രെ—

ഞാൻ—നാണിക്കുട്ടി. നമ്മളൊക്കെ കുട്ടികളാണ്-നാം വലുതാവുന്നതുവരെ കാരണവന്മാർ പറയുന്നതുകേട്ടുനടക്കയേ നിവൃത്തിയുള്ളൂ. അമ്മാമൻ മരിച്ചിട്ടില്ലെങ്കിൽ നമുക്ക് ഒന്നിച്ചിരിപ്പാൻ സാധിക്കുമായിരുന്നു. ഇനിയെന്തോ നമ്മുടെ ഇഷ്ടം കണ്ടറിയുന്ന ഈശ്വരന്ന് നാം പിരിഞ്ഞിരിക്കുന്നതായിരിക്കും ഇഷ്ടം-എന്തുചെയ്യാം-ഞാൻ നാണിക്കുട്ടിയെ ഒരു കാലത്തും മറക്കില്ല—ദാസേട്ടനേയും മറക്കരുത്.

നാണി—ദാസേട്ടൻ എന്നെ കളിയാക്കയാണ്. ദാസേട്ടൻ എനിക്ക് മാലകെട്ടിത്തരാറുള്ളതും, എനിക്കു വേണ്ടി കൃഷ്ണൻെറ മുമ്പിൽ പൂകൊണ്ടുവെക്കാറുള്ളതും, അമ്മയൊ കുഞ്ഞിശ്ശങ്കരേട്ടനൊ ദേഷ്യപ്പെടാൻ വരുമ്പോഴം എൻെറ ഭാഗം പറയാറുള്ളതും, ഞാൻ മറക്കമോ- കുഞ്ഞിശ്ശങ്കരേട്ടനുംകൂടി എന്നെ തല്ലുകയോ, നുള്ളുകയോ ചെയ്യാറുണ്ട്. ദാസേട്ടൻ ഇതുവരെ എന്നോട് ഒരു "കറുത്തവാക്കും" കൂടി പറകയുണ്ടായിട്ടില്ല — പിന്നെ ഞാനെങ്ങിനെയാണ് ദാസേട്ടനെ മറക്കുന്നത്. ദാസേട്ടൻ വലുതായാൽ എൻെറ വീട്ടിലേക്കുവരില്ലേ—

ഞാൻ—അപ്പോഴേക്ക് നാണിക്കുട്ടിയും വലുതാവില്ലേ പിന്നെ നാം തമ്മിൽ കാണാനും സംസാരിക്കാനുമൊക്കെ തരമാവുമൊ? അമ്മായിയുടെ ചെറിയ അനുജത്തി ഇവിടെ വന്നിട്ട് കണ്ടില്ലേ, ഒരു മുറിയിൽതന്നെ കൂടിയിരുന്നത്, അതുപോലെ നാണിക്കുട്ടിയും തുടങ്ങും.

നാണി—ദാസേട്ടൻ പിന്നേയും കളിയാക്കുകയാണ്, ഞാൻ എത്ര വലുതായാലും ദാസേട്ടൻെറ നാണിക്കുട്ടിതന്നെയാണ്—

ഞാൻ—ആവോ — ഇനി ദാസേട്ടനും നാണിക്കുട്ടിയും ഏതുകാലത്താണാവോ കാണുന്നത്. ഈശ്വരനറിയാം.

നാണി—ദ്ദാസേട്ടനും അറിയാം വേണമെങ്കിൽ.

സംഭാഷണം ഈ ഘട്ടത്തിലെത്തിയപ്പോൾ ഉണ്ണാൻ വിളിക്കുന്നതുകേട്ട് ഞങ്ങൾ പോയി. "നിങ്ങൾരണ്ടാളും എവിടെയായിരുന്നു ഇതുവരെ-ഞാൻ എവിടെയെല്ലാം തിരഞ്ഞു" എന്നു പറഞ്ഞുകൊണ്ട് കുഞ്ഞിശ്ശങ്കരനും എത്തി.

പിറേറദിവസം രാവിലെ കുഞ്ഞിശ്ശങ്കരനും നാണിക്കുട്ടിയും ഞങ്ങളെ വിട്ടുപിരിഞ്ഞു. അവർ കേറിയ വണ്ടി എൻെറമനസ്സിനെ വലിച്ചുകൊണ്ടു പോകുന്നുവോ എന്നു തോന്നുമാറ്, ഞാൻ അടങ്ങിനില്ലാൻ കഴിയാതെ പടിക്കലേക്കു രണ്ടുമൂന്നു തവണ ഓടി അവരുടെ പോക്കും നോക്കി നിന്നു.

## 7-ാം അദ്ധ്യായം

ചെറിയമ്മാമയോടുകൂടി ഞാനും എൻെറ വീട്ടിലേക്കുമടങ്ങിവന്നു. അമ്മയെ വീണ്ടും ശരണം പ്രാപിച്ചു. വലിയമ്മാമയുടെ മരണത്തിൽ എൻെറ അമ്മയോളം വ്യസനിച്ചിരുന്ന ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽ അത് അമ്മായിമാത്രമായിരുന്നു. "കണ്ണനിർതന്നെ കുശലം വിചാരിച്ചു" എന്ന തരത്തിലാണ് എന്നെ എതിരേററത്. ആദ്യംതന്നെ എന്നോടു ചോദിച്ചത് അമ്മായി

യുടേയും കുട്ടികളുടേയും വർത്തമാനമായിരുന്നു. "കഷ്ടം ഇത്ര ചെറുപ്പത്തിൽതന്നെ അമ്മായിക്ക് ഈ സങ്കടംവന്നുവല്ലോ" എന്ന് അമ്മ പലവുരു പറഞ്ഞുതുടങ്ങി. "അഴകും ആയസ്സുംകൂടി കൊടുക്കില്ല എന്ന പഴമൊഴിയുടെ പരമാർത്ഥം തെളിയിക്കാനായി ഒരു ഉദാഹരണവുംകൂടിയായി" എന്ന് അമ്മാമനെപ്പററിയും പറഞ്ഞു. മരിച്ചവരുടേയും അകന്നവരുടേയും ഗുണങ്ങൾ വർണ്ണിച്ചുകൊണ്ടു കുറെ ദിവസങ്ങൾ കഴിഞ്ഞു. "വല്ല ദുഃഖവും കാലംചെല്ലുമ്പോൾ കഴിഞ്ഞുപോ"മെന്ന ലോകശ്രുതി അനുസരിച്ച് എൻെറ കുടുംബത്തിലുള്ളവർ വികാരങ്ങളും വിചാരങ്ങളും മതിയാക്കി വിവിധകർമ്മങ്ങളിൽ ഏർപ്പെട്ടുതുടങ്ങി. ചണ്ടിനിറഞ്ഞ കുളത്തിൽ ഒരു വലിയ കല്ലുവന്ന് വീഴുമ്പോൾ എന്തെന്നില്ലാത്ത ഒരു ക്ഷോഭം അതിലുണ്ടാവുന്നു. വെള്ളം ഓളം വെട്ടി കരയിടിയുമോ എന്ന് തോന്നുമാറ അവിടെ ചെന്നടിക്കുന്നു. ചണ്ടി ബലാല്ക്കാരമായി പിടിച്ചുവലിച്ചപോലെ നാലുഭാഗത്തേക്കും അകന്നുമാറുന്നു. ഒരു നിമിഷം കഴിയുമ്പോഴേക്ക് സ്ഥിതിയെല്ലാം മാറി വെള്ളത്തിൻെറ ഇളക്കംനിന്നു. അകന്നുപോയ ചണ്ടി അതിവേഗത്തിൽ അടുത്തു. അങ്ങിനെയൊരു സംഭവമുണ്ടായെന്ന് അറിയാൻ കഴിയാത്തവിധത്തിൽ പഴയനിലയിലെത്തി. ഇതുപോലെതന്നെയാണ് മനുഷ്യരുടെ മനസ്സും. ആപത്തു വരുമ്പോൾ അതിൽ അമർക്കാൻ കഴിയാത്ത ഒരു കലക്കമുണ്ടാവുന്നു. സഹജമായ പ്രേര

കശക്തി ക്രമേണ അതിനെ ജയിച്ച് മനസ്സിനെ സ്വസ്ഥമാക്കിത്തീക്കുന്നു. എന്റെ കുടുംബത്തിലുള്ളവരും ഈ പ്രകൃതിതത്വത്തിന്നധീനരായി.

അമ്മയും ഞാനുംകൂടി എന്റെ പഠിപ്പിനെപ്പററി ആലോചനയായി. അച്ഛന്റെ കയ്യിൽ പണമില്ല— അമ്മാമൻ തറവാട്ടിൽനിന്നെടുത്ത് പഠിപ്പിക്കുമോ എന്ന കാൎയ്യം തിച്ചയില്ല. തറവാട്ടിൽ അന്നുള്ള കുട്ടികളെയെല്ലാം പഠിപ്പിക്കാൻ തക്കവണ്ണം സ്വത്തുണ്ടോ എന്നും സംശയം. മരിച്ചുപോയ അമ്മാമൻ നിമിത്തം എന്റെ മനസ്സിൽ വേരൂന്നിട്ടുള്ള ആശാലത പലകഴുത്തുകൾ പൊട്ടി തഴക്കുവാൻ തുടങ്ങിയിരിക്കുന്നു. അത് വളത്തിക്കൊണ്ടുവരുവാനുള്ള ആഗ്രഹം എന്നേക്കാൾ അമ്മക്കും ഉണ്ടായിരുന്നു. ഈ ഘട്ടത്തിൽ ഞങ്ങൾ ഇങ്ങിനെ ആലോചിച്ചു.

അമ്മ—ദാസാ നീ ഭാഗ്യമില്ലാത്തവനാണ്. അല്ലെങ്കിൽ അമ്മാമ ഇത്രവേഗപ്പത്തിൽ മരിക്കേണ്ടിയിരുന്നില്ലല്ലോ.

ഞാൻ—അത് ഇനിപറഞ്ഞിട്ടെന്താ കാൎയ്യം അമ്മാമന്ന് മരിക്കാതെ കഴിയുമോ—

മരണദിവസവും ശിരസ്സിലാക്കി-
ധരണിതലം പ്രവശന്തി മാനുഷന്മാർ

എന്ന് ഞാൻ പഠിച്ചിട്ട് അധികം ദിവസമായിട്ടില്ല.

അങ്ങിനെയാണെങ്കിൽ പിന്നെ എപ്പോഴെങ്കിലും ഒരിക്കൽവേണ്ടേ. അദ്ദേഹം ഭാഗ്യവാനായിത്തന്നെ കഴിഞ്ഞു. മരിച്ചവരെപ്പററി ദുഃഖിച്ചിരിക്കുന്നതു കൊണ്ട് യാതൊരു പ്രയോജനവും ഇല്ല. അതു കൊണ്ട് ഇവിടുന്നങ്ങോട്ട് വേണ്ടുന്നതെന്താണെന്ന് തീർച്ചപ്പെടുത്താൻ ശ്രമിക്കണം.

അമ്മ—അതിനു തന്നെയാണ് വിഷമം. അമ്മക്കു സാധിക്കുമെങ്കിൽ യാതൊരു ബുദ്ധിമുട്ടമില്ല. നീ പഠിച്ച് ഒരു നല്ല നിലയിൽ വന്നുകണ്ടാൽ കൊള്ളാമെന്ന് അമ്മക്ക് വളരെ മോഹമുണ്ട്,

ഞാൻ—അതിലേക്ക് ചെറിയമ്മാമൻ ഒന്നും സഹായിക്കില്ലെ.

അമ്മ—എന്തോ അദ്ദേഹം അതിനെപ്പററി ഒന്നും മിണ്ടീട്ടില്ല. വിവരങ്ങളൊക്കെ അറിഞ്ഞിരുന്നിട്ടും ഒരന്വേഷണവുംകൂടി ചെയ്യിട്ടില്ല.

ഞാൻ—അമ്മാമൻ അറിഞ്ഞു വല്ലതും ചെയ്യുന്നുണ്ടെങ്കിൽ മതി. അങ്ങോട്ടൊന്നും ചോദിക്കാൻപോണ്ടാ. മംഗലത്തുള്ള സ്കൂളിൽ കുട്ടികളെ ഫീസില്ലാതെ പഠിപ്പിക്കുന്നുണ്ടത്രെ. ഞാൻ ഇന്നലെ അവിടെ പഠിക്കുന്ന ഒരു കുട്ടിയെ കണ്ടു. പക്ഷെ അവിടത്തന്നെ താമസിക്കണമത്രെ. പഠിപ്പുകഴിയുന്നതുവരെ അവിടുടെ ചിലവാണ്. അവിടെ പോയി 'ഒന്നന്വേ-

ഷിച്ചാലോ— ഇവിടെനിന്ന് ഏട്ടുപത്തു നാഴിക യുണ്ട്. അവിടെ എത്താനുള്ള ചിലവിന്നുമാത്രം അമ്മ വല്ലതും തന്നാൽ മതി.

അമ്മ—നിണക്ക് തന്നെ താമസിക്കാറായോ—ഭാസാ

ഞാൻ—അവിടെയുള്ള കുട്ടികൾ മിക്കവരും എന്റെ പ്രായക്കാരാണത്രെ. പിന്നെ അവിട്ടത്തെ മാസ്റ്റർ മാരൊക്കെ അവിടെത്തന്നെയാണപോൽ താമസം. അവരെപ്പോഴും കുട്ടികളുടെ കാൎയ്യം അന്വേഷിച്ചു കൊണ്ടിരിക്കുന്നുണ്ടത്രെ—കല്പന ദിവസങ്ങളിൽ ഇങ്ങോട്ടുവന്ന് അമ്മയെ കാണാനും സമ്മതിക്കുമെ ന്നാണ് ആ കുട്ടി പറഞ്ഞത്.

അമ്മ—എനിക്ക് നിന്നെ കാണ്മാൻ തരമാവില്ലല്ലോ എന്നല്ല വിചാരം. നീ ഒരാൺകുട്ടിയാണ് എന്നും നിന്നെ കണ്ടുകൊണ്ടിരിക്കുവാൻ തരമാവോ? നീ കോഴിക്കോട്ടായിരുന്നപ്പോൾ ഞാൻ എങ്ങിനെയാണ കഴിച്ചുകൂട്ടിയത്—പക്ഷെ അവിടെ എന്നേപ്പോലെ നിന്നേ നോക്കാൻ അമ്മായിയുണ്ടെന്ന് എനിക്ക് സമാധാനമുണ്ടായിരുന്നു— അങ്ങിനെയൊരാൾ മംഗലത്ത് ഉണ്ടാവുമോ?

ഞാൻ—ഇനി അങ്ങിനെയൊരാൾ ഇല്ലെന്നുതന്നെ ഇരി ക്കട്ടെ—അവിടെക്ക് അനവധി അമ്മമാർ കുട്ടി കളെ അയച്ചിട്ടുണ്ട് അവരുടെ കൂട്ടത്തിൽ ഞാൻ എങ്ങിനെയെങ്കിലും കഴിച്ചുകൂട്ടിക്കൊള്ളാം—പിന്നെ

കുറച്ചുകാലം കഴിഞ്ഞാൽ അമ്മയും മരിക്കും. അ
പ്പോഴും ഞാൻ കഴിഞ്ഞുകൂടേണ്ടേ—അതുകൊണ്ട്
അന്യനെ ആശ്രയിക്കാതെ സ്വന്തം പരിശ്രമം
കൊണ്ട് കഴിഞ്ഞുകൂടുവാൻ ഇപ്പോഴ്‌തന്നെ പഠി
ക്കയല്ലെ നല്ലത്.

അമ്മ—ദാസ. നിണക്ക് ഇപ്പോഴ്‌തന്നെ എന്നെ പഠി
പ്പിക്കാനുള്ള അറിവുണ്ട്. നീ ഇത്ര ചെറുപ്പത്തിൽ
തന്നെ ഇത്രത്തോളം അറിവു സമ്പാദിച്ചുകണ്ടതിൽ
എനിക്ക് വളരെ സന്തോഷമുണ്ട്. എന്റെകുട്ടി
നീ നന്നായി കാണേണമെന്നേ അമ്മക്ക് ആഗ്രഹ
മുള്ളൂ. വലിയ അമ്മാമന്റെ അനുഗ്രഹമുണ്ടെങ്കിൽ
നിണക്ക് ഇഷ്ടമെല്ലാം സാധിക്കും. മംഗലത്തേക്ക്
നാളെത്തന്നെ പുറപ്പെട്ടോളൂ. അമ്മാമൻ അപ്പ
പ്പോഴായി വിഷുക്കേട്ടം തന്നിട്ടുള്ളത് ഞാൻ സൂക്ഷി
ച്ചിട്ടുണ്ട്. അതിൽനിന്ന് തല്ക്കാലം വേണ്ടത് ദാസൻ
എടുത്തോളൂ.

ഞാൻ— അങ്ങിനെയാവട്ടെ ഞാൻ ചെറിയമ്മാമനോട
വിവരം പറഞ്ഞ് പോവാൻ സമ്മതം ചോദിക്കട്ടെ.

അമ്മ—ഓ– തന്നെപോകേണ്ട എന്ന് ഒരു സമയം പറ
യാൻ മതി.

ഞാൻ—എന്നാൽ അവിടത്തോളം ഒരാളെ തുണയായി
അയക്കട്ടെ" എന്നും പറഞ്ഞ് ഞാൻ അമ്മാമനെ
കാണുവാൻ പോയി— ഞാൻ പത്തായപ്പുരയി

ലേക്കു ചെല്ലുമ്പോൾ അമ്മാമൻ ഇറങ്ങിവരുന്നതു കണ്ടു് മുമ്പിൽ ചെന്നു് "ഞാൻ നാളെ പോവണമെന്നു വിചാരിക്കുന്നു. അമ്മാമൻ സമ്മതം തരണം." എന്നു് പറഞ്ഞു.

അമ്മാമൻ—എവിടേക്കു്.

ഞാൻ—മംഗലത്തു് ഒരു സ്കൂളുണ്ടു്. അതിൽ ചേൎന്നുപഠിക്കാനാണു്.

അമ്മാമൻ—അതിലേക്കുള്ള ചിലവിന്നു് ആരാണു് തരാൻ.

ഞാൻ—ആരുമില്ല.

അമ്മാമൻ—പിന്നെ എന്തിനാ അങ്ങോട്ടു പോകുന്നതു്. ഇവിടെ ബുദ്ധിമുട്ടിനൊന്നും സാധിക്കില്ല. ചിലവു കഴിച്ചുകൂട്ടാൻ തന്നെ ഞെരുക്കമാണു്.

ഞാൻ—അമ്മാമൻ ഒന്നും തരണ്ടാ. സമ്മതം തന്നാൽ മതി.

അമ്മാമൻ—എന്താ വേറെ ആരെങ്കിലും തരാന്നുറച്ചിട്ടുണ്ടോ—വലിയമ്മാമ എന്താ നിന്റെ അമ്മക്കു് സഹായമായി വല്ലതും കൊടുത്തിട്ടുണ്ടോ?—അവിടേയും ഇവിടേയും പോയി ഇരക്കുന്നതു് തറവാട്ടിലേക്കു് പോരായ്മയാണു്.

ഞാൻ—ഇല്ലെങ്കിൽ ഇരക്കുകതന്നെ നിവൃത്തിയുള്ളു. മാനംനടിച്ചിരുന്നാൽ ഇനിമേൽ കഴിഞ്ഞുകൂടണ്ടേ? അവിടെ ഫീസൊന്നും കൊടുക്കേണ്ടത്രെ.

അമ്മാമൻ—ഓഹോ. നീ കോഴിക്കോട്ടു് പോയിവന്ന

പ്പോഴേക്ക് ഇത്രയൊക്കെ ഞായം പറയാൻ പഠി ച്ചുവോ! നന്ന് വളച്ച്!

ഞാൻ—ഞാൻ ഞായമൊന്നും പറഞ്ഞില്ലേ. എൻെറ എളിയ ബുദ്ധിയിൽ തോന്നിയ കാൎയ്യം പറഞ്ഞ താണ്.

അമ്മാമൻ.—എങ്ങോട്ടുപോയാലും എനിക്ക് തരക്കേടൊ ന്നുമില്ല.—അമ്മയെന്തേ പറഞ്ഞത്.

ഞാൻ—അമ്മാമനോട് ചോദിക്കാൻ പറഞ്ഞു.

അമ്മാമൻ—എനിക്ക് വിരോധമൊന്നുമില്ല. നിങ്ങളെ ല്ലാവരുംകൂടി തറവാട്ടിന്ന് ഉള്ള മാനം കളയാതിരു ന്നാൽമതി.

ഞാൻ—അത് കഴിയുന്നേടത്തോളം സൂക്ഷിച്ചുകൊള്ളാം. അമ്മാമൻെറ സമ്മതം കിട്ടിയതോടുകൂടി എനി ക്കെന്തൊ ഒരു വലിയ മുടക്കം നീങ്ങിയതുപോലെ തോന്നി,

## 8-ാംഅദ്ധ്യായം

### (ആശ്രമ പ്രവേശം)

കുടുംബജീവിതത്തിലെ വേലിയേററത്തിൻെറയും വേലിയിറക്കത്തിൻെറയും വിവരണം വായിച്ച് വായന ക്കാൎക്ക് മടുപ്പു വന്നിട്ടുണ്ടെങ്കിൽ ആവക ദുർഘടങ്ങളെ

നുംകൂടാതെയുള്ള ഒരു രംഗത്തിലേക്ക അവരുടെ ശ്രദ്ധ യെക്ഷണിച്ചുകൊള്ളട്ടെ. ഗുണദോഷ സമ്മിശ്രമായ ലോകസമുദ്രത്തിൻെറ പല ചുഴിവുകളിലും പെട്ട് കാലം കഴിക്കുന്നവൎക്ക് ആന്തരമായ സുഖം കിട്ടുവാൻ പ്രയാസമാണെന്ന് പൌരാണികന്മാർ തുടങ്ങി പലമഹാന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. മനസ്സുഖവും സന്തുഷ്ടിയും വേണമെന്ന് ആഗ്രഹിക്കുന്നവർ നാട്ടുവിട്ടു കാട്ടിൽ പോകയാണ് ഉത്തമമെന്നും അവർ ഉപദേശിക്കാതിരുന്നിട്ടില്ല.

അങ്ങിനെ കാട്ടിൽപോയി തപോവൃത്തിയിലിരുന്നവരുടെ കണക്കെടുത്തു നോക്കുന്നതായാൽ നമ്മുടെ ഭാരതഭൂമി അഗ്രസ്ഥാനത്തെ അർഹിക്കുന്നുണ്ടെന്ന് കാണാവുന്നതാണ്.

പണമുണ്ടായാൽ സുഖം സ്വാധീനമാവുമെന്ന വിചാരിച്ച് അതിന്നായി അഹോരാത്രം കഷ്ടപ്പെടുന്നവർ ഒടുവിൽ അത് തനിക്ക് അനുഭവിക്കുവാൻപോലും ശേഷിയില്ലാതായി മനമെല്ലാംമനസ്സോടെ താൻ നേടിവെച്ചതെല്ലാം അന്യനായി കൊടുക്കേണ്ടിവരുന്നു. അതിനു പുറമെ തൻെറനേട്ടം കണ്ട് അസൂയ വൎദ്ധിച്ചിട്ടുള്ള ചിലരുടെ മർദ്ദനവും ചിലപ്പോൾ അനുഭവിക്കേണ്ടതായി വരുന്നു. പ്രഭുക്കന്മാരേയും പ്രമാണികളേയും സേവിച്ച് സ്ഥാനമാനങ്ങൾ കൈക്കലാക്കുന്നതായാൽ അതില്പരം യാതൊന്നും വേണ്ടതില്ലെന്നു കരുതി ആവഴിക്ക് തൻെറ സമയമെല്ലാം ചിലവാക്കിയും,പലസാഹസങ്ങൾ ചെയ്തും,

കഴിഞ്ഞുകൂട്ടുന്ന ഒരുവന്നു ഒരു നിസ്സാരസംഗതിമൂലം താൻ അതുവരെ പണിചെയ്തുകൊണ്ടുവന്ന മണിമാളിക താനെ ഇടിഞ്ഞു വീഴുന്നത് കാണേണ്ടിവരുന്നു. ഉദ്ദേശങ്ങൾ ഒരുവിധം സാധിച്ചുവെങ്കിൽതന്നെ "ഇതിനാണോ ഇത്ര വളരേ കഷ്ടപ്പെട്ടത്" എന്നുള്ള ബോധം ഒടുവിൽ അവശേഷിക്കയും ചെയ്യുന്നു. ലോകത്തിൻെറ മുന്നണിയിൽ നില്ക്കുന്നപലരുടേയും ഉള്ളിൽ കടന്നു നോക്കുവാൻ സാധിക്കുമെങ്കിൽ മേൽവിവരിച്ചതരത്തിൽ പല അനുഭവങ്ങൾ രേഖപ്പെടുത്തിയതായി കാണാവുന്നതാണ്. കാൎയ്യങ്ങളുടെ ഗതി ഇങ്ങിനെയാണെങ്കിൽ ലോകത്തിൽ സുഖമാക്കുമില്ലേ? എന്നോരുചോദ്യത്തിന്നവകാശമുണ്ട്. ഇതിന്നു നല്ല സമാധാനം ലോകത്തിൻെറ പുറംപൂച്ചിൽ ഭ്രമിക്കാതെ ഉള്ളിൽ കടന്നുനോക്കിയാലറിയാമെന്നാണ്. കുബേരപദവിയിലിരിക്കുന്നവൻ ചിലപ്പോൾ കുചേലനേക്കാൾ കഷ്ടമായി കാലംകഴിക്കുന്നവനെകാണുമ്പോൾ അസൂയപ്പെടാറുണ്ട്. "ഇന്നത്തെ കഴിഞ്ഞു നാളെ" എന്നു വിചാരിക്കുന്നവനെ യാതൊരു വിചാരങ്ങളും അലട്ടുന്നില്ല. വരാൻപോകുന്ന കാലത്തെ കണ്ടെഴുതി കണക്കിട്ട് ഭാരോഫലട്ടത്തിൽ തനിക്കുള്ള ഉയൎച്ചയെ അതിൽ കുറിച്ച് വെച്ചിരിക്കുന്നവന്ന് ഒരുനേരവും സൈ്വരവുമില്ല. മററവന്ന് ആശ വളൎന്നു പിടിക്കുവാൻ യാതൊരവലംബവുമില്ലാത്തതുകൊണ്ട് സൈ്വരക്കേടിന്നും മാൎഗ്ഗമില്ല. ഇനി വേറൊരുതരക്കാരുമുണ്ട്. തനിക്കായിട്ട്

യാതൊന്നും വേണമെന്നില്ല. അന്യന്മാക്ക് തന്നെ കൊണ്ടു കഴിയുന്ന സഹായങ്ങാം ചെയ്തു അവരുടെ തൃപ്തി കാണുമ്പോാം അതുതന്നെയാണ് തന്റെ സുഖമെന്നു കരുതുന്നു. ഇങ്ങിനെ വിചാരിക്കുന്നവക്ക് മനസ്സിൽ വേറെ ക്ലേശമൊന്നും ഉണ്ടാകുന്നില്ല. മററുള്ളവരെ വല്ലവിധത്തിലും സഹായിപ്പാൻ ഒരവസരം കിട്ടിയാൽ അവക്ക് സന്തോഷമായി. ഭൂരിപക്ഷം ജനങ്ങാം കഷ്ടപ്പെടുന്ന ഈ പ്രപഞ്ചത്തിൽ അങ്ങിനെയുള്ള അവസരങ്ങാം സുലഭമാണല്ലൊ.

ആധുനികസംസ്കാരത്തിന്റെ ഫലമായി നാട്ടടക്കം വരുന്ന കഷ്ടപ്പാടുകാം ഒററക്കുള്ള പരിശ്രമംകൊണ്ടു പരിഹരിക്കുവാൻ പ്രയാസമാണെന്നുകണ്ടു അതിലേക്ക പല സ്ഥാപനങ്ങളും ഇയ്യിടെയായി സ്ഥാപിച്ചു വരാറുണ്ടു. അതിൽ ഒന്നാണ് മംഗലത്തുള്ള "രാമകൃഷ്ണാശ്രമം" ഇക്കാലത്തുണ്ടായിട്ടുള്ള മഹാന്മാരിൽ ജീവന്മുക്തനെന്ന് പലരും സമ്മതിച്ചിട്ടുള്ള ആ രാമകൃഷ്ണപരമഹംസന്റെ പാവനനാമധേയത്തിൽ അടങ്ങിട്ടുള്ള ആദശ്ങ്ങാം അംഗീകരിച്ചിട്ടുള്ള ഏതാനും യുവസന്യാസികളാണ് ആശ്രമത്തിന്റെ അധികാരികാം. പഠിപ്പുകൊണ്ടും, ലോകപരിചയംകൊണ്ടും, സ്വഭാവഗുണംകൊണ്ടും സവ്വധാ അനുകരണീയന്മാരായ അവർ കുറച്ചുകാലത്തിനിപ്പുറമായി അവിടെ ഒരാശ്രമം സ്ഥാപിച്ച് ഒരു വിദ്യാലയവും നടത്തി, പലവിധത്തിലും പരോപകാരം ചെയ്തു വന്നിരുന്നതായ,

കഴിഞ്ഞ അദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ക്രമേണ ആ നാട്ടിലുള്ളവർ മേല്പറഞ്ഞ ആശ്രമത്തെപ്പററി അറിഞ്ഞുതുടങ്ങി. കുട്ടികളേയും അങ്ങോട്ടയച്ചുതുടങ്ങി.

അങ്ങിനെയിരിക്കുമ്പോഴാണ് ഞാൻ എന്റെ ചങ്ങാതിയെകണ്ടതും അങ്ങോട്ട പോവാനുറച്ചതും-അമ്മാമന്റെ സമ്മതം കിട്ടിയതിനു പിറെറ ദിവസംതന്നെ ഞാൻ പുറപ്പെട്ടു. വഴിക്ക് ഒരാൽത്തറയിന്മേൽ എന്റെ ചങ്ങാതി എന്നെകാത്തിരിക്കാമെന്ന് ഏററിട്ടുണ്ടായിരുന്നു. പറഞ്ഞസമയത്തിന്ന് എനിക്ക് അവിടെ എത്തിച്ചേരാൻ തരമായില്ല. നല്ല സമയംനോക്കി പുറപ്പെടേണ്ടമെന്ന് അമ്മാമൻ സിദ്ധാന്തിച്ചു. അതുകൊണ്ട് വെയിലായിട്ടേ പുറപ്പെടാൻ സാധിച്ചുള്ളൂ. പറഞ്ഞുനിശ്ചയിച്ച സ്ഥലത്തെത്തിയപ്പോഴേക്ക് ചങ്ങാതി പോയിരുന്നു. ഞാൻ വഴിക്ക് കാണുന്നവരോടൊക്കെ മംഗലത്തേക്ക് വഴിയന്വേഷിച്ചുംകൊണ്ടു നടന്നു. ഇങ്ങിനെ പുറപ്പെട്ടപ്പോൾ എന്റെ! ഉള്ളിൽ പലേവിചാരങ്ങളും ഒന്നിനുമീതേ ഉദിക്കാനും അസ്തമിക്കാനും തുടങ്ങി. ആ സമയത്ത് വാസ്തവത്തിൽ നിസ്സഹായനായി ലോകയാത്ര തുടങ്ങുന്നവൻതന്നേയായിരുന്നു ഞാൻ. മുമ്പ് പരിചയിക്കാത്ത പലരേയും ഞാൻ യാത്രക്കിടയിൽ കണ്ടു. ഞാൻ ചോദിക്കുന്ന ചോദ്യങ്ങൾ കേട്ടുവെന്നു് നടിക്കാതെതന്നെ അവരിൽപലരും പോയിരുന്നു. ദുല്ലഭം ചിലർ താനെങ്ങോട്ടാണ് പോകുന്നതെന്നും കുട്ടിയായ ഞാൻ ആരുംതുണയില്ലാതെ ഇങ്ങിനെപുറപ്പെട്ടതെന്താണെന്നുംമററുംതിരക്കിചോദിച്ചു

അവരിൽ എനിക്ക് ഏന്തോ വിശ്വാസം തോന്നി വിവരമെല്ലാം അവരോട് പറകയും ചെയ്തു. വേറെചിലർ ഞാൻ വീട്ടിൽ എന്തെങ്കിലും അക്രമം ചെയ്തു് കാരണവരേപേടിച്ച് പോകയാണെന്നും രണ്ടുദിവസം പട്ടിണികിടന്നാൽപിന്നെ താനേവീട്ടിലേക്കുതന്നെ മടങ്ങിപ്പൊയ്ക്കൊള്ളുമെന്നും പരിഹസിച്ചു. അവരോട് കാരണവരെ ഭയപ്പെടുന്നതുകൊണ്ട് പോരായ്കയില്ലെന്നും, ഞാൻ അദ്ദേഹത്തിന്റെ സമ്മതത്തോടുകൂടിതന്നെയാണ് പോന്നിട്ടുള്ളതെന്നും, പട്ടിണി കിടക്കത്തക്കവണ്ണം പാപങ്ങൾ ഞാൻ ചെയ്തിട്ടില്ലെന്നും, സമാധാനം പറഞ്ഞു. ഓരോ പുതിയ അനുഭവങ്ങൾ ഉണ്ടാകുന്തോറും ഒററക്കു പോകുന്നതിൽ എനിക്ക് കൌതുകം വർദ്ധിച്ചുതുടങ്ങി. പുതിയ എടുപ്പുകളൊ മറെറാ വഴിക്കു കണ്ടാൽ ഞാൻ അവയുടെ വർത്തമാനങ്ങൾ അന്വേഷിച്ചറിഞ്ഞതിന്നുശേഷമേ യാത്രതുടന്നിരുന്നുള്ളു. ഇനി ഈ ജീവിതത്തിൽ പലതും അനുഭവിക്കുവാനുള്ള എനിക്ക് ആ വഴിയാത്രയെപ്പററിയുള്ള സ്മരണ ഒരു നല്ല പാഠംതന്നെയായിരുന്നു. അവനവന്റെ ശ്രദ്ധയെ ആകർഷിക്കത്തക്ക പലതുംലോകത്തിലുണ്ടെന്ന് മനസ്സിലായി. അച്ഛനുംഅമ്മയും അല്ലാതെ ലോകത്തിൽ പലരുമുണ്ടെന്നും അവരെല്ലാവരും ഒരുപോലെ എന്നേപ്പോലെ സഹായമപേക്ഷിച്ചുംകൊണ്ടു പോകുന്നവനെ കൈവെടിയുന്നതല്ലെന്നും എനിക്ക് ബോദ്ധ്യമായി. അതോടുകൂടി തന്നെ മനക്കരുത്തും തന്റേടവും ഇല്ലാത്തവരെ കാററത്തു പറക്കുന്ന പഞ്ഞിപോലെ ലോകം കളിപ്പിക്കുന്നതാണെന്നും എനിക്കുമനസ്സിലായി.

ഇങ്ങിനെപോകുമ്പോൾ ഒരു തണ്ണീർപന്തൽ കണ്ടു. വെള്ളംകുടിക്കാനായി ഞാൻ അങ്ങോട്ടുകയറി. അവിടെ ഏകദേശം എന്റെ പ്രായക്കാരനായി ഒരു കുട്ടിയെ കണ്ടു. ഞാനും ആയാളുമായി ഇങ്ങിനെ സംഭാഷണം നടത്തി.

ഞാൻ — നിങ്ങൾ എവിടെനിന്നു വരുന്നു ?

മറെറക്കുട്ടി—നിങ്ങൾക്കെന്താഅത് അറിഞ്ഞിട്ടു വേണ്ടത് ?

ഞാൻ — എനിക്കൊന്നും വേണ്ടതില്ലെങ്കിലും നിങ്ങൾക്ക് എന്താ വിരോധം.

മറെറക്കുട്ടി — അതെന്റെ ഇഷ്ടമല്ലെ.

ഞാൻ — പറയുന്നതോ, പറയാതിരിക്കുന്നതൊ ?

മറെറക്കുട്ടി — രണ്ടും.

ഞാൻ —ഞാനും നിങ്ങളെപ്പോലെ ഒരുത്തൻ. പോകുന്ന വഴി ഒന്നാണെങ്കിൽ തുണയായല്ലൊ എന്നു കരുതി ചോദിച്ചതാണേ, നിങ്ങൾ ദേഷ്യപ്പെടേണ്ട.

മറെറക്കുട്ടി—ഞാൻ നിങ്ങളോട് ദേഷ്യപ്പെട്ടുവൊ, എന്താതാൻ അനാവശ്യം പറയുന്നത്.

ഞാൻ—ഞാൻ അനാവശ്യമൊന്നും പറഞ്ഞിട്ടില്ല. പറയുന്നതുമില്ല. എവിടെനിന്നു വരുന്നു എന്നുചോദിച്ചത് അനാവശ്യമായോ. ഹേ ഈ സമ്പ്രദായം കണ്ടിട്ടുതന്നെയാണ്, ദേഷ്യപ്പെടേണ്ട എന്ന് ഞാൻ അപേക്ഷിച്ചത്.

മാറെക്കുട്ടി—തന്റെ ഞായമൊന്നും എനിക്കുകേൾക്കണ്ട (സ്വരം ഉയത്തീട്ട് ) താനെങ്ങോട്ടാ.

ഞാൻ — എന്റെചോദ്യത്തിന്ന് ഉത്തരം ഇനിയും പറഞ്ഞിട്ടില്ലല്ലോ.

മാറെക്കുട്ടി—അത് പറവാൻ ഭാവമില്ലെങ്കിലോ.

ഞാൻ — അങ്ങോട്ടു പറവാനും ഭാവമില്ല.

മാറെക്കുട്ടി — താൻ എന്നെ നല്ലവണ്ണം അറിയില്ലെന്നു തോന്നുന്നു.

ഞാൻ — എന്നാൽ ഈ ചോദ്യത്തിന്നൊക്കെ ഇടവരുമൊ ?

മാറെക്കുട്ടി — ഈ പിരട്ടൊന്നും കളത്തിലെ കുട്ടനോട്ടു വേണ്ട.

ഞാൻ — അല്ല നിങ്ങൾ കളത്തിലേയാണോ ? നമ്മൾ തമ്മിൽ ബന്ധുക്കളാണ്.

കുട്ടൻ—ഏത് വഴിക്ക് ?

ഞാൻ— നിങ്ങൾ എന്റെ അമ്മയുടെ അച്ഛന്റെ വീട്ടിലേയാണ്.

കുട്ടൻ — അപ്പോൾ കുറച്ചുകൂടി ഭേദമായിട്ടു വേണ്ടതായിരുന്നു. ആട്ടെ തരക്കേടില്ല ഇനി ഇവിടുന്നങ്ങോട്ട് നേരേയാക്കാലോ. തന്റെ പേരുമററും കേൾക്കട്ടെ.

ഞാൻ — ദേവീദാസൻ.

കുട്ടൻ — ഏത് ദേവിയുടെ ദാസനാണ്

MUL
066582

ഞാൻ—അൎത്ഥം നോക്കീട്ടാണോ പേരിടുന്നത്. തന്റെ
പേരിന്റെ അൎത്ഥമെന്താ?

കുട്ടൻ—അതൊക്കെപ്പോട്ടെ, എങ്ങോട്ടായാത്ര?

ഈ ഘട്ടത്തിൽ കുട്ടന് എന്റെ പൂൎവ്വകഥ വിസ്തരിച്ച് സംഗതികളെല്ലാം വിവരിച്ചു പറഞ്ഞുകൊടുത്തു. ആയാളുടെ വൎത്തമാനങ്ങളെല്ലാം ഞാനങ്ങോട്ടും ചോദിച്ചു.

കുട്ടൻ—ഞാനും തന്നെപ്പോലെ വീടുവിട്ടിറങ്ങിയകൂട്ടത്തിലാണ്. ഞാൻ പക്ഷെ ഇനി അങ്ങോട്ട് മടങ്ങിപോകേണമെന്ന് വിചാരിക്കുന്നില്ല. തന്റെ അച്ഛനെപ്പോലെ തന്നെ എന്റെ അച്ഛനും വലിയ പണക്കാരനൊന്നുമല്ല. പഠിപ്പിന്നു വല്ലതും സഹായിക്കേണമെന്നായി ഞാൻ കാരണവരോട് അപേക്ഷിച്ചപ്പോൾ അദ്ദേഹം കയൎത്തു. എനിക്കു ഇട്ടപേരല്ലാതെ ചിലതെല്ലാം വിളിക്കുകയുംചെയ്തു. ഞാനും എനിക്കു തോന്നിയപോലെ ചിലതെല്ലാം അങ്ങോട്ടും പറഞ്ഞു. കാരണവർ എന്നെ ഒന്നുരണ്ടടിച്ചു. രക്ഷിക്കാനൊരുക്കമുള്ളവരേ ശിക്ഷിക്കാൻ പുറപ്പെടാവൂ എന്നു ഞാൻ ശഠിച്ചു. ഒന്നും മിണ്ടാതെ ഉടനെതന്നെ ഇറങ്ങി പോരുകയും ചെയ്തു. എന്നെപ്പററി വ്യസനിക്കാനാരുമില്ല. അമ്മ കഴിഞ്ഞകൊല്ലം മരിച്ചു. ഇനി വല്ല വഴിക്കുമൊന്നു പോയിനോക്കട്ടെ.

ഞാൻ—നാം രണ്ടുപേരും പിൻതുണയില്ലാത്തവരാണ്. അതുകൊണ്ട് നമുക്ക് ഒന്നിച്ചു കൂടുക. എനിക്കു താനും തനിക്കുഞാനും സഹായവുമാകട്ടെ. എൻെറ ഉദ്ദേശം പറഞ്ഞുവല്ലോ—കുട്ടനും അതുപോലെ ആയിക്കൂടെ. നാം ജ്യേഷ്ഠാനുജന്മാരുടെ നിലയിൽ രാമകൃഷ്ണാശ്രമത്തിൽചെല്ലുക. അവിടുത്തെ പഠിപ്പു കഴിഞ്ഞതിനു ശേഷം നമുക്ക് എങ്ങോട്ടാണ് പോകേണ്ടത് എന്നു തീർച്ചപ്പെടുത്താം. എന്താണ് കുട്ടൻെറ അഭിപ്രായം.

കുട്ടൻ—(കുറച്ചുനേരം ആലോചിച്ചിട്ട്) ഓ. അങ്ങിനെയാവാം, പക്ഷെ അവിടുത്തെ ഹേഡ് മാസ്റ്റർ വല്ലാതെ തല്ലുന്ന ആളാണെങ്കിൽ ഞാൻ അവിടെയും അധികകാലം നില്ക്കുമെന്നു തോന്നുന്നില്ല.

ഞാൻ—വെറുതെ ഒരാൾ തല്ലുമൊ? നാം നമ്മുടെ കൃത്യങ്ങൾ ശരിയായി നടത്തിയാൽ പിന്നെ തല്ലേണ്ട ആവശ്യമെന്താണ്.

കുട്ടൻ—ആട്ടെ നമുക്കേതായാലും അവിടെപോയി കുറച്ചു ദിവസം നോക്കുക.

ഞങ്ങൾ ഉടനെ പുറപ്പെട്ടു. ആശ്രമത്തിലെത്തിയപ്പോഴേക്ക് നേരംസന്ധ്യയായി. ആശ്രമം അന്വേഷിച്ച് ഞങ്ങൾ പോകുമ്പോൾ മനസ്സലിയത്തക്കതായ ഒരു സംഗീതംകേട്ടു. ആസ്ഥലത്തു ചെന്നപ്പോഴാണ് അത് ആശ്രമമാണെന്നറിഞ്ഞത്. പടിക്കലെത്തിയപ്പോൾ

കുറെ കുട്ടികളും മുതിൎന്നവരും ചേൎന്ന വരിവരിയായി നിന്ന് താളമേളങ്ങളോടുകൂടി പാട്ടുകൾ പാടി നടക്കുന്നതു കണ്ട് ഞങ്ങളും അവരോടുകൂടിച്ചേൎന്ന് പാട്ടുപാടുവാൻ തുടങ്ങി. അവർ പാടുന്നതെല്ലാം രാമകൃഷ്ണസ്തോത്രങ്ങളായിരുന്നു. ആശ്രമത്തിനെ ഒരു പ്രദക്ഷിണം വെച്ച ശേഷം ഗാനസംഘം അവിടെയുള്ള കെട്ടിടത്തിൻെറ നടുക്കായുള്ള ഒരു വലിയ അഗ്രശാലയിലെത്തി. അതിൻെറ കിഴക്കുവശത്തായി വൃത്താകാരത്തിൽ പടവുപടവായി കെട്ടിപ്പടുത്തിട്ടുള്ള ഒരു മണിത്തറയിന്മേൽ രാമകൃഷ്ണ പരമഹംസൻെറ ഒരു വെണ്ണക്കൽപ്രതിമയുണ്ടായിരുന്നു. മാലകൊണ്ടു മൂടിയിരിക്കുന്ന അതിൻെറ നാലു ഭാഗത്തും അനവധി ദീപങ്ങൾ കത്തുന്നുണ്ടായിരുന്നു. ഗായകസംഘം അതിന്നഭിമുഖമായിനിന്ന് അതിമധുരമായ ഒരു ഗാനം ആരംഭിച്ചു. ഞങ്ങൾ രണ്ടുപേരും ഏററ പാടിട്ടുണ്ടായിരിക്കണം. ആ സംഘത്തിൽ ചേൎന്നതോടുകൂടി ഏതോ ഒരു ശക്തിക്കധീനമായി അതിൻെറ കല്പന അനുസരിക്കുന്നതുപോലെ തോന്നി. എന്തിനാണ് ഇങ്ങിനെ ചെയ്യുന്നത് എന്നുള്ള വിചാരം ഞങ്ങളെ അപ്പോൾ അലട്ടിയതേയില്ല. എന്നുതന്നെയല്ല തല്ക്കാലം മററു ചിന്തകളെല്ലാം മറന്ന് ആ സംഘത്തിൽചേൎന്ന്, അതിൻെറ പരിപാടിയനുസരിക്കുന്നതിന്ന് അതിയായ ഉന്മേഷവും തോന്നി. ഗാനം അവസാനിച്ചതിന്നു ശേഷവും, ആ സംഗതി അറിയാതെ ഞങ്ങൾ അതിൽതന്നെ ലയിച്ചുകൊണ്ടു കുറേനേരം നിശ്ചേഷ്ടരായിനിന്നു. കുറച്ചു കഴി

ഞ്ഞപ്പോൾ കുട്ടൻ എന്നെ തൊട്ട് ഇവരെല്ലാം പോയി ത്തുടങ്ങി എന്നു പറഞ്ഞപ്പോഴാണ പരിത സ്ഥിതികളുടെ കാര്യം എനിക്കു ഓർമ്മവന്നത്.

ഒരു കുട്ടിയുടെ പിന്നാലെഞങ്ങളുംപോയി—ആയാളോടു ഹെഡ് മാസ്റ്റർ എവിടെയാണെന്നു ചോദിച്ചപ്പോൾ.

കുട്ടി—ഇവിടെ ഹെഡ്മാസ്റ്ററില്ല, സ്വാമിയെഉള്ളു അദ്ദേഹത്തെ കാണ്മവാൻ വന്നവരാണോ നിങ്ങൾ.

ഞങ്ങൾ—അതെ.

കുട്ടി—എന്താ ആവശ്യം?

ഞങ്ങൾ—ഞങ്ങൾക്കും ഇവിടെ വന്നു പഠിക്കേണമെന്നു മോഹമുണ്ട്.

കുട്ടി—സ്വാമി പ്രാത്ഥനാകഴിഞ്ഞു ഇപ്പോൾ പോയതെ ഉള്ളു. ഇനി ഇന്ന് ആരെയും കാണില്ല. നാളെ രാവിലെയും പ്രാത്ഥനയുണ്ട്. അത് കഴിഞ്ഞാൽ അദ്ദേഹത്തെകാണാം.

ഞങ്ങൾ—ഞങ്ങൾ ഇന്നുരാത്രി എങ്ങിനെയാണ് കഴിച്ചുകൂട്ടേണ്ടത്?

കുട്ടി—എൻെറകൂടെ പോന്നുകൊൾക.

ഞങ്ങൾ ആ കുട്ടിയെ അനുഗമിച്ചു. ഭക്ഷണമെല്ലാം കഴിഞ്ഞു ആ കുട്ടിയുടെ അതിഥിയായി അന്ന് അവിടെ വിശ്രമിച്ചു. എൻെറ നാട്ടിലെ ചങ്ങാതി അവിടെ എത്തിട്ടില്ലെന്നു അപ്പോഴാണ് മനസ്സിലായത.

## 9-ാം അദ്ധ്യായം

പിറെറദിവസം രാവിലെ പ്രാൎത്ഥന കഴിഞ്ഞതോടു കൂടി സ്വാമിയേ കാണ്മാനുള്ള ശ്രമമായി. ഞങ്ങളുടെ ആശ്രമസ്നേഹിതൻ ആദ്യമായി ഞങ്ങളെ ഭോജനശാലയിലേക്ക് കൊണ്ടുപോയി. പുതിയ പരിഷ്ക്കാരപ്രകാരമുള്ള ചായ, കാപ്പി മുതലായതെല്ലാം അവിടത്തെ ഭക്ഷണപദാൎത്ഥങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. ഞങ്ങൾ രണ്ടുപേരും രാവിലെ ചായകുടിച്ച് ശീലിച്ചവരായിരുന്നു. അതിനു പകരം ഞങ്ങൾക്ക് അന്ന് കിട്ടിയത് ചെറിയരിക്കഞ്ഞിയും, പുഴുക്കുമായിരുന്നു. കഞ്ഞികുടികഴിഞ്ഞതിനുശേഷം ഞങ്ങളുടെ ചങ്ങാതി സ്വാമിയുടെ മഠത്തിലേക്കു ഞങ്ങളെ കൊണ്ടുപോയി.

അവിടെ ഞങ്ങൾക്ക് പ്രത്യക്ഷമായത് കാഷായവസ്ത്രംകൊണ്ട് ദേഹമാസകലം മൂടി തല മൊട്ടയടിച്ച്, കാഴ്ചയിൽ 40 വയസ്സിലധികം പ്രായംതോന്നുന്ന ഒരു തേജസ്വിയായിരുന്നു. അദ്ദേഹം സന്നിധാനം ചെയ്തിരുന്ന മുറിയുടെ ഒരു ഭാഗത്ത് ഒരു വലിയ മഞ്ചത്തിന്മേൽ രാമകൃഷ്ണപരമഹംസദേവന്റെ ദിവ്യവിഗ്രഹം ജീവനുള്ളതുപോലെ പരിലസിച്ചിരുന്നു. ജാതിമതഭേദംകൂടാതെ എല്ലാ മനുഷ്യരേയും സോദരനിൎവ്വിശേഷം കരുതിപോന്ന ആ മഹാനുഭാവന്റെ ഛായകണ്ടപ്പോൾതന്നെ ഞങ്ങൾ ഭക്തിപരവശരായി. അടുത്തായി ബ്രഹ്മതേജസ്സും

ക്ഷാത്രതേജസ്സും ഒരുപോലെ വിളയാടിക്കൊണ്ടിരുന്ന വിവേകാനന്ദസ്വാമികളുടെ ഒരു ഛായാപടവും ഞങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചു. ഞങ്ങളുടെ ചങ്ങാതിചെയ്യുന്നതുകണ്ട് ഞങ്ങളും ആ ലോകഗുരുക്കന്മാരെ നമസ്കാരപൂർവ്വം വന്ദിച്ചു. ദർശനത്തിന്നായി വന്നവർ നിവേദിച്ചിട്ടുള്ള ഫലങ്ങളും മററു സാധനങ്ങളും സമൃദ്ധിയായി നാലു ഭാഗത്തും ഇരിക്കുന്നുണ്ട്. മേൽവിവരിച്ച ഛായാപടങ്ങളുടെ മുമ്പിൽ അല്പം ഒരു ഭാഗത്തേക്കുനീങ്ങി സ്വാമി സുഗുണാനന്ദൻ കയ്യിലുള്ള ഒരു പുസ്തകത്തിൽ ദൃഷ്ടി പതിച്ചുകൊണ്ടിരുന്നു. ഞങ്ങൾ മുറിയുടെ വാതുക്കലെത്തിയപ്പോൾ അദ്ദേഹം തലപൊന്തിച്ച് ഉള്ളിലേക്കു കടക്കാമെന്ന് ആംഗ്യം കാണിച്ചു. പരമഹംസ വിവേകാനന്ദന്മാരുടെ ദർശനംകൊണ്ടുതന്നെ "പുതിയൊരുലോകമിതെന്തോഹന്തശോഭനതേജോമയം" എന്നു അനുഭവപ്പെട്ടുതങ്ങൾക്ക് സ്വാമി സുഗുണാനന്ദരുടെ കരുണാമസൃണമായ കടാക്ഷങ്ങൾ എന്തെന്നില്ലാത്തആഹ്ലാദമുണ്ടാക്കി.

അകത്തു കടന്ന ഉടനെ ഞങ്ങളുടെ ചങ്ങാതി ഇങ്ങിനെപറഞ്ഞു. "സ്വാമിൻ, ഈ [illegible] കുട്ടികൾ ഇവിടത്തെ കാണ്മാനായിട്ടു വന്നവരാണ്. ഇന്നലെ സന്ധ്യമയങ്ങിയിട്ടാണ് ഇവിടെ എത്തിയത്. തല്ക്കാലം ഇവിടെവന്നു കാണുവാൻ സൌകര്യമില്ലെന്ന് തോന്നുകയാൽ ഞാൻ അവരെ എന്റെ അതിഥിയായി സ്വീകരിച്ച്, അവരുടെ സൌകര്യങ്ങൾക്കുള്ള ഏർപ്പാടുകളെല്ലാംചെയ്തു.

സ്വാമികൾ — ആവട്ടെ, നന്നായി. ആശ്രമത്തിലുള്ളവർ എപ്പോഴും ഔദാര്യം കൂടിയവരായിരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഞാൻ ചെയ്യുന്ന ഉപദേശം നിങ്ങളെല്ലാവരും അനുസരിച്ചു കാണുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. കൃഷ്ണൻകുട്ടിക്ക് പോകാം, ഇവരോട് ഞാൻ വർത്തമാനങ്ങൾ ചോദിച്ചു കൊള്ളാം.

കൃഷ്ണൻകുട്ടി പോയതിനുശേഷം, ഞങ്ങളുടെ വിവരങ്ങൾ സ്വാമികൾ ചോദിക്കയും, ഞങ്ങളുടെ മറവിടിയിൽ നിന്ന് ഞങ്ങൾ അവിടെ പഠിക്കാനായി വന്നവരാണെന്ന് അറിയുകയും ചെയ്യപ്പോൾ ഞങ്ങളോട് ഇങ്ങനെ സംസാരിച്ചു.

സ്വാമികൾ — ആശ്രമജീവിതത്തെപ്പററിയ സകല വിവരങ്ങളും നിങ്ങൾ അറിഞ്ഞിട്ടുണ്ടല്ലോ.

ഞങ്ങൾ — മുഴുവനും ഞങ്ങൾ അറിഞ്ഞിട്ടില്ല. ചിലതെല്ലാം കേട്ടുകേൾവിയുണ്ടെന്നു മാത്രമേയുള്ളു.

സ്വാമികൾ — ഇവിട്ടത്തെ ജീവിതത്തെപ്പററി അധികമൊന്നും അറിയേണ്ടതില്ല. അതിലടങ്ങിയ ആന്തരതത്വങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടത് അത്യാവശ്യമാണ്. ലൌകീക ജീവിതത്തിന്ന് അത്യാവശ്യമായ വിദ്യാഭ്യാസം ഇവിടെ നല്കുന്നുണ്ടെങ്കിലും അദ്ധ്യാത്മജീവിതത്തിന്നാണ് ഇവിടെ പ്രാധാന്യം

കൊട്ടത്തിട്ടുള്ളത്. നിങ്ങഠം ഏതുവരെ പഠിച്ചിട്ടുണ്ട് ?

ഞാൻ—ഏഴാംക്ലാസ്സുവരെ പഠിച്ചിട്ടുണ്ട്.

കുട്ടൻ—ഞാൻ ആറാംക്ലാസ്സുവരെ പഠിച്ചിട്ടുള്ളു.

സ്വാമികഠം—നിങ്ങഠംക്ക് പറഞ്ഞാൽ ഒരുമാതിരി മനസ്സിലാവുകയില്ലെ ?

ഞങ്ങഠം—ഉവ്വ്.

സ്വാമികഠം — എന്നാൽ കേട്ടുകൊഠംക. രാവിലെ നേത്തേ ദേഹശുദ്ധിവരുത്തി പ്രാത്ഥനകഠം ചെയ്യണം. അത് സംഘത്തോടുകൂടിയും താനേഇരുന്നും ചെയ്യാവുന്നതാണ്. അതിൻെറ മുറകളെല്ലാം അപ്പഠപ്പോഠം നിങ്ങഠംക്ക് അറിയാവുന്നതാണ്—അതിനുശേഷം ക്ലാസ്സുകളിൽപോയി കാൎയ്യപരിപാടി അനുസരിച്ചുള്ള പഠനത്തിൽ ഏപ്പെട്ടുകൊള്ളണം. പിന്നീട് വിദ്യാൎത്ഥികളെല്ലാംചേൎന്ന് ചില കൃത്യങ്ങളും അനുഷ്ഠിക്കേണ്ടതുണ്ട്. അതെല്ലാം ചങ്ങാതിമാരോടു ചേൎന്നാൽ നിങ്ങഠം താനെ അറിഞ്ഞുകൊള്ളുന്നതാണ്. ഒരു സംഗതിമാത്രം പ്രത്യേകം ധരിക്കേണ്ടതുണ്ട്. ഈ പ്രപഞ്ചത്തിനെല്ലാം കാരണഭൂതനായിരിക്കുന്ന ഈശ്വരങ്കൽ വിശ്വാസവും, ആ സകലജഗന്നിയന്താവിൻെറ സന്താനങ്ങളായ മനുഷ്യരുടെനേരേ സമഭാവനയും, സോദരസ്നേഹവും, എല്ലാ ജീവികളോടും അനുകമ്പയും, ജീവിതം പരോപകാ

രാത്ഥമാണെന്നുള്ള ഉത്തമവിശ്വാസവും, ഇവിട്ടത്തെ മൂലമന്ത്രങ്ങളാണ്. കൃഷ്ണനും, കൃസ്തുവും, മഹമ്മദ് നബിയും ജഗദീശ്വരൻെറ അവതാരങ്ങളാണെന്നും, അവരുടെ പ്രത്യേകപേരുകഠം ചൊല്ലി മനുഷ്യർ കലഹിക്കുന്നത് മൂഢത്വമാണെന്നും, നിങ്ങഠം അറിഞ്ഞിരിക്കേണ്ടതാണ്. ഈവക കാൎയ്യങ്ങളെപ്പററി നിങ്ങളോട് അപ്പപ്പോഴായി വിസ്തരിച്ചു പറയുന്നതാകകൊണ്ട് ഇപ്പോഠം ഇത്രമാത്രം ഗ്രഹിക്കുക.

ഇത്രയും അരുളിച്ചെയ്തതിനുശേഷം സ്കൂളിൻെറ അധിപന്ന് ഒരു കത്ത് തന്ന് അദ്ദേഹത്തെ പോയികാണുവാൻ പറഞ്ഞു.

സ്വാമി — നിങ്ങഠം രണ്ടുപേരും നിങ്ങളുടെ അച്ഛനമ്മമാരുടേയും മററു രക്ഷിതാക്കന്മാരുടേയും സമ്മതത്തോട് കൂടിത്തന്നെയല്ലെ ഇങ്ങോട്ടു വന്നിട്ടുള്ളത്?

ഞങ്ങഠം — അതെ.

ഞങ്ങഠം താമസിയാതെ ആശ്രമത്തിലെ അംഗങ്ങളായിച്ചേൎന്നു. ശാന്തസുന്ദരമായ ആ ജീവിതത്തിൽ എപ്പോഴും എരിപൊരിക്കൊള്ളുന്ന കുട്ടനും അറിയാതെ ആനന്ദിക്കുവാൻ തുടങ്ങി. രാവിലെ അഞ്ചുമണിക്കു എല്ലാവരും കുളികഴിഞ്ഞ്, കാവിവസ്ത്രം ധരിച്ച് പ്രാത്ഥനക്ക് തെയ്യാറാവണം. അതിന്നു ശേഷം മതവിഷയമായി സ്വാമികഠം ചെയ്യുന്ന പ്രസംഗം കേഠംക്കുവാനെത്തണം. പിന്നീട് സ്കൂളിലേക്ക് വേണ്ടുന്ന പാഠങ്ങഠം പരിശീലിക്കു

വാനൊരുങ്ങണം. സ്കൂൾസമയം രാവിലെ ഒമ്പതുമണി മുതൽ പതിനൊന്നരമണിവരേയും, മദ്ധ്യാഹ്നത്തിന്നു ശേഷം രണ്ടരമണിമുതൽ അഞ്ചുമണിവരേയും ആയിരുന്നു. അഞ്ചരമണിമുതൽ ആറുമണിവരെ ആശ്രമത്തിലുള്ള തോട്ടത്തിൽ നനക്കുക, പൂവ്വരത്ത് ശേഖരിക്കുക എന്നീ പ്രവൃത്തികൾ ചെയ്യുകൊള്ളണം. ഇടക്ക് നാട്ടുകാരെ വരുന്ന ക്ഷാമം, അഗ്നിബാധ, വെള്ളപ്പൊക്കം എന്നീ കഷ്ടപ്പാടുകളുടെ നിവാരണത്തിന്നായി ബഹുജനങ്ങളിൽ നിന്ന് പണംപിരിക്കുക, സഭകൂടി ആവക കാര്യങ്ങളിലേക്ക പൊതുജനങ്ങളുടെ ശ്രദ്ധ ആകർഷിക്കുക എന്നീ ജോലികളും നിർവ്വഹിക്കണം. ഇതായിരുന്നു അവിടുത്തെ ജീവിതക്രമം—ഉച്ചക്ക് ഒന്നരമണിക്കൂറ് നേരം വിശ്രമിച്ചതിന്നുശേഷം അവിടെയുള്ള വിദ്യാർത്ഥിസംഘത്തിൻെറ യോഗങ്ങൾ കൂടുകയും പല വിഷയങ്ങളെപ്പററി വാദപ്രതിവാദങ്ങൾ ചെയ്യുകയും പതിവാണ്.

ഞങ്ങൾ അവിടെ എത്തിയതിന്നുശേഷം ഒരാഴ്ച കഴിഞ്ഞിട്ടും, നാട്ടിൽവെച്ച് ഈ ആശ്രമത്തെപ്പററി സകലവിവരങ്ങളും തന്ന എൻെറ ചങ്ങാതി ദാമോദരനെ അവിടെ കാണാതായപ്പോൾ എനിക്ക് അത്ഭുതമായി തോന്നി. ഞാനും കുട്ടനും അതിനെപ്പററി സംസാരിച്ചു. അതിൻെറ പിറേറദിവസം, ഞങ്ങൾ പ്രാർത്ഥനക്കായി കൂടുന്ന അഗ്രശാലയിലെ പരസ്യപ്പലകയിന്മേൽ ഇങ്ങനെ ഒരു പരസ്യം കണ്ടു.

ആശ്രമവാസിയായിരുന്ന ദാമോദരനെ കാണ്മാനില്ലെന്ന് അറിവായിരിക്കുന്നു. ക്ഷാമനിവാരണഫണ്ടിലേക്കുവേണ്ടി പിരിച്ച പണം ആയാൾ ആശ്രമത്തിൽ കൊടുത്തേല്പിച്ചിട്ടില്ലെന്നും അറിയുന്നു. ഇതിനെപ്പററി സംസാരിക്കുവാനായി ഇന്ന് വൈകുന്നേരം ഒരു സഭ കൂടുന്നതും അതിൽ സ്വാമികൾ അദ്ധ്യക്ഷം വഹിക്കുന്നതും ആണ്. എല്ലാ അംഗങ്ങളും ഹാജരായിരിപ്പാൻ താല്പര്യപ്പെടുന്നു.

എന്ന് ഭക്തദാസൻ

കാര്യദർശി.

ഇതു കണ്ടപ്പോൾ എൻേറയും കുട്ടൻേറയും അത്ഭുതം വർദ്ധിച്ചു. സ്വാമി അതിനെപ്പററി എന്തെല്ലാമാണ് പറയാൻ പോകുന്നതെന്ന് കേൾക്കാൻ ഞങ്ങൾക്ക് തിടുക്കമായി. ദാമോദരൻെറ പ്രവൃത്തിയെപ്പററി വ്യസനവും തോന്നി.

ഏകദേശം അഞ്ചുമണിക്ക് സ്വാമി അഗ്രശാലയിലെത്തി. ആശ്രമവാസികളെല്ലാം അപ്പോഴേക്ക് അവിടെ ഹാജരായി. സ്വാമിയുടെ അരുളപ്പാടു കേൾക്കുവാൻ അക്ഷമരായി നില്ക്കുകയായിരുന്നു. സ്വാമി അദ്ധ്യക്ഷപീഠത്തിൽ കയറി ഇങ്ങിനെ ആരംഭിച്ചു.

പ്രിയശിഷ്യരെ !

ജഗന്നിയന്താവ്, നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ—

ഈ ആശ്രമം ഇവിടെ സ്ഥാപിച്ചിട്ട് ഏകദേശം മൂന്നുകൊല്ലമായി. ഇതുവരെ ഇങ്ങിനെ ഒരു യോഗം ഇവിടെ കൂടേണ്ടതായിവന്നിട്ടില്ല. സത്യം, പരോപകാരം, സർവ്വോപരിഈശ്വരവിശ്വാസം, എന്നീമൂന്നുപ്രമാണങ്ങൾ അക്ഷരംപ്രതി അന്വർത്ഥമാക്കി അനുഷ്ഠിക്കേണമെന്ന പരമാദർശം അംഗീകരിച്ചിട്ടുള്ള ഒരാശ്രമമാണ് ഇത്. ഇതിൻെറ അധിഷ്ഠാനദേവന്മാരായ പരമഹംസരും വിവേകാനന്ദസ്വാമികളും തങ്ങളുടെ പാവനജീവിതം കൊണ്ട് ലോകത്തെ പഠിപ്പിച്ചിട്ടുള്ളതും ഈ വിശിഷ്ടസി ദ്ധാന്തം തന്നെയാണ്. ആ മഹാത്മാക്കളുടെ അനുഗാമി കളും ശിഷ്യന്മാരും ആവാൻ ആഗ്രഹിക്കുന്ന നമുക്കെല്ലാ വർക്കും അവരെപ്പോലെ ആവാൻ സാധിക്കുന്നതല്ലെങ്കിലും ആ ലോക ഗുരുക്കന്മാരുടെ പേരുചൊല്ലി പുലർന്നുപോരുന്ന ഈ സ്ഥാപനത്തിന്മേൽ ചളിവാരിഏറിയുവാൻ നാമാരും ഉത്സാഹിക്കരുത്. അങ്ങിനെ ചെയ്യുന്നതായാൽ അത് നമ്മോടും ആ വിശ്വൈകവന്ദ്യന്മാരോടും, ലോകത്തോടും നാം ചെയ്യുന്ന ഒരു വലിയ അപരാധമായിതീരുന്നതാണ്. ഇതുവരെ ഈ ആശ്രമത്തിൽ ഒരു ബ്രഹ്മചാരിയായി കൂടി ഇവിടുത്തെ അനുഷ്ഠാനപദ്ധതികൾ അനുസരിച്ചു വന്നിരുന്ന ദാമോദരശിഷ്യൻ ഇത്തരം അനുചിത കൃത്യ ത്തിന്ന് ഒരുങ്ങുമെന്ന ഒരു വിധത്തിലും വിചാരിച്ചിരു ന്നില്ല. സർവ്വേശ്വരൻ അവൻെറ ആത്മാവിന്ന് സന്മാർഗ്ഗം കാണിച്ചു കൊടുക്കട്ടെ. ദാമോദരശിഷ്യൻ പ്രപഞ്ച

സ്വഭാവമത്ത മനസ്സിലാക്കുന്നതോടുകൂടി പശ്ചാത്തപിക്കു മെന്നു് എനിക്കറിയാം. സദ്ദുദ്ദേശത്തോടുകൂടി സ്ഥാപിച്ചിട്ടുള്ള ഈ ആശ്രമം അക്രമങ്ങളിൽ ഏപ്പെട്ടരുന്നവക്ക് ഒരു സങ്കേതമാണെന്നു ലോകം നിന്ദിക്കുവാൻ തുടങ്ങുമല്ലോ എന്നാണെനിക്കുള്ള മനസ്താപം. അങ്ങിനെ വരുന്നതായാൽ ഇതിൻെറ ഭാരവാഹികൾക്കോ, അവർ ആദശ്പുരുഷന്മാരാണെന്നു കരുതിവരുന്ന പുണ്യാത്മാക്കൾക്കോ, ഒരിക്കലും ഭൂഷണമായിരിക്കുന്നതല്ല. എന്നു തന്നേയല്ല ഈ ആശ്രമത്തിൻെറ പ്രയോജനത്തെപ്പററിയും ജനങ്ങൾ സംശയിക്കുവാൻ തുടങ്ങും.

ഈ സംഭവം നമുക്ക് എന്നെന്നേക്കും ഒരു പാഠമായിതീരട്ടെ. പിഴച്ചുപോയ സോദരനെക്കുറിച്ച് നാം വ്യസനിക്കുന്നതോടുകൂടി അവൻെറ അനുകമ്പാർഹമായ ജീവിതം പരമാത്ഥജ്ഞാനംകൊണ്ട് പരിശുദ്ധമാക്കിത്തീക്കുവാൻ ജഗദീശ്വരനോട് നാം പ്രാത്ഥിക്കയും വേണ്ടതാണ്. ഈ ആശ്രമത്തിലേക്ക് ബ്രഹ്മചാരികളെ തിരഞ്ഞെടുക്കുന്നത് നല്ലവണ്ണം ആലോചിച്ചുവേണ്ടതാണെന്നുള്ള പാഠം ഞാനും പഠിച്ചു. ഈ ഘട്ടത്തിൽ നിങ്ങൾ ആശ്രമത്തിനു പററീട്ടുള്ള കളങ്കം കഴുകിക്കളയേണ്ടതിന്നു ചിലതെല്ലാം പ്രവത്തിക്കേണ്ടതായുണ്ട്. ആശ്രമത്തിൻെറ പരമാദശ്ങ്ങൾക്ക് വിപരീതമായി യാതൊന്നും പ്രവത്തിക്കയില്ലെന്നു ഇപ്പോൾതന്നെ നിങ്ങളെല്ലാവരും ഈ വെണ്ണക്കൽ പ്രതിമാത്രുപത്തിൽ നമ്മുടെ പ്രവത്തികളെ

പുഞ്ചിരിയോടുകൂടി നോക്കിക്കൊണ്ട് ഇവിടെ സന്നിധാനംചെയ്യരുളുന്ന ആ പുണ്യപുരുഷന്റെ മുമ്പാകെ സാഷ്ടാംഗം നമസ്കരിച്ച് പ്രതിജ്ഞചെയ്യണം മനസാ, വാചാ, കർമ്മണാ ആശ്രമവിരോധമായ സങ്കല്പങ്ങൾ ചെയ്കയില്ലെന്ന് സ്വയമേവ ഉറക്കയുംവേണം. (ഞങ്ങളെല്ലാവരും അങ്ങിനെചെയ്തതിന്നശേഷം) ഇനി ഒന്നുംകൂടി നിങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ഇന്നത്തെ നടവടികളെല്ലാം ബഹുജനങ്ങൾ അറിയാനായിക്കൊണ്ട വർത്തമാനപത്രങ്ങളിലേക്ക് അയക്കുന്നുണ്ട്. അതിന്നുപുറമെ നിങ്ങളെല്ലാവരും സംഘംചേർന്ന് അയൽവാസികളെ ചെന്നുകണ്ട് സംഗതികളുടെ പരമാർത്ഥം അവരെ അറിയിച്ച് ആശ്രമത്തെപ്പററി അവിശ്വാസം ആർക്കും തോന്നാതിരിക്കാനായി ഇപ്പോൾതന്നെ വേണ്ടതു പ്രവൃത്തിക്കുവാൻ ഒരുങ്ങണം. സകലകർമ്മങ്ങൾക്കും സാക്ഷിഭൂതനായ സച്ചിദാനന്ദസ്വരൂപൻ സാരബോധമുണ്ടാക്കി നിങ്ങളെ ദുർമ്മാർഗ്ഗങ്ങളിൽനിന്ന് നിവർത്തിപ്പിക്കയും സന്മാർഗ്ഗത്തിലേക്ക് അനായാസേന ആനയിക്കയുംചെയ്യട്ടെ. എല്ലാം മംഗളമായി പരിണമിക്കട്ടെ.

സ്വാമിയുടെ അരുളപ്പാടുകേട്ട് കോൾമയിർക്കൊണ്ടിരുന്ന ഞങ്ങളെല്ലാവരും കുറച്ചുനേരത്തേക്ക് അദ്ദേഹത്തെ തൊഴുതുകൊണ്ടുതന്നെ അവിടെ നിലകൊണ്ടു.

# 10-ാം അദ്ധ്യായം

## (ഒരുയദൃച്ഛാസംഭവം)

നാരായണപുരത്ത് നെട്ടനീളത്തിൽ കിടക്കുന്ന പാടം പലവഴിപോക്കരേയും മൃഗതൃഷ്ണപോലെ കളിപ്പിക്കാറുണ്ട്. പെരുന്തച്ചനുണ്ടാക്കിയ കുളത്തിൻെറ തുപോലെ ഈ പാടത്തിൻെറ ആകൃതിയും ആക്കും നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല. ഒരു തലക്കൽനിന്ന് പുറപ്പെട്ടാൽ കിഴക്കുപടിഞ്ഞാറെന്നു തോന്നുന്ന ആ വയൽ ഒരുഭാഗത്തേക്ക് കുറേശ്ശയായി ചരിഞ്ഞു പോകുന്നതുകൊണ്ട്, കുറെ നടന്നാൽ പിന്നെ തെക്കുവടക്കാണെന്ന് സംശയം തോന്നും. ഒരുനോട്ടത്തിൽ ദൂരം കണക്കാക്കി പുറപ്പെട്ട് ഉദ്ദേശിച്ച സ്ഥലത്തെത്തിയാൽ പിന്നേയും അത്രത്തോളം നീളത്തിൽ ആ വയൽപ്രമാണി നീണ്ടു കിടക്കുന്നതു കാണാം. അദ്യമായി ആ വഴിയിൽക്കൂടെ പോകുന്നവർ ഇങ്ങിനെ ഓരോസ്ഥലത്ത് എത്തുമ്പോൾ അന്ധാളിച്ചു നില്ക്കുന്നത് അയൽവക്കത്തുള്ളവർ എന്നും കാണുന്ന ഒരു കാഴ്ചയാണ്. സ്ഥലപരിചയമുള്ളവർ ഉദ്ദിഷ്ടസ്ഥാനത്ത് വേഗമെത്തുന്നതിന്ന് അവിടവിടെ വയൽ മുറിച്ചുപോകയാണ് പതിവ്. വേനല്ക്കാലമായാൽ-അതായത് മുണ്ടകംകൊയ്തുതീന്നാൽ, ഓരോകണ്ടത്തിലും ഓരോ വഴി കാണാവുന്നതാണ്. പുതിയതായി ആ വഴിവരുന്നവക്കു ഇങ്ങിനെ അസംഖ്യംവഴികാണുന്നതും തിരിയാനുള്ള ഒരു

വഴിയാണ്—പാടത്ത് നെല്ലുള്ളപ്പോൾ വയലിൻെറ ഒരുഭാഗത്തുള്ള വരമ്പാണ് വഴിപോക്കർ അവലംബിക്കേണ്ടത്. വാസുകിയുടെ വാലുപോലെ അററമറിയാൻ പ്രയാസമായനിലയിൽ കിടക്കുന്ന ആ പാടത്ത് ചിലപ്പോൾ പോയ വഴിതന്നെ പിന്നാക്കം നടക്കേണ്ടിവരുന്നതും അപൂർവ്വമല്ല. ഒരു നിവൃത്തിയുമില്ലാതെ വരുമ്പോൾ പാടത്തിൻെറ ഒരു കരക്കുള്ള ഏതെങ്കിലും ഒരു വീട്ടിലുള്ളവരോട് ചോദിച്ച് ഒരുവിധത്തിൽ കടന്നുപോകുന്നതും സാധാരണയാണ്.

ഈ പാടത്തിൻെറ ഒരററത്തുനിന്ന് ഒരു ദിവസം രാവിലെ കഷ്ടിച്ച് ആളെ അറിയാവുന്ന സമയത്ത് ഒരു ചെറുപ്പക്കാരൻ ഓട്ടകയുമല്ല നടക്കുകയുമല്ല എന്നതരത്തിൽ പോകുന്നുണ്ട്. ഒന്നുരണ്ടു സ്ഥലത്തെത്തിയപ്പോൾ അന്ധാളിച്ചപോലെ നിന്നതു കണ്ടാൽ ആ വഴിക്ക് അതിനുമുമ്പെ വന്നിട്ടില്ലാത്ത ഒരാളായിരിക്കുമെന്ന് ഊഹിക്കാം. നടത്തത്തിൻെറ സമ്പ്രദായം കണ്ടാൽ എന്തോ ഒരു പരിഭ്രമം നേരിട്ടപോലെതോന്നും. മഞ്ഞിൻതുള്ളി വീണതുകൊണ്ട് അല്പം വഴുക്കൽപിടിച്ച വരമ്പത്ത് ഒന്നുരണ്ടു പ്രാവശ്യം വഴുതിവീണെന്നും ഇല്ലെന്നും ഉള്ള പാകത്തിലായി. വഴിയുടെ നീളവും, വഴിപോക്കൻെറ പരിഭ്രമവുംകൂടി, പടവെട്ടിയതിൻെറ ഫലമായി വഴി ജയിച്ചുവെന്നു തോന്നുമാറ് ഒരററത്ത് അയാൾ പെട്ടെന്ന് നിന്നു, ആരോടെങ്കിലും ചോദിക്കാനെന്നഭാവത്തിൽ അടുത്തുള്ള വീട്ടിലേക്ക് ഒന്നുനോക്കി—അപ്പോ

ഴേക്ക് നല്ലവണ്ണം പ്രകാശമായിരിക്കുന്നു. നോക്കിയപ്പോൾ കണ്ടത് അതുവരെ തൻെറ പരിഭ്രമം കണ്ട് പുഞ്ചിരികൊള്ളുന്ന ഭാവത്തിൽ നില്ക്കുന്ന ഒരു പെൺകുട്ടിയെയാണ്. കുട്ടിയുടെ സൌകുമാര്യം ആയാളെ പെട്ടെന്ന് ആകർഷിച്ചു. വഴിചോദിക്കാനാണ് വീട്ടിലേക്ക് നോക്കിയതെങ്കിലും അവിടെ പ്രത്യക്ഷമായ "ആ കുട്ടിലക്ഷ്മി"യെ കണ്ടപ്പോൾ ആയാളുടെ ഉദ്ദേശം അക്ഷണത്തിൽതന്നെ ആയാളെ വിട്ടുപിരിഞ്ഞു. ഇടവിടാതേയും, ഇമയാട്ടാതേയും ആ "പങ്കമകന്നോരു തങ്കംപൊന്നിനൊടങ്കംപൊരുതുമൊരംഗപ്രഭ"യുള്ള ആ ബാലികയെ കുറച്ചുനേരം നോക്കി തൻെറ കണ്ണിന്നു സാഫല്യമുണ്ടാക്കി. ഇങ്ങിനെ തുറിച്ചുനോക്കുന്നത് ആ പെണ്മണിക്ക് നീരസമുളവാക്കി. അകൃത്രിമമധുരഗംഭീരമായ സ്വരത്തിൽ ഉടനെ ആ സൌന്ദര്യമൂർത്തി നോക്കിനില്ക്കുന്ന ആളോട

"എന്താ നിങ്ങൾ ആളെ കണ്ടിട്ടില്ലേ.?"

ആൾ—കണ്ടിട്ടുതന്നെയാണ് നോക്കുന്നത്.

പെൺകുട്ടി—വഴിക്കുപോകുന്ന ആളുടെ കണ്ണ് വഴിവിട്ടു സഞ്ചരിക്കാൻ തുടങ്ങിയാൽ പിന്നത്തെ ഫലം അറിയാം.

ആൾ—വഴിയ്ക്കുപോകുന്നവരെ പിടിച്ചുനിർത്തി വർത്തമാനം പറയാൻതുടങ്ങിയാൽ പിന്നെന്താ ചെയ്യുക?

പെൺകുട്ടി—എന്താ ചെയ്യുക എന്ന് കാണിച്ചുതരാം. "ഏട്ടാ! ഇതുകണ്ടോ ഒരു വിദ്വാൻ ഈ വേലി

കൽ വന്ന് ഞങ്ങളെ നോക്കി നില്ക്കുന്നത്" — എന്ന് വിളിച്ച് പറഞ്ഞു. അതോടുകൂടി ഒരു ചെറുപ്പക്കാരനും അവിടെ പ്രത്യക്ഷമായി.

ചെറുപ്പക്കാരൻ—തനിക്ക് ആ വഴിക്ക് പോയാൽപോരെ-താനെന്താ ഈ പെണ്ണുങ്ങളെ നോക്കി നില്ക്കുന്നത്.

വഴിപോക്കൻ— ഈ പെണ്ണുങ്ങളെ ആക്കും കാണാൻ പാടില്ലെങ്കിൽ അവരെ പെട്ടിയിലിട്ടടച്ചുപൂട്ടുകയാണ് നല്ലത്.

ചെറുപ്പ—നല്ലത് എന്താണെന്ന് താൻ ഉപദേശിക്കയൊന്നുംവേണ്ട" എന്നും പറഞ്ഞ്, ആ യുവാവ് വേലിചാടി വഴിപോക്കൻെറ മുമ്പിൽ എത്തിയതും അയാളുടെ ചെകിടത്ത് കണക്കിലൊന്നു കൊടുത്തതും ഒരെനിമിഷത്തിൽ കഴിഞ്ഞു. ഇത്രപെട്ടെന്ന് ഇങ്ങിനെയൊക്കെ ഉണ്ടാവുമെന്ന് ഓക്കാതിരുന്ന വഴിപോക്കൻ തല്ലോലം അടികൊണ്ടതോടുകൂടി താഴത്തെകണ്ടത്തിലേക്ക് വീണു. മറെറാ ചെറുപ്പക്കാരൻ കൂടെ ചാടി "എടാ അധികപ്രസംഗി! നിനക്ക് അമ്മയും പെങ്ങളുമില്ലെടാ-" എന്നു പറഞ്ഞ് ഒരു ചവിട്ടുകൂടി പാന്ഥന്ന് സമ്മാനിച്ചു. അതുകണ്ടുകൊണ്ട് നിന്നിരുന്ന നാണിക്കുട്ടി "ഏട്ടാ അത്രമതി, അപായമൊന്നും വരുത്തേണ്ട. ഇവിടേയും ആണുങ്ങളുണ്ടെന്ന് ആയാൾ അറിയട്ടെ." എന്ന് വിളിച്ചുപറഞ്ഞ് സോദരനെ സാഹസത്തിൽനിന്ന്

വിരമിപ്പിച്ചു. അങ്ങേവീട്ടിൽനിന്നും ഇങ്ങേവീട്ടിൽ നിന്നും ആളുകൾ വന്നു, അപ്പോഴേക്ക് അവിടെ ഒരു കൂട്ടമായി,

വീണതോടുകൂടി ആ വഴിപോക്കന്റെ കുപ്പായക്കീശയിൽനിന്ന് ഒരു പണസ്സഞ്ചിയും ഒരു കടലാസ്സുകെട്ടും പുറത്തുചാടി. അവ ഉടനെ മറെറാരാളുടെ കൈയ്യുശമായി കിട്ടിയആൾ കടലാസ്സുകെട്ട് തുറന്നുനോക്കി. രാമകൃഷ്ണാശ്രമംവകയായ രശീതിബുക്ക് അതിൽകണ്ടപ്പോൾ അവിടെയുള്ളവരോട് "ഉടനെ ഈയാളെ പിടിക്കണം രാമകൃഷ്ണാശ്രമത്തിൽനിന്ന് പണം അപഹരിച്ച ഒരാൾ പോയിട്ടുണ്ടെന്ന് ഇന്നലെ കടലാസ്സിൽ വായിച്ചില്ലേ— ഈയാളാണ് അതെന്നുതോന്നുന്നു" എന്നുപറഞ്ഞു.

ഇതുകേട്ടപ്പോൾ വഴിപോക്കൻ ആളുകളുടെ ഇടയിൽക്കൂടെ ചാടി ഓടി. അയാളെ അടിച്ച ചെറുപ്പക്കാരൻപിന്നാലെച്ചെന്ന് ഒരു കണ്ടം കടക്കുന്നതിനുമുമ്പായി പിടിച്ചു. അവർതമ്മിൽ ഒരു ദ്വന്ദയുദ്ധം നടന്നു-അപ്പോഴേക്കും മററുള്ളവരും എത്തി അയാളുടെ കാലുകെട്ടി.

വഴിപോക്കനെ പ്രഹരിച്ചത് നമ്മുടെ കുഞ്ഞിശ്ശങ്കരനും, അയാളെ ആകർഷിച്ചത് നാണിക്കുട്ടിയും ആയിരുന്നു.

താമസിയാതെ പോല്ലീസ്സ്സ്റ്റേഷനിലേക്ക് ആൾ പോയി രണ്ടു കോൺസ്റ്റേബിൾമാരെ കൊണ്ടുവന്നു. അവർ വന്ന ഉടനെ ദാമോദരനെ പിടിച്ച് അവരുടെ

കുശലപ്രശ്നങ്ങൾ പ്രഹരത്തോടുകൂടി ആരംഭിക്കാനുള്ള വട്ടമായി. അതുകണ്ടപ്പോൾ കുഞ്ഞിശ്ശങ്കരൻ അവരുടെ ഇടയിൽ ചാടിവീണു. കുററം സമ്മതിച്ചില്ലെങ്കിലല്ലെ അങ്ങിനെയൊക്കെവേണ്ടൂ.?

കോൺസ്റ്റബൾ—തൻെറകയ്യിൽ ഈ പുസ്തകവും പണവും എങ്ങിനെ വന്നു.

ദാമോദരൻ—മംഗലത്ത് രാമകൃഷ്ണാശ്രമത്തിലുള്ള സ്വാമികൾ തന്നതാണ്?

കോൺ—രശീതിപുസ്തകങ്ങളും പണവും സ്വാമികളെന്തിന്നാണ് തന്നത്?

ദാമോ—പണംപിരിക്കാൻവേണ്ടി രശീതിപുസ്തകം തന്നു.

കോൺ—പുള്ളി തിരിഞ്ഞുതുടങ്ങി—പണമോ?

ദാമോ—അതു ഞാൻ പിരിച്ചെടുത്തു.

കോൺ—എന്തിനാപിരിച്ചെടുത്തത്?

ദാമോ—ക്ഷാമനിവാരണത്തിന്ന്.

കോൺ—പണം പിരിച്ചത് അന്നന്ന് സ്വാമികളുടെ കയ്യിൽകൊടുത്ത് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തേണ്ടതല്ലെ?

ദാമോ—അതെ.

കോൺ—അതുചെയ്യാതെ പണവുംകൊണ്ട് ഈ വഴിക്കെന്തിന്നാണ് വന്നത്?

ദാമോ—ഇവിടേയും ചിലര് തരാമെന്നുവെച്ചിട്ടുണ്ട്. അത് വാങ്ങാവായി വന്നതാണ്.

കോൺ—എന്നാൽ പിരിച്ചത് അവിടെ കൊട്ടുത്തിട്ടവരാമായിരുന്നില്ലേ?

ദാമോ—എല്ലാംകൂടി കൊട്ടക്കാമെന്നുവിചാരിച്ചു.

കുഞ്ഞിശ്ശങ്കരൻ—ഇവിടെ വഴിയറിയാതെ നിങ്ങഠം പരുങ്ങുകയല്ലേ ചെയ്യുന്നത്. ഈദിക്കിൽ ആരെയെങ്കിലും അറിയുമോ?

ഈ ചോദ്യത്തിന്ന് ദാമോദരൻ ഉത്തരം പറഞ്ഞില്ല.

കോൺ—നേര് പറയണം. ഇല്ലെങ്കിൽ പറയിക്കാനുള്ള മാഗ്ഗങ്ങളുണ്ട്. അതുവല്ലതും പ്രയോഗിക്കണോ—എന്നു ചോദിക്കയും അതോട്ടുകൂടിത്തന്നെ ആയാളുടെ കയ്യിന്റെ ഊക്ക് ദാമോദരനെ അറിയിക്കുകയും ഉണ്ടായി.

ദാമോ—എന്നെ നിങ്ങഠം ഒന്നും ചെയ്യരുത്. ഞാൻ നിങ്ങഠം പറഞ്ഞതൊക്കെ സമ്മതിക്കാം.

കോൺ—ആട്ടെ ഇനി നോക്ക് പോല്ലീസ്സ് സ്റ്റേഷനിൽ വെച്ച് നല്ലവണ്ണം പരിചയപ്പെടാം. എന്നും പറഞ്ഞ് അയാളേയും പിടിച്ച് യാത്രയായി.

താനടിച്ചതിനെപ്പററി വല്ല കുഴപ്പവും ഉണ്ടാകുമോ എന്ന് ഭയന്ന് കുഞ്ഞിശ്ശങ്കരനും അവരുടെകൂടെ പോയി. അവന്റെ ഒരു ചങ്ങാതിയും വത്തമാനം അറിവാൻ അവരെ പിന്തുടന്നു. പണവും രശീതിബുക്കും പോല്ലിസ്സുകാർ ഏററുവാങ്ങി—പോല്ലീസ്സ് സ്റ്റേഷനിൽ എത്തിയപ്പോഠഴെക്കും സ്വാമികഠം അയച്ച ഹരജിയെ

സംബന്ധിച്ച് അന്വേഷണങ്ങൾ നടത്തുവാനായി എല്ലാ പോല്ലീസ്സ്സ്റ്റേഷനിലേക്കും കല്പന അയച്ചകൂട്ടത്തിൽ അവിടേയും കല്പന എത്തിയിരിക്കുന്നു — അന്വേഷണത്തിന്നുമുമ്പായിത്തന്നെ പുള്ളിയെ കിട്ടിയതിൽ പോല്ലീസ്സകാർ സന്തോഷിച്ചു. അപേക്ഷിച്ചത് സ്വാമികളാകയാൽ അല്പമൊരു മനസ്താപവും ഉണ്ടായില്ലെന്നില്ല. —ആ വഴിക്ക് സമ്പാദ്യത്തിന്നൊന്നും വകയില്ലാത്തതുകൊണ്ടായിരിക്കണം —

താമസിയാതെ പുള്ളിയെ പണത്തോടുകൂടി ആശ്രമത്തിലേക്ക് കൊണ്ടുപോകേണമെന്നും, ആക്ഷേപത്തിൽ പെട്ട ആൾ ഈയാളുതന്നെയാണോ എന്ന് അറിഞ്ഞതിന്നുശേഷമേ നടവടികൾ നടത്തേണ്ടതുള്ളുവെന്നും, പോല്ലീസ്സധിപൻെറ കല്പനയുണ്ടായി.

പിന്നീട് ദാമോദരനെ ആശ്രമത്തിലേക്ക് കൊണ്ടുപോവാനുള്ളശ്രമമായി. കുഞ്ഞിശ്ശങ്കരൻ വീട്ടിലേക്കും മടങ്ങി.

## 11-ാം അദ്ധ്യായം

### (ഗുണദോഷം)

രാവിലെ ചില്ലറയായി തുടങ്ങിയ ഒരു സംഭവം ഇത്രത്തോളം ഗൌരവമുള്ളതായിതീരുമെന്ന് ആയാൾ വിചാരിച്ചിരുന്നില്ല. അയാളുടെ വരവു കാത്ത് നാണിക്കുട്ടിയും

അവളുടെ അമ്മയും പടിക്കൽ വന്നു നില്ക്കുന്നുണ്ടായിരുന്നു. കണ്ടഉടനെ—

അമ്മ—കുഞ്ഞിശ്ശങ്കരാ, നിൻെറ ദ്വേഷ്യവും ശുണ്ഠിയും എന്തൊക്കെ മാരണങ്ങളാണ് ഉണ്ടാക്കിത്തീക്കുന്നതാവോ? (നാണിക്കുട്ടിയെ നോക്കി)—ഇവനെ ഇളക്കിവിടുവാൻ ഇതാ ഒരു പെണ്ണുമുണ്ട് തയ്യാറായി!

നാണിക്കുട്ടി—ഞാനെന്താ അമ്മെ ചെയ്യുത്—അവരും ഇവരും കാണിക്കുന്നതൊക്കെ കണ്ടുനില്പാൻ പാടു ണ്ടോ? മയ്യാദ ഇല്ലാത്തവക്ക് ചിലപ്പോഠം മയ്യാദ പഠിപ്പിക്കേണ്ടതായിവരും.

കുഞ്ഞിശ്ശങ്കരൻ—ഇപ്പോഠം അപകടമൊന്നും ആയിട്ടില്ല. ഞാനെന്താ ചെയ്യേണ്ടത് അമ്മെ? അനാവശ്യ ങ്ങഠം കണ്ടാൽ എനിക്ക് പൊറുക്കില്ല. നാണിക്കു ട്ടിയുടെ വിളികേട്ടപ്പോഠം അയാഠം വല്ല അധികപ്ര സംഗവും പറഞ്ഞുവോ എന്നുകൂടി എനിക്കുസം ശയംതോന്നി—അച്ഛൻെറ കാരുണ്യംകൊണ്ട് കുറ ച്ചുമാനമായി കഴിയുന്നതു കണ്ടിട്ട് എത്ര ആളുക ഠംക്കാണ് കണ്ണുകടി. ഇവിടെ മുതിന്നപുരുഷന്മാ രില്ലാത്തതുകൊണ്ട് നാട്ടുകാക്ക് എന്തും ആവാ മെന്നായിരിക്കുന്നു.

അമ്മ—മററുള്ളവർ എന്തെങ്കിലുംപറയട്ടെ, അതുകൊണ്ട നമുക്കെന്താ— നമ്മഠം ആരേയും ഉപദ്രവിക്കാൻ

പോകരുത്. അങ്ങിനെ ചെയ്താൽ നമ്മെ ഈശ്വരൻതന്നെ ശിക്ഷിക്കും. രാവിലെതന്നെ ഇത്ര ഘോഷം കൂട്ടേണ്ടതില്ലായിരുന്നു. ഇതാ നോക്കു, ഈ പെണ്ണിനെ പറഞ്ഞാൽ മതി, നമ്മുടെ ശത്രുക്കൾക്ക് പിടിച്ചുകയറുവാൻ ഒരു വള്ളിയായി.

നാണിക്കുട്ടി—അതെ, അതെ, വഴിയിൽക്കൂടെ നടക്കുന്ന ആൾക്ക് നേരെയങ്ങോട്ട് പോയാൽപോരെ, ഞങ്ങളെന്താ വല്ല കാഴ്ചസ്സാമാനമാണോ നോക്കിനില്ക്കാൻ! ആളും അകംപടിയും ഇല്ലെന്നു വിചാരിച്ച് മററുള്ളവർ കാട്ടുന്നതൊക്കെ കാണാൻ ഞാൻ തയ്യാറില്ല. വെറുതെ മറെറാരാളെ പേടിക്കുകയോ.?

അമ്മ—ഈ വായിൽനാവുകൊണ്ടുതന്നെയാണ് അനൎത്ഥങ്ങളൊക്കെ. എനിക്ക് എൻെറ കുട്ടികളെ! നിങ്ങൾ അഭിമാനവും, മാനവും കൂടിയവരാവേണമെന്നുതന്നേയാണ് ആഗ്രഹം—ആളും തരവും കുറഞ്ഞകാലത്ത് സൈ്വരക്കേടുണ്ടാക്കാതിരുന്നാൽ നന്നെന്നുമാത്രം—ആട്ടെ കുഞ്ഞിശ്ശങ്കരാ—നീ അടിച്ചതിനെപ്പററിവല്ല കേസ്സും ഉണ്ടാകുമോ?

കുഞ്ഞിശ്ശങ്കരൻ—ഒന്നുമുണ്ടാവാൻ വഴിയില്ല, ഏതായാലും ഞാനും ആശ്രമത്തിലേക്ക് ഒന്ന് പോകേണമെന്ന് വിചാരിക്കുന്നു—അവിടെ ചെന്നതിൻെറ ശേഷമേ എല്ലാം തീൎച്ചയാകുള്ളൂ.

നാണിക്കുട്ടി—ഏതാശ്രമത്തിലേക്കാണ് — ദാസേട്ടൻ ഏതോ ഒരാശ്രമത്തിലേക്ക് പോയിയെന്നും അവർ സന്ന്യാസിമാരെപ്പോലെ വേഷം ധരിച്ച് എന്തൊക്കെയോ പഠിക്കുന്നുണ്ടെന്നും കേട്ടു.

കുഞ്ഞിശ്ശങ്കരൻ—അതുതന്നെയാണ്. മംഗലത്തൊന്നസ്ഥലത്ത് ഒരു രാമകൃഷ്ണാശ്രമം സ്ഥാപിച്ചിട്ടുണ്ട്. അതിൽനിന്നാണ് ഒരാൾ പണത്തോടുകൂടി പോയിട്ടുണ്ടെന്നു കേട്ടത്—ദാസനും അവിടെതന്നെ ആയിരിക്കും. നീയെങ്ങിനെയാണ് ഇതൊക്കെ അറിഞ്ഞത്.

അമ്മ—ദാസൻെറ വൎത്തമാനം വേറെ ആരോടും ചോദിക്കേണ്ട,

നാണിക്കുട്ടി—ഇന്നാൾ ആ ദിക്കിൽനിന്ന് അമ്മയെ കാണാൻ ആരോവന്നിരുന്നില്ലെ - ആയാൾ പറഞ്ഞ വൎത്തമാനമാണ് ഇതൊക്കെ—അംവനവന്ന് വേണ്ടപ്പെട്ടവരുടെ വൎത്തമാനം അറിഞ്ഞിരിക്കണ്ടെ?

അമ്മ—(അവളുടെ മുഖത്ത് നോക്കി) പുഞ്ചിരിയോടുകൂടി അതൊക്കെ വേണ്ടതാണേ—ദാസൻ നിന്നേയും മറക്കാതിരുന്നാൽനന്ന്.

നാണിക്കുട്ടി—ദസേട്ടൻ എന്തിനാണ് സന്ന്യാസിയായിരിക്കുന്നത്.

കുഞ്ഞിശ്ശങ്കരൻ—സന്ന്യാസിയായി എന്ന് ആരാണ് പറഞ്ഞത്? അവിടെ പഠിക്കാനല്ലെ താമസിക്കുന്നത്.?

അവിടെ താമസിക്കുമ്പോൾ ആ വേഷം വേണമെന്നായിരിക്കാം. ആട്ടെ ഞാൻ പുറപ്പെടട്ടെ.

അമ്മ— (നാണിക്കുട്ടിയുടെ നോട്ടം മനസ്സിലാക്കി) പൊയ്ക്കോ—അധികം താമസിക്കാതെ, ദാസനേയും തരമുണ്ടെങ്കിൽ ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വരൂ.

കുഞ്ഞിശ്ശങ്കരൻ—ഓ, ഞാൻ പോയിവരട്ടെ.

കുഞ്ഞിശ്ശങ്കരൻ പോല്ലീസ്സ്സ്റ്റേഷനിലേക്ക് വീണ്ടും പോയി. കൊൺസ്റ്റേബിൾമാരെ പിന്തുടൎന്നു, ആയാളും അന്നു വൈകുന്നേരമായപ്പോഴേക്ക് ആശ്രമത്തിലെത്തി. ദാമോദരനെ പോല്ലീസ്സുകാരോടുകൂടി കണ്ടപ്പോൾ ആശ്രമത്തിൽ വലിയ ക്ഷോഭമായി. സ്വാമികളുടെ സന്നിധാനത്തിൽചെന്നു്, ഉടനെ ചിലർ വൎത്തമാനം ഗ്രഹിപ്പിച്ചു, പോല്ലീസ്സുകാരും മററും താൻ സമാധിയിരിക്കുന്ന മുറിക്കുള്ളിൽ പ്രവേശിക്കേണ്ട എന്നുകരുതി സ്വാമികൾ പുറത്തേക്കു എഴുന്നെള്ളി. സ്വാമികളെ കണ്ട ഉടനെ ദാമോദരൻ "ക്ഷമിക്കണം" എന്നു പറഞ്ഞ്—തന്റെ അസ്വതന്ത്രത വകവെക്കാതെ നമസ്കരിക്കുകയെന്ന ഭാവത്തിൽ നിലത്തുവീണു. അവന്റെ തല്ക്കാലസ്ഥിതി ആരുടെ മനസ്സിനേയും അലിയിക്കത്തക്കതായിരുന്നു. ദയാപാരവശ്യം കൊണ്ട് സ്വാമികൾക്കും അല്പമൊരു കുണ്ഠിതമുണ്ടായില്ലെന്നുപറഞ്ഞുകൂടാ— സ്വാമികളെ കണ്ടു് പോല്ലീസ്സുകാർ അവരുടെ കൃത്യം നിൎവ്വഹിച്ചു.

പോല്ലീസ്സുകാരൻ—ഇവിട്ടത്തെ ഹരജി അനുസരിച്ച് ചെയ്യു ആവോഷണത്തിൻെറ ഫലമായി കിട്ടിയതാണ് ഈയാൾ— ഇയാളുതന്നെയാണോ ഹരജിയിൽ പ്രസ്താവിച്ച കുററക്കാരൻ ?

സ്വാമി—ഹരജിയിൽ ഞാൻ ആയാളെ കുററക്കാരനാക്കീട്ടില്ല. പൊതുജനങ്ങളുടെ ആവശ്യത്തിന്നായി പിരിച്ചപണം ഉദ്ദിഷ്ടകാൎയ്യത്തിലേക്ക് ചിലവാക്കുന്നതിന്ന് കിട്ടേണമെന്നേ എനിക്ക് ആഗ്രഹമുള്ളു. ആൾ ഇതുതന്നയാണ്.

പോല്ലീസ്സ്—പണവും രശീതിബുകും ഞങ്ങളുടെ കയ്യശം കിട്ടീട്ടുണ്ട്, കേസ്സുകഴിഞ്ഞതോടുകൂടി അത് ഇങ്ങോട്ട് എത്തിക്കുന്നതാണ്. ഞങ്ങളുടെ അഭിപ്രായപ്രകാരം പണംപിരി ച്ച് പോയത് ഈയാൾതന്നെയാണെങ്കിൽ ഈയാൾ കുററക്കാരനുമാണ്.

സ്വാമി—ഈയാളെ കുററക്കാരനാക്കി ശിക്ഷിക്കേണമെന്ന് എനിക്കാവശ്യമില്ല.

പോല്ലീസ്സ്—ഇവിട്ടന്ന് ഹരജിയിൽ പ്രസ്താവിച്ച ആൾ ഇതുതന്നെയാണെന്നും, ഈയാളുടെമേൽ നടവടി നടത്തേണമെന്നും എഴുതിത്തരണം.

സ്വാമി—ആളെപ്പററി എഴുതാമെന്നല്ലാതെ മററെ സംഗതി എഴുത്തിൽ പ്രസ്താവിക്കേണമെന്ന് വിചാരിക്കുന്നില്ല. ആട്ടെ, അതെല്ലാം സാവകാശത്തിലാവാം. നിങ്ങളുടെ ക്ഷീണംതീൎക്കാനായി ചില

തെല്ലാം കഴിക്കുക, (ഒരു ശിഷ്യനോടായി)—ഇവരെ ഭോജനശാലയിലേക്കു കൊണ്ടുപോയി, അവക്ക് വേണ്ടത് കൊടുപ്പാൻ പറക—(പോല്ലീസ്സുകാരോട്) നിങ്ങൾക്കു് നാളെപോയാൽപോരെ?

പോല്ലീ——പോരാ-ഇവിടുന്ന് ഇപ്പോൾ എഴുതിത്തന്ന് ഞങ്ങളെ അയച്ചാൽനന്ന്.

സ്വാമി— അങ്ങിനേയാവാം, എന്നരുളിച്ചെയ്യ് സ്വാമി തൻെറ മുറിയിലേക്കി പോയി—കുട്ടികളെല്ലാവരും ദാമോദരനെ ചുററിക്കൂടി—കുഞ്ഞിശ്ശങ്കരനെ കണ്ട പ്പോൾ സന്തോഷംകൊണ്ട് ഞാൻ അരികത്തു ചെന്നു. വൎത്തമാനങ്ങൾ അറിയാനുള്ള തിടുക്കം കൊണ്ട് കുഞ്ഞിശ്ശങ്കരനോടുകൂടി ഞാനുംകട്ടനും ഞങ്ങളുടെ വാസസ്ഥലത്തേക്കുപോയി. ദാമോദരനു പററിയ അവമാനത്തിൽ സങ്കടവും, കുഞ്ഞിശ്ശങ്കരനെ കണ്ടതിൽ സന്തോഷവും എൻെറ ഉള്ളിൽ ഒരുപോലെ തിങ്ങിത്തുടങ്ങി.

ആളെ അറിഞ്ഞവിവരത്തിനുള്ള കത്ത് സ്വാമികൾ താമസിയാതെ പോല്ലീസ്സുകാൎക്ക് കൊടുത്തു. മററു സംഗതികളെപ്പററി നേരിട്ട് വേറെ എഴുതിക്കൊള്ളുന്നതാണെന്നും, അവരോട് അരുളിച്ചെയ്തു,—പോല്ലീസ്സുകാരോടുകൂടി ദാമോദരൻ പോകുമ്പോൾ കുഞ്ഞിശ്ശങ്കരനെനോക്കി 'തന്നെ ഞാനൊരുകാലത്തും മറക്കുന്നതല്ല' എന്നുപറഞ്ഞു.

# 12-ാം അദ്ധ്യായം

## ( കള്ളപ്പുള്ളി )

കള്ളപ്പുള്ളിയായ ദാമോദരനെപ്പററി വായനക്കാർ കുറച്ചുകൂടിസംഗതികറം അറിയേണ്ടതായിട്ടുണ്ട്. കുട്ടിക്കാലം മുതല്ലേ വീട്ടിൽ പലതവണയും കളവു നടത്തുകയാൽ വീട്ടുകാരുടെയെല്ലാം വെറുപ്പിന്ന് പാത്രീഭവിച്ചിട്ടുള്ളവനാണ് അവൻ. വീട്ടിലുള്ള കാരണവന്മാരിൽനിന്നു അവനുകിട്ടിയതല്ലിന്നും കണക്കില്ല. ബുദ്ധിസാമത്ഥ്യവും, വാക്സാമത്ഥ്യവും സാധാരണയിൽ കവിഞ്ഞ നിലയിൽ അവനുള്ളതുകൊണ്ടു അവനെ തള്ളാനും കൊള്ളാനുംകഴിയാതെ വിഷമിച്ചുകൊണ്ടായിരുന്നു അവന്റെ ശേഷക്കാർ കഴിഞ്ഞിരുന്നത്. അടുത്തുള്ള സ്കൂളിലെല്ലാം അവൻഒന്നുരണ്ടുപ്രാവശ്യം കയറിഇറങ്ങിയകൂട്ടത്തിലാണ് ഇനി ഒന്നിലും അവനെ ചേക്കുന്നതല്ലെന്നും എല്ലാവരും തീച്ചപ്പെടുത്തിയിരിക്കുന്നു. കാര്യങ്ങളെല്ലാം വെളിച്ചത്താക്കിയാൽ തറവാട്ടിന്റെ മാനംപോവുമല്ലോ എന്നുകരുതി, അവന്റെ "തോന്നിവാസങ്ങറം" കഴിയുന്നവിധം തങ്ങറം തന്നെ ശിക്ഷിച്ച് ഒതുക്കുകയായിരുന്നു അതുവരെകാരണവന്മാർ ചെയ്തിരുന്നത്. ഈ നയംകൊണ്ട് അവന്റെ ദുർവ്വാസനയും അവരുടെ ശല്യവും ഒരുപോലെവളരുകമാത്രമേ ഉണ്ടായുള്ളു. ക്രമേണ അവന്റെ അധികാരസീമയും പരന്നുതുടങ്ങി. കളവുകറം അയൽവീട്ടുകളിലും തുടങ്ങി

മോതിരങ്ങൾ, കുടകൾ, കുപ്പായങ്ങൾ, മുണ്ടുകൾഇങ്ങി നെയുള്ള ചില്ലറസാമാനങ്ങളെ ആദ്യം കാണാതായിരുന്നുള്ളു. ആ വക മോഷണങ്ങൾ ആരും വകവെക്കാതെ പോയി. ഇങ്ങിനെ നാട്ടുകാരുടേയും വീട്ടുകാരുടേയും ശ്രദ്ധക്കുറവുകൊണ്ട് കളവിൽ കണ്ണുതെളിഞ്ഞുകിട്ടിയ ദാമോദരൻ ക്രമേണ വലിയ മോഷണങ്ങളുംവഞ്ചനകളും നടത്തുവാൻ തുടങ്ങി.

അടുത്തുള്ള ഒരു പ്രഭുഗൃഹത്തിൽ അവൻ ഇടക്കിടെ പോയി വരുക പതിവായിരുന്നു. അവിടെ ദിവസേന ധാരാളം പണമിടവാടുകൾ നടന്നിരുന്നു. ഒരു ദിവസം ഒരാൾ അവിടെ അടക്കേണ്ട പണവുംകൊണ്ട് ആ പ്രഭുഗൃഹത്തിൻെറ പടിക്കൽ നില്പുണ്ടായിരുന്നു. അയാൾ താണ ജാതിയിലുൾപ്പെട്ടവനായിരുന്നതിനാൽ അകത്തേക്കു കടക്കുവാൻ തരമില്ലാതെ നില്ക്കുകയായിരുന്നു. ഈ തഞ്ചത്തിൽ ദാമോദരൻ അവിടെയെത്തി. അവിടത്തെ ഒരു പരിചാരകൻെറ നിലയിൽ കുററിക്കാരൻെറ കയ്യിൽ നിന്ന് പണംവാങ്ങി, ആ വീട്ടിലത്തെ കാരണവർ ഇരിക്കുന്ന പത്തായപ്പുരക്കു നേരെ പോകുന്നതു കണ്ടു. അയാൾ കാരണവരുടെ കയ്യിൽ പണം കൊടുക്കുന്നതിന്നു പകരം പത്തായപ്പുരയുടെ മറുഭാഗത്തുകൂടെ വേറൊരു വഴിയായി വീട്ടിൻെറ വളപ്പ് ചാടിക്കടന്നുപോയി. ഈ വിവരം അവിടെയുള്ളവരാരും അറിഞ്ഞില്ല. പണംകൊടുത്തവൻ രശീതിയും കാത്ത് നില്പായി. കുറെ കഴിഞ്ഞിട്ടും

രശീതിയുടെ വരവ് കാണാഞ്ഞപ്പോൾ അതിലെ പോയി രുന്ന മറെറാരു പരിചാരകനെ വിളിച്ച് വിവരം പറഞ്ഞു. അയാൾ കാരണവരോട് ചെന്ന് ചോദിച്ചപ്പോഴാണ് പണം അവിടെ കിട്ടിയിട്ടില്ലെന്ന് അറിവായത്. ആരാണ് വാങ്ങിക്കൊണ്ടുപോയതെന്ന് പറവാൻ കൊടുത്തവന്ന് ദാമോദരനേ നല്ല പരിചയവും ഉണ്ടായിരുന്നില്ല. അയാൾ ദാമോദരൻെറ ആകൃതി വൎണ്ണിച്ചു തുടങ്ങി. അങ്ങിനെയൊരാൾ അവിടെയുള്ള ഭൃത്യരിലില്ലാത്തതിനാൽ എല്ലാവൎക്കും അത്ഭുതമായി. അന്ന് ആദിക്കിൽ ഒരു ചന്തദിവസമായിരുന്നതിനാൽ പണംകൊടുത്തവനും വേറെ ഒന്നു രണ്ടാളുംകൂടി ചന്തക്കുപോയി. അവിടെ വെച്ച് ചില സാമാനങ്ങൾ വാങ്ങിക്കൊണ്ട് നിന്നിരുന്ന ദാമോദരനെ അവർ പിടികൂടി നേരെ പ്രഭുഗൃഹത്തിലേക്കു കൊണ്ടുവന്നു. അവൻെറ കയ്യിൽ പണം ഏതാനും ബാക്കിയുണ്ടായിരുന്നു. ദാമോദരൻെറ കാരണവരെ ആളയച്ചു വരുത്തി സംഗതികളെല്ലാം അദ്ദേഹത്തെ മനസ്സിലാക്കി. അദ്ദേഹം തൻെറ അനുഭവങ്ങളിൽ ചിലതും പ്രഭുമുമ്പാകെ വിസ്തരിച്ചു. അവർ രണ്ടുപേരുംകൂടി ദാമോദരനെ പന്ത്രണ്ടടി അടിക്കേണമെന്ന് ശിക്ഷകല്പിച്ചു. അടിയും നടന്നു. അവന്ന് 18 വയസ്സ് തികയാത്തതിനാൽ തല്ക്കാലം പോല്ലീസ്സിൽ അറിയിക്കാതിരുന്നതാണെന്നും, ഇനി ഇത്തരത്തിലുള്ള മോഷണങ്ങൾ നടത്തിയെങ്കിൽ അവൻെറ പേരിൽ ക്രിമിനാൽകേസ്സ നടത്തുന്നതാണെന്നും അവനേയും ധരിപ്പിച്ചു.

കള്ളനാണെന്ന് ഇങ്ങിനെ ജനബോദ്ധ്യം വരുത്തിയ ദാമോദരൻ തന്റെ കൌശല പ്രകടനങ്ങൾക്ക് ആ സ്ഥലം മതിയാവില്ലെന്നു വിചാരിച്ചോ, അഥവാ പലരും മുമ്പാകെ തന്നെ അടിച്ചതിനാലുള്ള ജാള്യതകൊണ്ടോ എന്തോ അവിടം വിട്ടുവാനുറച്ചു. അടി കൊണ്ടതിന്നു ശേഷം നേരെ തെക്കോട്ടേക്കാണ് പോയത്. ദാമോദരന്റെ കാരണവക്ക് അവനെപ്പററി അന്വേഷണം ചെയ്യേണമെന്ന് തോന്നുകയുണ്ടായില്ല. പുകഞ്ഞകൊള്ളിപുറത്തായല്ലൊ എന്ന് അയാൾ സമാധാനിക്കയാണുണ്ടായത്.

ദാമോദരൻ നേരെപോയത് ആശ്രമത്തിലേക്കായിരുന്നു—അവിടെ കഷ്ടിച്ച് ഒരുകൊല്ലംകൂടി. അങ്ങിനെയിരിക്കുമ്പോഴാണ് ക്ഷാമനിവാരണത്തിന്നുവേണ്ടി പിരിച്ചപണവുംകൊണ്ട് ചാടിയതും, ഇതിന്നു മുമ്പിലത്തെ അദ്ധ്യായത്തിൽ വിവരിച്ച പ്രകാരം പോല്ലീസ്സുകാരുടെ കയ്യിൽ കുടുങ്ങിയതും. പോല്ലീസ്സുകാരിൽനിന്ന് ദാമോദരന്നുണ്ടായിട്ടുള്ള അനുഭവം ഇതുവരെ ഉണ്ടായതിലെല്ലാം മികച്ചതായിരുന്നു. അതിന്നു കാരണഭൂതന്മാരായവരുടെ നേരെ അയാൾക്ക് പക വദ്ധിക്കയല്ലാതെ, അയാളുടെ സ്വഭാവത്തിന്ന് ശിക്ഷകൾകൊണ്ട് യാതൊരു വ്യത്യാസവും വന്നില്ല. ഇക്കുറിയും പോലീസ്സുകാരുടെ പിടിയിൽനിന്നു വിട്ട ഉടനെ, താൻ അന്നു കണ്ട പെൺകുട്ടിയേയും അവളുടെ സോദരനേയും ഒരു പാഠം പഠിപ്പിച്ച്

ല്ലാതെ അടങ്ങുകയില്ലെന്നു തീച്ച്യയാക്കി. ആശ്രമത്തിൽ നിന്ന് പോല്ലീസ്സുകാരോട്ടുകൂടി അവൻ തിരിച്ചു പോകു മ്പോൾ കുഞ്ഞിശ്ശങ്കരനെ മറക്കുകയില്ലെന്ന് പറയാനുള്ള കാരണം ഇപ്പോൾ വായനക്കാക്ക് വ്യക്തമായിരിക്കാം. അടികൊണ്ടുമാത്രം പോലീസ്സുകാർ ദാമോദരനെ വിട്ടില്ല. കാററും വെളിച്ചവും തട്ടാത്ത മുറിയിൽ കുറച്ചുനാളത്തെ വാസവും, എല്ലുമുറിയെ പണിയും, ദാമോദരനെപോലെ യുള്ളവരുടെ ബുദ്ധിയും സ്വഭാവവും നന്നാക്കുമെന്ന് അവർ തീച്ചാക്കുകയും ആ തീപ്പിൻെറ ഫലമായി ദാമോദരന്ന് കുറച്ചു കാലത്തേക്ക് ഏകാന്തവാസം കിട്ടുകയും ചെയ്തു.

## 13-ാംഅദ്ധ്യായം

### (ഒരുസംഭാഷണം)

ദാമോദരൻ പോയതോട്ടുകൂടി, കുട്ടനും കുഞ്ഞിശ്ശങ്ക രനും, ഞാനും, ആശ്രമത്തിൽ ഞങ്ങൾക്കുള്ള മുറിയിലേക്ക് മടങ്ങി. നാണിക്കുട്ടിയുടേയും മററും വത്തമാനമറിവാൻ എനിക്ക് വളരെ ആഗ്രഹമുണ്ടായിരുന്നു. പെട്ടെന്നു ചോദിച്ചാൽ കുഞ്ഞിശ്ശങ്കരന്ന് എന്തുതോന്നുമെന്നു വിചാ രിച്ച് മടിച്ചു. കുഞ്ഞിശ്ശങ്കരനെ ഏതായാലും നല്ലവണ്ണം സല്ക്കരിക്കേണമെന്നുറച്ച്, ഭോജനശാലയിൽ പോയി വേണ്ടശട്ടം ചെയ്യാൻ കുട്ടനെ അയച്ചു. ഞാനും കുഞ്ഞി

ശ്ശങ്കരനും മാത്രമായി മുറിയിൽ. കുഞ്ഞിശ്ശങ്കരന്റെ സ്വഭാവത്തിന്ന് വളരെ മാററം വന്നിട്ടുണ്ടെന്ന് എനിക്ക് തോന്നി. അച്ഛനമ്മമാരുടെ ശാസനയല്ലാതെ രാജശാസനയെന്നൊന്നുണ്ടെന്നും, വീട്ടിൽഘോഷംകൂട്ടുന്നപോലെ പുറത്തിറങ്ങി അക്രമം തുടങ്ങിയാൽ തടയാനും തടുക്കാനും ആളുകൾ മാറിയുണ്ടാവുമെന്നും, അവരുടെ പെരുമാററം വിചാരിച്ചപോലെ ആവില്ലെന്നും ദാമോദരനായി ഇടപെട്ടതിൽ അവന്ന് ആദ്യമായി ബോദ്ധ്യം വന്നിട്ടുണ്ടായിരിക്കണം. അതോടുകൂടി ആകപ്പാടെ ഒരു ഭയവും ശങ്കയും ജനിച്ചതിന്റെ ഫലമായിരിക്കണം അപ്പോൾ കണ്ട ഒതുക്കം. ഞങ്ങൾ ഇങ്ങിനെ സംഭാഷണം തുടങ്ങി.

ഞാൻ—അമ്മായിക്കും മററും സുഖംതന്നെയല്ലെ.

കുഞ്ഞിശ്ശങ്കരൻ—വിശേഷിച്ചൊന്നുമില്ല. പക്ഷെ ആകപ്പാടെ ഒരു സ്വൈരമില്ല. ഞങ്ങടെ തറവാട്ടുകാരൊക്കെ ഞങ്ങളെ തള്ളിയിരിക്കയാണ്. എല്ലാററിന്നും ഞാനല്ലെഉള്ളൂ. അടുക്കെയുള്ളവരൊക്കെ അസൂയക്കുടുക്കകളാണുതാനും. അച്ഛന്റെ മനസ്സുകൊണ്ട് ഭക്ഷണത്തിന്നു മുട്ടില്ലെന്നുമാത്രം.

ഞാൻ— കുഞ്ഞിശ്ശങ്കരനെന്തെ പഠിക്കേണ്ടെന്നു വെച്ചത

കുഞ്ഞിശ്ശങ്കരൻ— ഈ ഘട്ടത്തിൽ ഞാൽ പഠിക്കാനുംകൂടി പോയാൽ കണക്കായി. കാരണവന്മാരാരെങ്കിലും അവിടെവന്നു താമസിച്ചാൽ മതി. അപ്പോഴേക്ക്

അഭിമാനം കലശൽ. പിന്നെ അച്ഛനുള്ള കാലത്ത് അവർ ചില സഹായങ്ങൾ ആവശ്യപ്പെട്ടുകൂടുണ്ടായിട്ടുപോൽ! അതു പ്രകാരമൊന്നും ചെയ്യില്ലത്രെ.

ഞാൻ—അദ്ദേഹം അല്പായുസ്സായി പോയില്ലേ. അല്ലെങ്കിൽ സകലക്കും അദ്ദേഹത്തിന്റെ സഹായം ഉണ്ടാവാതിരിക്കയില്ല. കുഞ്ഞിശ്ശങ്കരാ, നാം ഭാഗ്യമില്ലാത്തവരാണ്. ഈശ്വരാനുഗ്രഹംകൊണ്ട, ഞാൻ ഇവിടെവന്നുപെട്ടു.

കുഞ്ഞിശ്ശങ്കരൻ — ഇവിടുത്തെ സമ്പ്രദായങ്ങളെപ്പററി ഞാൻ കേട്ടിട്ടെ ഉണ്ടായിരുന്നുള്ളു. വന്നുകണ്ടപ്പോൾ എനിക്കും വളരെ പിടിച്ചു. രണ്ടു കൊല്ലവുംകൂടി കഴിയട്ടെ. എനിക്കും ഇവിടെവരണം.

അപ്പോഴേക്ക് നാണിക്കുട്ടിക്ക് ഒരുമാതിരി പ്രായമാവും. അവൾക്ക് ഒരു ഭർത്താവുണ്ടായാൽപിന്നെ അമ്മക്ക ഒന്നുകിൽ അദ്ദേഹത്തിന്റെ കൂടെയൊ അല്ലെങ്കിൽ തന്നെയൊ താമസിക്കാലൊ. പിന്നെ എന്റേടം നോക്കി എനിക്കും എവിടെയെങ്കിലും പോയി പഠിക്കയൊ മററൊ ചെയ്യാം.

നാണിക്കുട്ടിക്ക് പ്രായമാവുമെന്ന് കേട്ടപ്പോൾ എനിക്ക് ഞാനറിയാതെ രോമാഞ്ചമുണ്ടായി.

ഞാൻ—നാണിക്കുട്ടിക്ക് ഇപ്പോൾ എത്രയായി വയസ്സ്?

കുഞ്ഞിശ്ശങ്കരൻ—അവൾക്ക് പന്ത്രണ്ട് തികഞ്ഞു, പതിമൂന്ന് നടപ്പാണ്. പിന്നെ അവളും അമ്മയും പ്രത്യേകിച്ച് പറഞ്ഞിട്ടുണ്ട്. ദാസനേ അങ്ങോട്ടു കൂട്ടിക്കൊണ്ടുവരാൻ —എൻെറകൂടെ പോന്നുകൂടെ.

ഞാൻ — അങ്ങിനെ ഇവിടെനിന്ന് വിട്ടുവാൻ തരമില്ല, ഇവിടെവന്നാൽ ഇവിടുത്തെ പഠിപ്പു കഴിയുന്നതുവരെ ഇവിടെനില്ക്കണമെന്നാണ് നിശ്ചയം. ഇടക്ക് വീട്ടിലേക്കപോകുന്നതുതന്നെ സ്വാമിക്ക് ഇഷ്ടമില്ല. അച്ഛനമ്മമാർഇവിടെവന്നുകണ്ട് പോവാനുള്ള ഏപ്പാട്ടുകൾ ചെയ്യേണമെന്നാണ് അദ്ദേഹം ആലോചിക്കുന്നത്—പിന്നെഅമ്മായിയേയും മററം കാണുമ്പോൾ എനിക്ക് വ്യസനം ജാസ്തിയാവും. ഞാൻ ആദ്യം കോഴിക്കോട്ട് പഠിക്കാൻവന്നപ്പോൾ അമ്മായിയുംമററം എന്നോട് പെരുമാറിയിരുന്നത് വിചാരിച്ചാൽ എൻെറ വീട്ടിലുള്ള അമ്മ മുതലായവർ കൂടി അങ്ങിനെ ചെയ്യുമോ എന്ന് സംശയമാണ്.

കുഞ്ഞി — അതുപോലെതന്നെയാണ് ഞങ്ങൾക്കെല്ലാം ദാസനോടും. ദാസൻെറ വൎത്തമാനം — ഞാനും അമ്മയും അറിയുന്നതിന്നു മുമ്പെ എന്നു പറയണം- നാണിക്കുട്ടി അറിഞ്ഞിരുന്നു. ദാസേട്ടനെന്തിനാ സന്ന്യാസിയാവാൻ പോകുന്നത് എന്ന് ഇടക്കിടെ പറയാറും ഉണ്ട്.

ഞാൻ — അതുകൊണ്ടുതന്നെയാണ് ഞാൻ ഇപ്പോഴും വരുന്നില്ലെന്നു പറയുന്നത്. ജീവിത സംഭവങ്ങളെ നിർഭയം നേരിടുവാനുള്ള പരിചയവും കെല്പും എനിക്കുണ്ടായതിന്നുശേഷം ഇനി അങ്ങോട്ട് വന്നാൽ മതിയെന്നാണ് ഞാൻ വിചാരിക്കുന്നത്. ഈ ആശ്രമജീവിതംകൊണ്ട് എനിക്കുണ്ടാവുന്ന സംസ്കാരം കുറച്ചു നാളത്തേക്ക് നിർബ്ബാധമായിരിക്കട്ടെ. അമ്മായിയോടും മററും എൻെറ നമസ്കാരം പറഞ്ഞേക്കു.

കുഞ്ഞിശ്ശങ്കരൻ—എന്താ തന്നി സന്ന്യാസിയാവാനാണോ ഭാവം.

ഞാൻ—എന്നില്ല.

അപ്പോഴേക്ക് കുട്ടൻവന്നു. ഞങ്ങളെല്ലാവരും അന്ന് ആശ്രമത്തിൽ ആഹ്ലാദമായികൂടി. പിറേറദിവസം കുഞ്ഞിശ്ശങ്കരനുംപോയി. കുഞ്ഞിശ്ശങ്കരൻ പോകുമ്പോഴും എൻെറസ്ഥിതി കണ്വാശ്രമംവിട്ടുപോകുന്ന ദുഷ്യന്തൻെറതുപോലെയായിയെന്നു പറഞ്ഞാൽ വലിയ തെററില്ല. പക്ഷെ ഒരു വ്യത്യാസമുണ്ടായിരുന്നു. ദുഷ്യന്തൻെറ ദേഹം സഞ്ചരിക്കുമ്പോഴും മനസ്സ് ആശ്രമത്തിൽനിന്നു. എൻെറ ദേഹം ആശ്രമത്തിൽനിന്ന് മനസ്സ് കുഞ്ഞിശ്ശങ്കരൻെറ പിന്നാലെ അയാളുടെ ഗൃഹത്തിചുള്ളവരെ കാണുവാൻ പോകയാണുണ്ടായത്.

# 14-ാം അദ്ധ്യായം

## (വിചാരം)

നാണിക്കുട്ടിയെപ്പററി എനിക്ക് വിചാരം ക്രമേണ ജാസ്തിയായിത്തുടങ്ങി. കുട്ടിക്കാലത്തെ കളിത്തോഴി എന്ന നിലയിൽ മാത്രമല്ല അവൾ ഇപ്പോൾ എൻെറ മനോരാജ്യത്തിൽ സഞ്ചരിക്കുന്നത്. ഞാനും എൻെറ ബാല്യത്തിൽനിന്ന് യൌവനത്തിലേക്ക് പ്രവേശിക്കുന്ന ഘട്ടമാണ്. വിചാരങ്ങളുടേയും വികാരങ്ങളുടേയും ഗതിയും മാറിത്തുടങ്ങി. മുമ്പ് പരിചയിച്ച ചിലതിൽ അവജ്ഞയും പുതിയകാൎയ്യങ്ങളിൽ ആവേശവും അനുഭവിപ്പാൻ ആരംഭിച്ചു. പഠിച്ചുപാസ്സായി വലിയ ഉദ്ദ്യോഗസ്ഥനാവേണം, കുറെ പണം സമ്പാദിക്കേണം, എന്നുള്ള മോഹങ്ങൾ ക്രമേണ മനസ്സിൽനിന്നു മാറിത്തുടങ്ങി. ആശ്രമജീവിതത്തിൻെറ ഫലമായി ഒരുത്തൻെറ ആയുഷ്ക്കാലം പരോപകാരത്തിന്നായിത്തീരേണമെന്നുള്ള ഉദ്ദേശവും ഉള്ളിലുറച്ചുതുടങ്ങി. അങ്ങിനെയുള്ള ജീവിതത്തിൽ നാണിക്കുട്ടിയെപ്പോലെ "തനിക്കൊത്ത പൊരുത്ത"മുള്ള ഒരു സഖി കൂടിയേ കഴിയൂ എന്നുള്ള ആശയും വേരൂന്നിപ്പിടിച്ചു. പക്ഷെ കാലംകൊണ്ട് അവളുടെ മനോഗതിക്ക് വന്നിട്ടുള്ളമാററം ഏതുതരത്തിലാണ് എന്നറിവാൻ തല്ക്കാലം നിവൃത്തിയില്ലാതെയിരിക്കുന്നു. "ദാരസംഗ്രഹാനന്തരം സന്യാസിയാവാൻ പോണത്" എന്നുള്ള അവളുടെ അന്വേഷണത്തെപ്പററി കുഞ്ഞിശ്ശങ്കരൻ പറഞ്ഞപ്പോൾ എനിക്ക്

കൌതുകവും അല്പമൊരു ഇച്ഛാഭംഗവും ഉണ്ടായില്ലെന്നില്ല. എന്നെപ്പററി അന്വേഷണമുണ്ടെന്നറിയുന്നത് ആശ്വസിക്കത്തക്കതാണല്ലൊ. എൻെറ ഇപ്പോഴത്തെ ജീവിതത്തിൽ തൃപ്തിയില്ലെന്നറിയുന്നത് അത്ര തന്നെ ആശ്വാസകരമാവാനും തരമില്ല. തമ്മിൽ കണ്ടുസംസാരിച്ചാൽ സംശയനിവൃത്തിവരുവാനും പരിചയത്തിന്ന് പുതുമയുണ്ടാക്കാനും സാധിക്കുന്നതുകൊണ്ട് അതിനുള്ള അവസരം താമസിയാതെ ഉണ്ടാക്കേണമെന്നു തീച്ചപ്പെടുത്തി. ആശ്രമവും ആഗ്രഹവും യോജിക്കാതിരുന്നതിനാൽ അതുവരെയുണ്ടായിരുന്ന ശാന്തതക്കും ഹാനിതട്ടിത്തുടങ്ങി. സൈ്വരക്കേടുതുടങ്ങുമ്പോഴെല്ലാം കുഞ്ഞിശ്ശങ്കരനെ എഴുതിവരുത്തുന്നതും പതിവായി. ജീവിതകാൎയ്യങ്ങളിൽ ഗാഢമായുള്ള ചിന്ത ആയാൾക്കു കൂടപ്പിറവിയല്ലാഞ്ഞയാൽ ആയാൾക്ക് മനസ്സിന്ന് അസ്വാസ്ഥ്യവും അധികമുണ്ടാവാറില്ല. ആയാളുടെ സ്ഥായിഭാവം എപ്പോഴും ഒരു മന്ദഹാസമാണ്. ഇന്നത്തെകഴിഞ്ഞാൽ നാളെ എന്നല്ലാതെ, നാളത്തെ സ്ഥിതി എന്താണെന്നു വിചാരിച്ച് അയാാം ക്ലേശിക്കാറില്ല. അയാളുടെ നേരമ്പോക്കും ഭാവങ്ങളും ഏതു സങ്കടത്തിന്നും മരുന്നായിത്തീരാറുണ്ട്.

ഇങ്ങിനെ ഏകദേശം അഞ്ചോ ആറോ കൊല്ലങ്ങൾ കഴിഞ്ഞു എൻെറ ആശ്രമജീവിതവും അവസാനിക്കാറായി. ഒരു ദിവസം സ്വാമിയെ ചെന്നുകണ്ടപ്പോൾ എന്നോടും കുട്ടനോടും "നിങ്ങളുടെ വിദ്യാഭ്യാസം

ഇപ്പോൾ പൂർത്തിയായിരിക്കുന്നു, ഇനി ഇവിടം വിട്ടുപോകേണമെങ്കിൽ വിരോധമില്ല. നാളെ നിങ്ങൾക്കു ഒരു യാത്ര അയപ്പുണ്ടാവുന്നതാണ്. ആ അവസരത്തിൽ ഞാനൊരു ഉപദേശവും തരേണമെന്ന് വിചാരിക്കുന്നുണ്ട്" എന്ന് അരുളിച്ചെയ്യുകയുണ്ടായി. ഞങ്ങളുടെ മുറിയിലേക്കു വന്നപ്പോൾ സ്വാമിയുടെ അരുളപ്പാടിനെപ്പററി ഞങ്ങൾ ഇങ്ങിനെ സംസാരിച്ചു.

ഞാൻ— നാളെ നാം ഈ ആശ്രമം വിടേണ്ടിവരും, ഇനി ഇവിടുന്നങ്ങോട്ട് എന്താ കുട്ടൻ വിചാരിക്കുന്നത്. കുട്ടൻെറ വീട്ടിലേക്ക് മടങ്ങുകയല്ലെ?

കുട്ടൻ—ഞാൻ എൻെറ വീട്ടിലേക്ക് പോകുന്നില്ല, കാരണവരായി ശണ്ഠകൂടീട്ടാണല്ലൊ പോന്നിരിക്കുന്നത്. ഇനി അങ്ങോട്ടുചെല്ലുമ്പോൾ അദ്ദേഹം ഏതുതരത്തിലാണ് സ്വീകരിക്കുന്നതെന്നറിഞ്ഞുകൂടല്ലൊ? കുറച്ച് ദേശസഞ്ചാരം ചെയ്യാൽ കൊള്ളാമെന്നു മോഹമുണ്ട്. ഏതായാലും നാം ഒന്നിച്ചുകൂടി. ഇനിയും നമുക്ക് ഒന്നായിതന്നെ ഇരിക്കാൻ സാധിക്കുമെങ്കിൽ അങ്ങിനെ ആയാൽകൊള്ളാമെന്നുണ്ട്.

ഞാൻ—സഞ്ചരിക്കേണമെന്ന് എനിക്കും മോഹമുണ്ട. പക്ഷെ അമ്മയെ ഒന്നു കാണേണമെന്നുമുണ്ട്. എന്നെ ജീവനാണ്. ഇന്നുവരും നാളെവരും എന്നു വിചാരിച്ച് കാത്തിരിക്കുന്നുണ്ടാവും. നമുക്ക് രണ്ടുപേർക്കുംകൂടി അങ്ങോട്ടുപോകാം.

കുട്ടൻ—അങ്ങിനെയാവട്ടെ. അമ്മ പോവാൻ സമ്മതി ച്ചില്ലെങ്കിലൊ?

ഞാൻ—അങ്ങിനെ വരില്ല. എൻെറ ഇഷ്ടത്തിനു വിപ രീതമായിട്ടു് അങ്ങിനെ പറയാറില്ല. പക്ഷെ ഒരു കാര്യമുണ്ട്. ഞാൻ പഠിച്ച് വല്ല പ്രവൃത്തിയിലും ചേൎന്നുകാണേണമെന്ന് വളരെ മോഹമുള്ളകൂട്ടത്തി ലാണ്. എൻെറ ഭാവം അതിന്നനുകൂലമല്ലെന്നുക ണ്ടാൽ എന്തു പറയുമൊ ആവൊ? ആശ്രമജീവി തംകൊണ്ട് എൻെറ പ്രകൃതിക്ക് വളരെ ശാന്തത വന്നിട്ടുണ്ട്. എൻെറ മനസ്സിന്ന് ഇപ്പോളും വന്നി ട്ടുള്ള വിശാലത ഈ പ്രപഞ്ചജീവിതത്തിലുണ്ടാകാ വുന്ന ഇടുങ്ങിയ വഴികളിൽ കടന്നുകൂടി തൃപ്തിപ്പെട്ടി രിക്കുമെന്ന് തോന്നുന്നില്ല. അതുകൊണ്ട് എന്താ വേണ്ടതെന്ന് തീൎച്ചയാകുന്നില്ല.

കുട്ടൻ—എൻെറ പ്രകൃതിയും ഏകദേശം ആ മട്ടിലായി രിക്കുന്നു. ഞാൻ ഇവിടെ വരുമ്പോഴുണ്ടായിരുന്ന സ്വഭാവം തീരെ മാറിയിരിക്കുന്നു, എനിക്ക് അത് വിചാരിക്കുമ്പോൾ അത്ഭുതം തോന്നുന്നു. എന്താ യാലും സ്വാമികളുടെ ഉപദേശം കേട്ടതിന്നുശേഷം തീൎച്ചപ്പെടുത്താം.

അന്ന് വൈകുന്നേരം ആശ്രമവാസികളുടെ ഒരു യോഗംകൂടി. സ്വാമി അദ്ധ്യക്ഷം വഹിച്ച് ഇങ്ങിനെ ഒരു പ്രസംഗം ചെയ്തു.

## പ്രിയശിഷ്യരെ! സഹോദരന്മാരെ!

നമ്മുടെ ഇടയിൽ ഇതുവരെ താമസിച്ച്, വിദ്യാഭ്യാസം പരിപൂർത്തിയാക്കി പോകുന്നവരോടു യാത്ര പറയാനാണല്ലൊ നാം ഇന്ന് ഇവിടെ കൂടിയിരിക്കുന്നത് അവരെല്ലാവരും ആശ്രമജീവിതം തൃപ്തിയാകുംവണ്ണം നിർവ്വഹിച്ചിട്ടുണ്ടെന്ന് പ്രസ്താവിക്കുന്നതിൽ എനിക്ക് പ്രത്യേകിച്ചും സന്തോഷമുണ്ട്. ദേവീദാസനും കുട്ടനും എൻെറ ശ്രദ്ധയെ പ്രത്യേകം ആകർഷിച്ചിട്ടുള്ളവരാണ്. വിദ്യാഭ്യാസത്തിൽ അവർ കാണിച്ചിരുന്നശ്രദ്ധ, ആശ്രമനടവടികളിൽ അവർക്കുണ്ടായിരുന്ന നിഷ്ഠ, ഗുരുജനങ്ങളിലുള്ള ഭക്തി, സർവ്വോപരി പരോപകാരംചെയ്യുന്നതിലുള്ള താല്പര്യം എന്നീഗുണങ്ങൾ നിങ്ങൾക്കെല്ലാവർക്കും കണ്ടു പഠിക്കത്തക്കവയാണ്. അവരെ വിട്ടുപിരിയുന്നതിൽ എനിക്ക് മനസ്താപമുണ്ടെന്നുള്ള വസ്തുത ഞാൻ മറച്ചുവെക്കുന്നില്ല. "ശോകമീദൃശമരണ്യവാസിമുനിയാമെനിക്കുമഭിമാനജം" എന്ന കണ്വവചനമാണ് എനിക്ക് ഈ ഘട്ടത്തിൽ ഓർമ്മവരുന്നത്. ഗുണങ്ങൾ ലോകത്തിൽ ദുർല്ലഭമാകയാൽ അവകാണുന്നിടത്ത് അതിസന്തോഷം ഉണ്ടാവുന്നത് എന്നെപ്പോലുള്ളവർക്ക് സഹജമാണ്. സന്തോഷത്തിൻെറ അവസാനം സന്താപത്തിലുമാണല്ലൊ. അതുകൊണ്ട് ഈവ്യസനം എനിക്കു സഹിക്കയേ തരമുള്ളു.

ഈ അവസരത്തിൽ അവരുടെ ഭാവിജീവിതത്തെപ്പററി അവരോടു കുറഞ്ഞൊന്ന് ഉപദേശിച്ചാൽ കൊള്ളാമെന്നുണ്ടു. ലോകത്തിൽ മൂന്നുതരത്തിലുള്ള ജീവിതം നമുക്ക് സ്വായത്തമാണ്. ലോകവ്യവഹാരങ്ങളിൽ ഉൾപ്പെട്ടു ഏതെങ്കിലും ഒരു തൊഴിൽ സ്വീകരിച്ച് അതിൽനിന്നുള്ള അനുഭവംകൊണ്ടു കഴിഞ്ഞുകൂടുക, ഒരു തൊഴിൽ സ്വീകരിച്ചാൽ അതിൽനിന്നുണ്ടാവുന്ന ഫലത്തിൽനിന്നു തനിക്ക് അത്യാവശ്യം വേണ്ടത് എടുത്ത് ബാക്കി മററുള്ളവരുടെ ഉപജീവനത്തിന്നായി നീക്കിവെച്ച് കാലയാപനം ചെയ്ക, ലോകവുമായി യാതൊരു വിധത്തിലും ബന്ധപ്പെടാതെ അദ്ധ്യാത്മചിന്തയിൽ മുഴുകി നാൾ കഴിക്കുക, ഇങ്ങിനെ മൂന്നു വിധത്തിലാവാം. അതിൽ ആദ്യത്തേതുകൊണ്ട് തനിക്കും, തനിക്കു വേണ്ടപ്പെട്ടവർക്കുമല്ലാതെ മററുള്ളവർക്കു ഗുണമില്ലാത്തതുകൊണ്ട് അത് ആദരണീയമാണെന്നുപറഞ്ഞുകൂടാ. രണ്ടാമത്തേത് ഉൽകൃഷ്ടമായിട്ടുള്ളതാണെന്നുള്ളതിലേക്കു സംശയമില്ല. എന്തുകൊണ്ടെന്നാൽ പരാർത്ഥജീവിതംപോലെ വിശിഷ്ടമായി ലോകത്തിൽ വേറെ യാതൊന്നും തന്നെയില്ലെന്നാണ് സജ്ജനാഭിപ്രായം.

തന്നുടെയുദരത്തെ പൂരിപ്പാനശകാവിദൻ
മന്നിലില്ലൊരുത്തരുമെന്നതുഗുണമല്ല.
തന്നുടെജനനംകൊണ്ടന്യനാമൊരുത്തന്റെ
യുന്നതിവരുന്നാകിൽധന്യനശ്ശരീരവാൻ

എന്നുള്ള മഹാകവിവചനംതന്നെ നോക്കുക. മൂന്നാമത്തേത് സ്വാത്മനിവൃ്തിമാത്രം കാംക്ഷിക്കുന്ന ഒന്നാകയാൽ സ്വാത്ഥസ്പൎശമില്ലാത്തതാണെന്ന് പറഞ്ഞുകൂടാ. ലോകത്തിൽ ജനിച്ചനമുക്ക് അതിനോട്ടും ചില കടമകളുണ്ട്. അവതീൎത്തിനുശേഷം അദ്ധ്യാത്മചിന്തയിൽ ലയിക്കുന്നതാണ് പരമോദ്ദേശമായികരുതേണ്ടത്. താൻ ഏതൊരു സ്ഥാനത്തിരിക്കുന്നതായാലും പരോപകാരം ചെയ്യിരിക്കേണ്ടതാണെന്നുള്ള സംഗതി വിസ്മരിക്കരുത്. ദൈവത്തിൻെറ സന്താനങ്ങളായ നാം എല്ലാം ഒരുപോലെയാണ്. സൃഷ്ടിയിലുള്ള ഈഷൽഭേദംകൊണ്ട് എല്ലാവക്കും കാൎയ്യനിൎവ്വഹണപടുത്വം ഒരുപോലെയാവാറില്ലെന്നെ ഉള്ളു. പക്ഷെ സുഖദുഃഖങ്ങൾ എല്ലാവക്കും ഒരുപോലെതന്നെ. അപ്പോൾ പരസ്പരസഹായം അത്യാവശ്യമാണ്. "തന്നെപ്പോൽമററുള്ളവരെക്കൂടവെകാണുന്ന"ത് എല്ലാവരേയുംസൃഷ്ടിച്ച ഈശ്വരനെത്തന്നെ ആദരിക്കുന്നതിന്ന് തുല്യമാണല്ലൊ. അതുകൊണ്ട് പരോപകാരപരമായ ഒരു ജീവിതം ഈ ആശ്രമം വിട്ടുപോകുന്നവർ തുടരുന്നതായാൽ എനിക്ക് ചാരിതാൎത്ഥ്യതിന്ന് അവകാശമുണ്ടെന്ന് അവരെ ഞാൻ പ്രത്യേകം ഓൎമ്മപ്പെടുത്തിക്കൊള്ളുന്നു".

പ്രസംഗം അവസാനിച്ചതോടുകൂടി ഞാനും കുട്ടനും ഞങ്ങളുടെ യാത്രക്കുള്ള ഒരുക്കങ്ങൾ ചെയ്യാനായി മുറിയിലേക്കു മടങ്ങി. സ്വാമിയുടെ അരുളപ്പാട് ഭാവിയിൽ ഞങ്ങൾ ചെയ്യേണ്ടതിനെക്കുറിച്ച് ഒരു തീൎപ്പുണ്ടാക്കിത്തന്നുവെന്ന് ഞങ്ങൾക്ക് ബോദ്ധ്യമായി.

## 15-ാം അദ്ധ്യായം

### (ഇച്ഛാഭംഗം)

ഞാനുംകുട്ടനും പിറ്റെദിവസംതന്നെ എന്റെ വീട്ടിലേക്കുപോയി. അമ്മക്കു മുൻകൂട്ടി അറിവുകൊടുത്തിരുന്നതിനാൽ കാത്തിരിക്കുന്നുണ്ടായിരുന്നു. അശ്രമത്തിലെ വൎത്തമാനങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നസമയം ബദ്ധപ്പെട്ടുകൊണ്ട് ഒരാൾ ഞങ്ങളുടെ വീട്ടിലേക്ക് കയറിവന്നു. ആയാളുടെ വരവുകണ്ടപ്പോൾ എന്തോ ആപൽസൂചകമായ വൎത്തമാനംകൊണ്ടായിരിക്കണം ആയാൾ വരുന്നതെന്നു ഞാൻ ഊഹിച്ചു. ഉടനെ അയാൾ "ഭവാനി അമ്മയുടെ വീട്ടിൽനിന്നാണ് വരുന്നത്" എന്നു പറഞ്ഞു,

അമ്മ — എന്താ വിശേഷിച്ചൊന്നുമില്ലല്ലോ. അമ്മായിക്കും കുട്ടികൾക്കും സുഖംതന്നെയല്ലേ?

അയാൾ—സുഖവിരോധത്തിന് അല്പമൊന്നു സംഗതി ഇയ്യിടെ നടന്നിട്ടുണ്ട്.

അമ്മ—എന്താത്?

അയാൾ—കുഞ്ഞിശ്ശങ്കരമേനോനെ കാണാനില്ല. മിനിഞ്ഞാന്ന് രാവിലെ അവിടേനിന്നു പോയതാണ്. ഇതുവരെ യാതൊരു വിവരവും ഇല്ല. ഞാൻ അവിടത്തെ കുററിപ്രവൃത്തിക്കാരനാണ്. മിനിഞ്ഞാന്ന് ഒന്നുരണ്ടുദിക്കിലേക്ക് പോകേണമെന്ന് പറഞ്ഞു. ഞാൻ തെയ്യാറായിച്ചെന്നപ്പോൾ "ഞാൻതന്നെ

പൊയ്ക്കളയാം" എന്നു പറഞ്ഞു അവിടെ നിന്നിറങ്ങി. വൈകുന്നേരം മടങ്ങി വന്നില്ല. ഇന്നലെ ഞാൻ അവിടെ ചെന്നന്വേഷിച്ചു. അവിടെ നിന്ന് മിനിഞ്ഞാന്നുതന്നെ മടങ്ങി എന്നാണ് പറഞ്ഞത്. ഭവാനി അമ്മക്ക് വലിയ പരിഭ്രമമായിരിക്കുന്നു. ഇവിടെ വന്നിട്ടുണ്ടോ എന്നറിവാൻ വേണ്ടിയാണ് എന്നെ ഇങ്ങോട്ടേക്കയച്ചത്.

ഞാൻ—എന്താ വിശേഷിച്ച് വല്ലകാരണവുമുണ്ടായോ?

അയാൾ—ഒന്നും പറഞ്ഞുകേട്ടില്ല. നാലാന്നാൾ അമ്മയും മകനുമായി പിച്ചവിനെപ്പററിയെന്തോ പറഞ്ഞു അല്പം ഇടയുകയുണ്ടായി. അത് അത്രക്കുമാത്രമൊന്നുമില്ലതാനും. മിനിഞ്ഞാന്നു രാവിലെ അമ്മയോടു പറഞ്ഞിട്ടുതന്നെയാണ് പോയത്.

ഞാൻ—അമ്മെ! അമ്മായി വല്ലാതെ വ്യസനിക്കുന്നുണ്ടാവും. ഞാനവിടെയൊന്ന് പോയിവരാം.

അമ്മ—(വന്നആളോട്) നിങ്ങൾക്കു നാളെ പോയാൽ പോരെ. ഇന്ന് ഈ സന്ധ്യനേരത്ത് എങ്ങിനെ ആയാലും യാത്ര പുറപ്പെടേണ്ട. ദൂരം കുറച്ചല്ലല്ലോ ഉള്ളു. ദാസനും പോന്നോട്ടെ.

മേൽ വിവരിച്ച വർത്തമാനങ്ങൾ കേട്ടതോടുകൂടി എന്റെചിന്തയിൽ പലതും കടന്നുകൂടി. കുഞ്ഞിശ്ശങ്കരൻഒരു ശുണ്ഠിക്കാരനാണെന്ന് ഞങ്ങൾക്കെല്ലാവർക്കും അറിയാം.

പക്ഷെ അമ്മായിയുടെ ശാന്തസ്വഭാവം കണ്ടാൽ ആൎക്കും ശുണ്ഠിക്ക് അവകാശമുണ്ടാകുന്നതല്ല. അമ്മായിക്ക് ഒരു മകനേഉള്ളു. അവനേ മുഷിപ്പിക്കാൻ ഒരിക്കലും അമ്മായി ശ്രമിക്കുന്നതല്ല. പിന്നെ ഇങ്ങനെ വരുവാനായി സംഗതി എന്താണ് എനിക്ക് എത്ര ആലോചിച്ചിട്ടും അന്തം കിട്ടിയില്ല. ചെറുപ്പക്കാരുടെ ചാപല്യം വല്ലതും അവനെ ബാധിച്ചുവോ? അതോ നാട്ടിൽ യാതൊരു പ്രവൃത്തിയും ഇല്ലാതിരുന്ന് മടുത്തുവോ? പണി അന്വേഷിച്ച് പെനാങ്ക്, മലാക്കാ, സിങ്കപ്പൂർ എന്നീസ്ഥലങ്ങളിലേക്കെങ്ങാനും പോയിരിക്കുമോ? അതോ ഞങ്ങളെകാണുവാനായി ആശ്രമത്തിലേക്ക് വന്നിരിക്കുമോ? ആശ്രമത്തിൽചെല്ലുമ്പോൾ ഞാൻ ഇങ്ങോട്ടു പോന്നിട്ടുള്ള വിവരം അറിയുമല്ലോ. അപ്പോൾ ഇങ്ങോട്ടു വരാതിരിക്കയില്ല. അതുകൊണ്ട് ഇങ്ങോട്ടു വരുന്നുണ്ടോ എന്നറിഞ്ഞതിനു ശേഷം ഞാൻ അമ്മായിയെ കാണുവാൻ പോയാൽമതി. എന്റെ വിചാരഗതി ഈ ഘട്ടത്തിലെത്തിയപ്പോൾ അമ്മയോടുംകൂടി ആലോചിച്ചതിനുശേഷം തീൎച്ചയാക്കുന്നതാണ് നല്ലതെന്നു തോന്നി. അമ്മയോട് വിവരം പറഞ്ഞപ്പോൾ അങ്ങിനെതന്നെയാണ് നല്ലതെന്ന് അമ്മയും അഭിപ്രായപ്പെട്ടു. അതോടുകൂടിത്തന്നെ "ദാസാ! എനിക്ക് നിന്നോട് ചിലതൊക്കെ പറവാനുണ്ടു്. മുകളിലേക്കുവാ" എന്ന് പറഞ്ഞ് എന്നെ മുകളിലേക്കു വിളിച്ചു.

അമ്മ — ദാസാ നിൻെറ വിദ്ദ്യാഭ്യാസം ഇതോടുകൂടി അവസാനിപ്പിക്കയല്ലെ നല്ലത് നമുക്ക് സഹായത്തിന്നാരും ഇല്ലല്ലോ. നീ പത്തായപ്പുരമുകളിൽ പോയപ്പോൾ അമ്മാമൻ വല്ലതും പറഞ്ഞുവോ?

ഞാൻ — ഒന്നുമില്ല എൻെറ വേഷം കണ്ടിട്ട് എന്താ സന്യാസി മടങ്ങിപോന്നുവോ? എന്നാണ് ചോദിച്ചത്; "ഞാൻ സന്യാസിയൊന്നുമല്ല. അവിടെ ധരിച്ചിരുന്നവേഷം ഇവിടെയും ധരിച്ചുവെന്നേയുള്ളു" എന്നു മറുവടിയും പറഞ്ഞു ഇത്രമാത്രമെ ഉണ്ടായുള്ളു.

അമ്മ — അത്രയൊക്കെത്തന്നെ പറകയുണ്ടാവുള്ളു. ഇനി നമ്മുടെകാൎയ്യം നാം തന്നെ നോക്കണം. വല്ലതും പ്രവൃത്തി കിട്ടാൻ നോക്കണം. അതിന്നു പുറമെ ദാസൻെറ കുട്ടിത്തംവിട്ടു. ഇനി അധികം താമസിക്കാതെ നാണിക്കുട്ടിയെ ഇങ്ങോട്ടു കൊണ്ടുവരണോക്കു. അവളും നീയും കുട്ടിയായിരിക്കുമ്പോൾ തന്നെ ഞാനും അമ്മായിയും ഈ കാൎയ്യത്തെപ്പററി പറയുകയുണ്ടായിട്ടുണ്ട്.

ഞാൻ — അതിന്നൊന്നും ബദ്ധപ്പെടാറായില്ലല്ലോ.

അമ്മ — ഞാൻ പറയേണ്ടത് പറഞ്ഞു. ഇനി നിൻെറ ഇഷ്ടംപോലെ ആയിക്കൊ.

അമ്മ ഒടുവിൽ പറഞ്ഞ സംഗതി അതുവരെ അചഞ്ചലമായിനിന്നിരുന്ന എൻെറ മനസ്സിനെ ഇളക്കിവിട്ടു.

അമ്മായിയുടെ വീട്ടിലേക്ക് എന്റെ മനസ്സ് പോവാൻ തുടങ്ങീട്ട് കുറെ ദിവസമായെങ്കിലും ദേഹം അത്രതന്നെ ജാഗ്രതകാണിക്കുന്നില്ല. "നവയൌവനവുംവന്നു നാൾതോറും വളരുന്ന" സമയമാണ് നാണിക്കുട്ടിക്ക് കുട്ടിക്കളിയൊക്കെ മറന്ന് പുതിയ കാര്യങ്ങളിൽ മനസ്സ് പ്രവേശിക്കേണ്ട കാലമായി ഈ ദാസനെ മുമ്പിലത്തെ "ദാസേട്ട" നായിത്തന്നെ സ്വീകരിക്കുമോ എന്നതിനു തീർച്ചയുണ്ടോ? ഭാവം മറിച്ചാണെങ്കിൽ പരിഹാസ പാത്രമാവാനല്ലെ എളുപ്പം? ദാസന്റെ വർത്തമാനങ്ങളെല്ലാം അവിടെ ആദ്യമായറിയുന്നത് നാണിക്കുട്ടിയാണെന്ന് കുഞ്ഞിശ്ശങ്കരൻ പറഞ്ഞതിൽനിന്ന് മറിച്ചുവിചാരിക്കാൻ ന്യായമില്ലെങ്കിലും ബാല്യം യൌവനത്തിലേക്കു പകരുന്ന ഈ ഘട്ടത്തിൽ സന്ദർശനം സങ്കോചഹേതുവായിതിരുന്നു. ഏതുവിധമായാലും അമ്മായിയെ കാണേണ്ടതാണെന്നുള്ളകാര്യം മററു വിചാരങ്ങളെ തല്ക്കാലം അടക്കിനിർത്തി.

വന്ന ആൾ പിറേറദിവസംതന്നെ പോയി. രണ്ടു ദിവസംകഴിഞ്ഞു ഞാനും പുറപ്പെട്ടു. അമ്മായിയുടെ വീട് അടുക്കുന്തോറും കുഞ്ഞിശ്ശങ്കരന്റെ ഓർമ്മ അധികമായ് തുടങ്ങി. ആറേഴു കൊല്ലമായി കാണാതിരുന്ന ഞാൻ പിന്നീട് വന്നുചേന്നത് സുഖംകുറഞ്ഞഘട്ടത്തിലായല്ലോ എന്നൊരു കുണ്ഠിതവും എനിക്കുണ്ടായില്ലെന്നില്ല. ബന്ധുക്കളുടെ സഹായം അങ്ങിനെയുള്ള അവസരത്തിലാണല്ലോ ഉണ്ടാവേണ്ടത് എന്നു സമാധാനവും അപ്പോൾ തോന്നാ

തിരുന്നില്ല. നാണിക്കുട്ടിക്ക് കുട്ടിക്കാലത്തുണ്ടായിരുന്ന "ഓമനത്തം" എന്റെ ഹൃദയത്തിൽ പൂൎവ്വാധികം ശോഭയോടുകൂടി ഉദയംചെയ്തു വളൎന്നു വരുന്ന അവളുടെ രൂപാന്തരപ്രകൃതി എന്റെ മനോധൎമ്മത്തെ ആശ്രയിച്ച് പല പരിണാമദശകളും കൈക്കൊണ്ടു. യഥാൎത്ഥരൂപം പ്രത്യക്ഷമാവാൻ പോകുന്ന സംഗതി വിസ്മരിച്ച് സങ്കല്പരൂപങ്ങൾ നിൎമ്മിക്കുന്നതിൽ മനസ്സിന്ന് തല്ക്കാലം അധികം കൌതുകമുള്ളതായി തോന്നി. ദാസേട്ടനെ കാണുവാൻ ഉഴറിക്കൊണ്ടിരിക്കുന്ന അവളുടെ കണ്ണുകൾ ഓരോ കിളിവാതിൽകൂടേയും ഉഗ്രരശ്മികളെ എന്നെ എതിരേല്ക്കാനയക്കുന്നുണ്ടെന്ന് എന്റെ സങ്കല്പദൃഷ്ടി കാണുവാൻ തുടങ്ങി.

ഇങ്ങിനെ ഒരു വിധം എന്റെദേഹം അമ്മായിയുടെ വീട്ടിലെത്തി. തല്ക്കാലം ആരേയും പുറത്തു കണ്ടില്ല. എന്റെ കാഷായവസ്ത്രം അതുവരെ ആരെങ്കിലും പുറത്തുണ്ടായിരുന്നുവെങ്കിൽ അവരെ അകത്തേക്ക് ഓടിച്ചിരിക്കുമെന്ന് ഞാൻ ഊഹിച്ചു. വിട്ടുനിന്നിരുന്ന സഹവാസം പെട്ടെന്നടുക്കുവാൻ എന്നെ ധൈൎയ്യപ്പെടുത്തിയില്ല. ഇങ്ങിനെ അകത്തേക്കു കടക്കുവാൻ ഞാനും, പുറത്തേക്കു വരുവാൻ അകത്തുള്ളവരും, മടിച്ചുകൊണ്ട് ഏതാനും നിമിഷങ്ങൾ കഴിഞ്ഞു. ഞാൻ വന്നത് അറിഞ്ഞില്ലായിരിക്കുമോ എന്ന് സംശയിച്ച് ഉമ്മറവാതുക്കൽ വരെ ഞാൻചെന്നു. അപ്പോഴേക്ക് അമ്മായിയെത്തി; എന്താ-

അകത്തേക്കുകടക്കുവാൻ സംശയിക്കേണ്ട' എന്നു കുശലം ആരംഭിച്ചു. "ആശ്ചര്യം കാണാഞ്ഞപ്പോൾ മടിച്ചുവെന്നേ ഉള്ളൂ." എന്നുപറഞ്ഞ് ഞാൻ അകത്തേക്കു കടന്നതോടുകൂടി എന്റെ സങ്കല്പത്തിൽ അധിവാസമുറച്ച കോമളവിഗ്രഹവും മുകളിൽനിന്നു അവിടെ പ്രത്യക്ഷമായി. ആകൃതിവ്യത്യാസംകൊണ്ടും ഭാവചേഷ്ടകൾക്കു വന്നിട്ടുള്ള വ്യത്യാസം ബാല്യസഹജമായ സ്വാതന്ത്ര്യത്തോടുകൂടി ആ ഗൃഹലക്ഷ്മിയെ സംബോധനചെയ്യാൻ എന്നെ അനുവദിച്ചില്ല. ഒരു കടാക്ഷംകൊണ്ട് അനവധികാര്യങ്ങൾ എന്നെ മനസ്സിലാക്കി എന്റെ "നാണിക്കുട്ടി" അടുത്തുള്ള ഒരു മുറിയിലേക്ക് മറഞ്ഞു. ദാസേട്ടൻ എന്ന് എന്നെ വിളിക്കുവാൻ ആ അധരപല്ലവങ്ങൾ ചലിച്ചിട്ടുണ്ടാവേണമെന്ന് എനിക്ക് തോന്നിയത് എന്റെ ഭ്രമമായിരിക്കാം.

"ഈ വേഷംകണ്ട് നാണിക്കുട്ടിക്ക് ആളെ മനസ്സിലായോ ആവോ" എന്ന് അമ്മായി മൗനം ഭേദിച്ചു.

ഞാൻ—ഈ വേഷം പലരേയും തെററിദ്ധരിപ്പിക്കുന്നുണ്ട്. ആശ്രമജീവിതംകൊണ്ട് എനിക്ക് ഇതിൽ എന്തോ ഒരു താല്പര്യം ജനിച്ചുപോയി. അതുകൊണ്ട് ഇങ്ങിനെ ധരിച്ചുവെന്നേ ഉള്ളൂ— കുഞ്ഞിശ്ശങ്കരന്റെ വർത്തമാനം വല്ലതും അറിഞ്ഞോ?

അമ്മായി—ഇല്ല—ഒന്നിനുമാത്രം പോന്നില്ലേ. ഇനി അവനവന്റേടം കഴിക്കാമെന്നുള്ള ധൈര്യംകൊണ്ടു

ദപ്രായതായിരിക്കും. അടക്കയൊവുമ്പോൾ മടിയിൽ വെക്കാം-കവുങ്ങായാൽ പിന്നെഅതിനുതരമുണ്ടോ? അനുഭവിപ്പാൻ ഭാഗ്യം ഈയുള്ളവൾക്ക് ഇല്ലെന്നു ഇതിനു മുമ്പെതന്നെ ദൃഷ്ടാന്തമായില്ലെ? അതിലും മീതെയാണൊ ഇത്.

ഞാൻ—കുഞ്ഞിശ്ശങ്കരൻ അങ്ങിനെ ചാടാൻ വഴിയില്ല.

അമ്മായി—ഗ്രഹപ്പിഴക്ക് പോകുന്നതിന്റെ തലേദിവസം ഞാൻ കുറച്ച ദ്വേഷ്യപ്പെട്ടു. അങ്ങേവീട്ടിലേക്ക് രസംകൊള്ളാൻ ഇടക്കിടക്ക് പോവും—വല്ല ദുഷ്പേരിനും ഇടയായെങ്കിലോ എന്നുവിചാരിച്ച് ഞാൻ അന്ന് കുറച്ച പറഞ്ഞു. അത് അലോക്യമായൊ എന്ന് രൂപമില്ല.

ഞാൻ—ഏ! അത്ര അവതസ്സാരമില്ലാത്തവനല്ല കുഞ്ഞിശ്ശങ്കരൻ—ഞാനൊന്ന് തിരഞ്ഞു പുറപ്പെടാം.

അമ്മായി—കാൎയ്യങ്ങളൊന്നും ദാസനോട് പറയേണ്ടതില്ലല്ലോ. കുളിച്ച് ഊണു കഴിക്കു.

കുളി കഴിഞ്ഞു ഉണ്ണാനിരിക്കുമ്പോൾ "കാണേണ്ടതു" കണ്ടു എന്ന് എനിക്കു അഭിമാനിക്കത്തക്കവണ്ണം "നാണിക്കുട്ടി" വീണ്ടും പ്രത്യക്ഷമായി—കൂട്ടാൻ വിളമ്പാൻ വന്നു പരിഭ്രമത്തിൽ വിളമ്പുമ്പോൾ കുറച്ചു നിലത്തുവീണുപോയി. അതുകണ്ടു ഞാൻ—"ഏ,ന്താ ഇത്ര പേടി, ഞാൻ പഴയ ദാസേട്ടൻ തന്നെയാണ്"

എന്ന് അതുവരെ അടക്കിവെച്ചിരുന്ന വികാരത്തെ ഒന്ന് തുറന്നുവിട്ടു.

നാണി—മട്ടും മാതിരിയുംകണ്ടാൽ പഴയ ദാസേട്ടനാണെന്നു തോന്നുന്നില്ല;

ഞാൻ—അത് പുറമെയുള്ളതാണ്. അകത്തിന്നു അന്നും ഇന്നും യാതൊരു വ്യത്യാസവുമില്ല.

നാണി—അകത്തെ പ്രകൃതിമാററംതന്നെയാണ് ക്രമേണ പുറത്തും പ്രകാശിക്കുന്നത്.

ഇത്തരത്തിലുള്ള സംഭാഷണംകൊണ്ട ഊണിന്റെ ഗുണദോഷം ഞാനറിഞ്ഞിട്ടില്ലെന്നു പറയേണ്ടമെന്നില്ല; നാണിക്കുട്ടി വിളമ്പാൻ വന്നപ്പോൾതന്നെ എന്റെവയറു നിറഞ്ഞു. പിന്നെ ചോറിന്റെ മുമ്പിൽവെച്ച് കാണിച്ചത് വെറും ഉപചാരംമാത്രമായിരുന്നുവെന്നുപറഞ്ഞാൽ വായനക്കാർ വിശ്വസിക്കുമോആവോ?

ഊണ് കഴിഞ്ഞ് അമ്മായിയും ഞാനുംകൂടി പല വൎത്തമാനങ്ങളും പറഞ്ഞിരുന്നു. കുഞ്ഞിശ്ശങ്കരന്റെ കാൎയ്യത്തിൽ അന്നുതന്നെ പോല്ലീസ്സിൽ അറിവു കൊടുക്കാൻ തീൎച്ചപ്പെടുത്തി. അമ്മായി രാമായണം വായിക്കുവാനായി മുകളിലേക്കുപോയി. ആ സ്ഥലത്ത് നാണിക്കുട്ടി വരാൻ അധികം താമസംവേണ്ടിവന്നില്ല.

ഞാൻ—ചില വൎത്തമാനങ്ങൾചോദിക്കട്ടെ—ഈ ചോദ്യം മുകളിലേക്കോ മററോ പോകയാണെന്ന് ഭാവിച്ച നാണിക്കുട്ടിയെ നിൎത്തി.

നാണി—ചിലത് എനിക്കും ചോദിക്കാനുണ്ട്.

ഞാൻ—എന്താത്.

നാണി — കാവി വസ്ത്രം ഉടുത്താൽ ഒക്കെ ആയിയെന്നാണോ വിചാരം, അതൊക്കെ അതാത് പ്രായത്തിൽവേണം. സന്യസിച്ചുവോ? എന്നാൽ എനിക്കു സംസാരിപ്പാൻ പാടുണ്ടോ ?.

ഞാൻ — കന്യകമാക്കു സന്യാസിമാരോട് സംസാരിക്കാം. സുഭദ്രയുടേയും അജ്ജുനൻേറയും കഥ ഓർമ്മയില്ലേ?

നാണി — അജ്ജുനനെപ്പോലുള്ള സന്യാസിയാണോ ? എന്നാൽ സൂക്ഷിക്കണം. അജ്ജുനൻ സന്യാസിയാവാൻ ചില കാരണങ്ങളുണ്ടല്ലൊ — ദാസേട്ടന്ന് വല്ലതും ഉണ്ടോ ?

ഞാൻ—എൻേറ സുഭദ്രേ—അല്ല നാണിക്കുട്ടി—എനിക്കധീനയാവുന്ന കാൎയ്യത്തിൽ വല്ല പ്രതിബന്ധവും നേരിട്ടാലോ—

നാണി—അങ്ങിനെ വല്ല സുഭദ്രയും ഉണ്ടെങ്കിൽ അവരോടുതന്നെ ചോദിക്കണം. ആദ്യം മനുഷ്യാകൃതിയിൽ നടക്കു—എന്നാൽ ഒരു സുഭദ്രയും വെറുക്കില്ല.

ഞാൻ—നാണിക്കുട്ടിയും വേഷംകണ്ടു ഭ്രമിക്കുന്ന കൂട്ടത്തിലാണോ ?—പരോപകാരത്തിൻേറ മുദ്രയാണ് ഈ വേഷം. അതാണ് എൻേറ പരമോദ്ദേശവും.

നാണി — കപടത്തിൻേറയും ഒരു മുദ്രയാണ് ഇത്.

"വാൎദ്ധക്യേ മുനിവൃത്തീനാം" എന്നു പറഞ്ഞത് ചെറു

പ്പക്കാർ ഇങ്ങിനെ വേഷംകെട്ടി നടക്കാനാണോ?

ഞാൻ — ചെറുപ്പക്കാൎക്ക് ഈ വേഷം പാടില്ലെന്നുണ്ടോ?

നാണി — ചെറുപ്പക്കാൎക്ക് നരവന്നാൽ എത്രത്തോളം ആ

ഭാസമുണ്ടോ, അത്രത്തോളമുണ്ട് ഇതിലും. സന്യാ

സത്തിനെപ്പററി എനിക്ക് വലിയ ബഹുമാന

മാണ്. അത്രത്തോളം മനസ്സുറപ്പ് ദാസേട്ടന് വന്നി

ട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അങ്ങിനെ വരാ

ത്തവർ ഇങ്ങിനെ വേഷം കെട്ടുന്നത് പരിഹാസം

കൂടെ കൊള്ളാനാണ്.

ഞാൻ — എന്റെ മനസ്സുറപ്പ് ഇത്രക്ഷണം അളന്നു കണ

ക്കാക്കിയോ? ഞാനെന്തുവേഷം കെട്ടേണമെ

ന്നാണ് നാണിക്കുട്ടിയുടെമോഹം-അതു കേൾക്കട്ടെ.

നാണി — അതു തീച്ചയാക്കാൻ ഞാനാണെന്നു വരട്ടെ,

അപ്പോൾ പറഞ്ഞാൽ മതിയല്ലോ.

ഞാൻ — അതിൽ സംശയമുണ്ടെങ്കിൽ ഞാൻ ചോദി

ക്കുമോ —

അപ്പോഴേക്ക് അമ്മായി വന്നു. ഞങ്ങളുടെ സംഭാ

ഷണവും നിന്നു.

കുഞ്ഞിശ്ശങ്കരനെപ്പററി അന്വേഷണം നടത്താ

നായി ഞാൻ അന്നു വൈകുന്നേരംതന്നെ പുറപ്പെട്ടു.

ദാസേട്ടൻ എവിടെക്കെല്ലാം പോകുന്നുവോ അവിടു

ന്നെല്ലാം ഓരോ കത്ത് എഴുതേണമെന്ന് നാണിക്കുട്ടി മന്ത്രിച്ചു. അത് അവലംബമാക്കി ഞാൻയാത്രയും ആരംഭിച്ചു. കുട്ടൻ എൻെറ വീട്ടിലിരിപ്പുണ്ടായിരുന്നതിനാൽ നേരേ അങ്ങോട്ടാണ് പുറപ്പെട്ടത്. നാണിക്കുട്ടിയുടെ സംസാരത്തിൽനിന്നു എൻെറ ഉദ്ദേശങ്ങളെല്ലാം അവൾ ആദരിക്കുന്നില്ലെന്ന് ബോദ്ധ്യപ്പെട്ടുകയാൽ ഇച്ഛാഭംഗത്തിലേക്കുള്ളയാത്രയും ആരംഭിച്ചതായി എനിക്ക് തോന്നി. എൻെറ ജീവിതത്തിൽ ഒരു ഘട്ടവും ഇതോടുകൂടി അവസാനിച്ചതായി വിചാരിക്കാം.

Printed at the 'Caxton Press', Madras — 1930 (B)

Mb

B 88

17 DEC 1942